# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ടി.വി.എം/എം.എൽ/1158/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 14/07/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

സർ,

വിഷയം : ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, ത.സ്വ.ഭ.വ, (ഉ.പ.സ.)
2) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
3) ഡയറക്ടർ, നഗരകാര്യ വകുപ്പ് (ഉ.പ.സ.)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/ടി.വി.എം/എം.എൽ/1158/2022 തീയ്യതി: 14/07/2022

## തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 87 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 53 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 01-07-2022 | 11-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-07-2022 | 11-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. .എം.പ്രദീപ്. | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്വ. എസ്.കുമാരി. | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ. വിശ്വനാഥൻ.എസ്. | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. കവിത നായർ.ടി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2020 | 13-02-2021 |
| ഡോ. പ്രീത.എസ്. | മെഡിക്കൽ ഓഫീസർ- ആയുർവേദം | 14-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. വിനീത പുഷ്കരൻ | സൂപ്രണ്ട് - ഗവ. ഹോമിയോ ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീ. ബിജു.എം.എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.പുരുഷോത്തമൻ.എസ്. | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി ബിനി.സി. | കൃഷി ഫീൽഡ് ഓഫീസർ | 01-06-2020 | 10-06-2020 |
| ശ്രീ. പ്രഭ.വി,എൽ. | കൃഷി ഫീൽഡ് ഓഫീസർ | 11-06-2020 | 31-03-2021 |
| ശ്രീ. വിശ്വനാഥൻ.എസ്. | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. സൈജു.എ.വി. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. സോൺസുന്ദർ | പ്രോജക്റ്റ് ഓഫീസർ - നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 31-03-2021 |
| ശ്രീ. സന്തോഷ് ശിവാനന്ദൻ. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അജയകുമാർ.ബി. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. മുരളീധരൻ.എസ്. | എച്ച്.എം. ഗവ. ഹയർസെക്കന്ററി സ്കൂൾ | 01-04-2020 | 31-05-2020 |
| ശ്രീമതി ഗംഗാദേവി.ആർ. | എച്ച്.എം. ഗവ. ഹയർസെക്കന്ററി സ്കൂൾ | 01-06-2020 | 31-03-2021 |
| ശ്രീമതി സിനി.പി. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ജയദാസ്.ഡി. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 07-02-2021 |
| ശ്രീമതി സീന.എസ്. | അസിസ്റ്റൻറ് എഞ്ചിനീയർ | 08-02-2021 | 11-02-2021 |
| ശ്രീ. വിജയകുമാർ.ടി. | അസിസ്റ്റൻറ് എഞ്ചിനീയർ | 12-02-2021 | 26-02-2021 |
| ശ്രീമതി താജുന്നീസ ബീവി.എം. | അസിസ്റ്റൻറ് എഞ്ചിനീയർ | 27-02-2021 | 31-03-2021 |
| ശ്രീമതി ശ്രീരശ്മി.ടി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 26-11-2020 |
| ശ്രീമതി രെജി.വി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 27-11-2020 | 31-03-2021 |
| ഡോ. ജസ്റ്റിൻ ജോസ്.എസ്.ജെ. | സൂപ്രണ്ട് - താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീ. സുജയ് കുമാർ.സി. | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ | 01-04-2020 | 31-03-2021 |
| ഡോ.വിജയകുമാർ.വി.ബി. | മെഡിക്കൽ ഓഫീസർ - സിദ്ധ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Asst. Audit Officer, On 11-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 13-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Lekha.M.L (Asst. Audit Officer, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-2 |
| 3 | കളക്ഷനുവേണ്ടി ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ - പണമായി വന്നിട്ടില്ല.<br>Written By: Lekha.M.L (Asst. Audit Officer, On 11-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 11-07-2022) | 1-2-1 |
| 4 | നോൺ ഓപ്പറേറ്റിംഗ് ആയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Lekha.M.L (Asst. Audit Officer, On 11-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 13-07-2022) | 1-2-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Asst. Audit Officer, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-3 |
| 6 | മേഖലാടിസ്ഥാനത്തിലുള്ള ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Asst. Audit Officer, On 11-07-2022)<br>Last Updated By: Prasobhachandran R.S (Computer Assistant, On 14-07-2022) | 1-3-1 |
| 7 | 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.<br>Written By: Lekha.M.L (Asst. Audit Officer, On 11-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-3-2 |
| 8 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 10-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-4 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 08-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-5 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങളിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Praveen N.G (Asst. Audit Officer, On 11-07-2022) | 1-5-1 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും നൽകി.<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-5-2 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ-സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Praveen N.G (Asst. Audit Officer, On 10-07-2022) | 1-5-3 |
| 13 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Sarath J Sankar (Auditor, On 11-07-2022) | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 12-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-7 |
| 15 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 11-07-2022)<br>Last Updated By: Prasobhachandran R.S (Computer Assistant, On 14-07-2022) | 1-8 |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയില്ല.<br>Written By: Rekha C S (Senior Grade Auditor, On 11-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-07-2022) | 1-8-1 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 08-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 08-07-2022) | 1-9 |

| | | |
|---|---|---|
| 18 | വിതരണം ചെയ്ത ലൈബ്രറി പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല<br>Written By: Junaida Ahamed (Auditor, On 11-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-07-2022) | 1-10 |
| 19 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വ്യക്തതയില്ല<br>Written By: Rekha C S (Senior Grade Auditor, On 10-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-07-2022) | 1-11 |
| 20 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 10-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-07-2022) | 1-12 |
| 21 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 10-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 13-07-2022) | 1-13 |
| 22 | യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ ഈടാക്കിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 10-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 12-07-2022) | 1-14 |
| 23 | ആവശ്യമായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകി.<br>Written By: Rekha C S (Senior Grade Auditor, On 10-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 12-07-2022) | 1-15 |
| 24 | നായകളുടെ ലൈസൻസ് - നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 10-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-16 |
| 25 | ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-07-2022) | 1-17 |
| 26 | ലേല ഇനത്തിൽ വൻ തുക കുടിശ്ശിക<br>Written By: Rekha C S (Senior Grade Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-07-2022) | 1-18 |
| 27 | വർഷങ്ങളായി വാടക, ലേലം ഇനത്തിൽ കുടിശ്ശികയുള്ള തുക നാളിതുവരെ ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-07-2022) | 1-19 |
| 28 | പാഴ് വസ്തുക്കൾ ലേലം ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല<br>Written By: Rekha C S (Senior Grade Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-20 |
| 29 | രസീത് ബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ<br>Written By: Junaida Ahamed (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-21 |
| 30 | വസ്തു നികുതി - വിവിധ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-22 |
| 31 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-22-1 |
| 32 | കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-22-2 |
| 33 | വസ്തുനികുതി ഡിമാന്റ് ചെയ്യാതെ പിരിവ് നടത്തുന്നു<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-3 |
| 34 | കെട്ടിടങ്ങളുടെ വിവരം അസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-4 |
| 35 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടത്തിൽ ഉൾപ്പെടുത്തി ഇളവ് നൽകി.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-5 |
| 36 | ഷോപ്പിംഗ് മാളിന്റെ നികുതി തെറ്റായി നിർണയിച്ചു<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-6 |
| 37 | പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-7 |
| 38 | അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇളവ് നൽകി. | 1-22-8 |

| | | |
|---|---|---|
| | Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | |
| 39 | സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾക്ക് ഇളവ് രേഖപ്പെടുത്തിയതിൽ അപാകത.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-9 |
| 40 | നടപടി ക്രമം പാലിക്കാതെ കെട്ടിടങ്ങളുടെ വിവരങ്ങൾ നീക്കം ചെയ്തു.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-10 |
| 41 | റദ്ദാക്കിയ രസീതുകളിലെ തുകകൾ സഞ്ചയയിൽ കളക്ഷനിൽ ഉൾപ്പെടുന്നു<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-11 |
| 42 | ടെലഫോൺ ടവറിന്റെ വസ്തു നികുതി - കളക്ഷൻ രേഖപ്പെടുത്തുന്നതിൽ പിഴവ്<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-12 |
| 43 | പാർപ്പിടങ്ങൾക്ക് തെറ്റായ നികുതി ഇളവ് രേഖപ്പെടുത്തി<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-22-13 |
| 44 | സ്വകാര്യ ആശുപത്രികൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിച്ചു<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-14 |
| 45 | ടെലഫോൺ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-15 |
| 46 | നാളികേര വികസന കോർപ്പറേഷൻ ഓഫീസിന്റെ നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-16 |
| 47 | കെട്ടിടങ്ങളുടെ കാലപ്പഴക്കം - ഇളവ് രേഖപ്പെടുത്തുന്നതിൽ അപാകം<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-22-17 |
| 48 | അനധികൃത കെട്ടിടങ്ങളുടെ വിവരം സൂക്ഷിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-22-18 |
| 49 | തൊഴിൽ നികുതി-വിവിധ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-23 |
| 50 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-23-1 |
| 51 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-23-2 |
| 52 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-23-3 |
| 53 | വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-23-4 |
| 54 | ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-23-5 |
| 55 | വിനോദ നികുതി, പരസ്യ നികുതി - രേഖകൾ ഹാജരാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-24 |
| 56 | പി എം എ വൈ ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Lisha.K.V (Audit Officer, On 12-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-07-2022) | 1-25 |
| 57 | വെള്ളക്കരം സമയബന്ധിതമായി ഒടുക്ക് വരുത്തുന്നില്ല - പിഴപ്പലിശ ഇനത്തിൽ തുക ഒടുക്കുന്നു.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-26 |

| | | |
|---|---|---|
| 58 | പത്രപ്പരസ്യം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് കണക്കാക്കിയില്ല.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 13-07-2022) | 1-27 |
| 59 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-28 |
| 60 | മാലിന്യങ്ങൾ നീക്കം ചെയ്യൽ - മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 13-07-2022) | 1-29 |
| 61 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകളുടെ അഭാവത്തിൽ 260000/- രൂപ തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 14-07-2022) | 1-30 |
| 62 | മരങ്ങൾ മുറിച്ച് മാറ്റൽ-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-31 |
| 63 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നില്ല.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Sreedevi S (Senior Grade Auditor, On 13-07-2022) | 1-32 |
| 64 | ദേശീയ പെൻഷൻ പദ്ധതി - തുക സമയബന്ധിതമായി ഒടുക്ക് വരുത്തുന്നില്ല.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-33 |
| 65 | മുൻകുറുകൾ ക്രമീകരിക്കുന്നില്ല - പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-34 |
| 66 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നിയമനം നടത്തുന്നു.<br>Written By: Sarath J Sankar (Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-35 |
| 67 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Manesh.B.H (Audit Officer, On 10-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-36 |
| 68 | കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നതിനുള്ള നടപടികളുണ്ടാകണം.<br>Written By: Manesh.B.H (Audit Officer, On 10-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-37 |
| 69 | തുടർ വിദ്യാഭ്യാസ പദ്ധതി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Manesh.B.H (Audit Officer, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-38 |
| 70 | താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ - 15,69,100/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Prathap Kumar R (Audit Officer (HG), On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-39 |
| 71 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-40 |
| 72 | വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി -കലാ പരിശീലന വിവരങ്ങൾ ലഭ്യമല്ല<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-41 |
| 73 | തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ - മരുന്നുകൾ ലഭ്യമായില്ല<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-42 |
| 74 | ജെം മുഖേനെ ഫോട്ടോകോപ്പിയർ വാങ്ങൽ - രേഖകൾ ലഭ്യമല്ല<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 14-07-2022) | 1-43 |
| 75 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - ഫയലുകൾ ലഭ്യമാക്കിയില്ല- 1403809/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-44 |
| 76 | കമ്പ്യൂട്ടർ പർച്ചേയ്സ് - സ്റ്റോക്ക് വിവരം ലഭ്യമല്ല | 1-45 |

| | | |
|---|---|---|
| | Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | |
| 77 | ചലഞ്ച് ഫണ്ടിൽ തുക നീക്കിയിരിപ്പുണ്ടായിട്ടും ആയതിൽ നിന്നും യാതൊരു തുകയും ചെലവഴിക്കാതെ ഭക്ഷ്യ ധാന്യ വിതരണത്തിനായി വികസന ഫണ്ട് ഉപയോഗിച്ചു<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-46 |
| 78 | ഗാർഹിക കുടിവെള്ള കണക്ഷൻ - അധികം അനുവദിച്ച 18000 രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-47 |
| 79 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയിലുൾപ്പെടുത്തി മേൽക്കൂര മാറ്റലിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചു<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-48 |
| 80 | തെരുവ് വിളക്ക് വാങ്ങലും പരിപാലനവും- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Lisha.K.V (Audit Officer, On 11-07-2022)<br>Last Updated By: Prathap Kumar R (Audit Officer (HG), On 14-07-2022) | 1-49 |
| 81 | പ്ലാസ്റ്റിക് സംസ്കരണത്തിനായി വാങ്ങിയ മെഷീനറികൾ പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരത്തിനടിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ – 24,15,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-50 |
| 82 | കളക്ടേഴ്സ് അറ്റ് സ്കൂൾ- ശുചിത്വമിഷൻ നിർദ്ദേശത്തിനനുസൃതമായി ബിന്നുകൾ നിർമ്മിച്ചില്ല.<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 10-07-2022) | 1-51 |
| 83 | മുനിസിപ്പാലിറ്റിയിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ - നിബന്ധനകൾ പാലിച്ചിട്ടില്ല.<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-52 |
| 84 | നാപ്കിൻ ഇൻസിനറേറർ വാങ്ങൽ - ഉപയോഗിക്കാത്ത രണ്ട് ഇൻസിനറേറ്ററുകളുടെ വിലയായ 33,952/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-53 |
| 85 | കൊതുക് നിവാരണം ലാർവിസൈഡ്, സ്പ്രെയർ വാങ്ങൽ പദ്ധതി -ടെണ്ടർ നിബന്ധനകൾ പാലിച്ചില്ല.<br>Written By: Praveen N.G (Asst. Audit Officer, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-54 |
| 86 | അലോപ്പതി സബ് സെന്റർ നിർമ്മാണം വൈകുന്നു<br>Written By: Prathap Kumar R (Audit Officer (HG), On 11-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-07-2022) | 1-55 |
| 87 | കൊതുക് നിവാരണം ലാർവിസൈഡ്, സ്പ്രെയർ വാങ്ങൽ-വാങ്ങൽ നടപടികൾ, വിതരണം എന്നിവ സംബന്ധിച്ച കൃത്യമായ വിവരം ഇല്ല.<br>Written By: Praveen N.G (Asst. Audit Officer, On 12-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-56 |
| 88 | മുനിസിപ്പൽ ടൗൺഹാൾ നിർമ്മാണം പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസ്സം-ലോൺ തുകയ്ക്ക് പലിശ ഒടുക്കാൻ വൻ തുക ചെലവഴിക്കേണ്ടി വരുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 12-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-57 |
| 89 | സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നു - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-58 |
| 90 | ജലസംരക്ഷണം കുളങ്ങൾ നവീകരിക്കൽ- പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Suresh Babu B (Senior Grade Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-59 |
| 91 | ആർ.എം.എസ്.എ ഫണ്ട് വകയിരുത്തിയുള്ള സ്കൂൾ പുനരുദ്ധാരണ പ്രവൃത്തികൾ- പൂർണ്ണമായ ചെലവ് സംബന്ധിച്ച് വ്യക്തതയില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 11-07-2022) | 1-60 |

| | | |
|---|---|---|
| | Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | |
| 92 | റോഡ്പ്രവൃത്തികൾ-പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 11-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 1-61 |
| 93 | വീട് വാസയോഗ്യമാക്കൽ പദ്ധതി - നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Swapna.S (Senior Grade Auditor, On 10-07-2022)<br>Last Updated By: Prathap Kumar R (Audit Officer (HG), On 14-07-2022) | 1-62 |
| 94 | കിണർ പുനരുദ്ധാരണം - രേഖകൾ ലഭ്യമാക്കാത്തതിനാൽ 18000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Swapna.S (Senior Grade Auditor, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-63 |
| 95 | പൈപ്പ് കണക്ഷൻ - ഫയൽ പൂർണമല്ല.<br>Written By: Swapna.S (Senior Grade Auditor, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-64 |
| 96 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ പദ്ധതി - കട്ടിൽ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല-130484/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Swapna.S (Senior Grade Auditor, On 10-07-2022)<br>Last Updated By: Prathap Kumar R (Audit Officer (HG), On 14-07-2022) | 1-65 |
| 97 | പഠനമുറി (എസ് സി പി) - നിർമ്മാണം പൂർത്തിയാക്കിയില്ല.<br>Written By: Swapna.S (Senior Grade Auditor, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-66 |
| 98 | ABC പ്രോഗ്രാം - വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 147000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Swapna.S (Senior Grade Auditor, On 10-07-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-07-2022) | 1-67 |
| 99 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ - വിതരണ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Swapna.S (Senior Grade Auditor, On 10-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-68 |
| 100 | മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി- 2612/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-69 |
| 101 | എസ്റ്റിമേറ്റ് പ്രകാരം തെറ്റായ നിരക്ക് നൽകി പ്രവൃത്തി നിർവ്വഹിച്ചു-1434/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-70 |
| 102 | ഓട നിർമ്മാണത്തിനു പ്ലാസ്റ്ററിംഗ് നൽകിയതുവഴി അധിക ചെലവുണ്ടായി-15,910 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-71 |
| 103 | റൂഫിംഗ് പ്രവൃത്തിയിൽ കരാറിൽ നിന്നും വ്യത്യസ്തമായി GI റൂഫിംഗ് ഷീറ്റ് ഉപയോഗിച്ചു - 6,46,955/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-72 |
| 104 | Steel Work പ്രവൃത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി- 1037/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-73 |
| 105 | ടാറിംഗ് പ്രവൃത്തിയിൽ ടാർ ബിൽ ഉൾപ്പെടുത്തിയില്ല- 8,49,055/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 1-74 |
| 106 | ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല - 32,87,762/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-07-2022) | 1-75 |

| | | |
|---|---|---|
| 107 | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വനിതാ ക്യാന്റീൻ തുറന്ന്പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 11-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 13-07-2022) | 1-76 |
| | ഭാഗം **2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 12-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 2-1 |
| | ഭാഗം **3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 12-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 07-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 07-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 07-07-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 14-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 08-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 07-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 08-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 08-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: Manesh.B.H (Audit Officer, On 07-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 12-07-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 14-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 07-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 14-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 17.03.2020 ലെ1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 31517111/- രൂപയും, പ്രതീക്ഷിത വരുമാനം 413948270/-രൂപയും ചേർത്ത് ആകെ വരവ് 445465381/- രൂപയും ആകെ ചെലവ് 409167949/-രൂപയും നീക്കിബാക്കി 36297432/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 23.02.2021 ലെ 10(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് 89003720/- രൂപയും വരവ് 377771127/-രൂപയും ചേർത്ത് ആകെ വരവ് 466774847/-രൂപയും ചെലവ് 364120941/-രൂപയും 102653906/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.07.2021 |

I. Online Submit ചെയ്ത 2020-21 ലെ വാർഷികധനകാര്യ പത്രികയിലെ വിവരങ്ങളും, ഓഡിറ്റ് കാര്യാലയത്തിൽ സമർപ്പിച്ച ഹാർഡ്കോപ്പിയിലെ വിവരങ്ങളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. ഹാർഡ് കോപ്പിയിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

II. വാർഷിക ധനകാര്യപത്രിക -അപാകതകൾ

1. വാർഷിക ധനകാര്യപത്രിക B1 ഷെഡ്യൂളിൽ Excess Of Income Over Expenditure (-) 3369037.45 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

2. Depreciation വിവരങ്ങൾ I- 17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ചുവടെ ചേർത്തിട്ടുള്ള വരവ് ഇനങ്ങളിൽ ഡിമാന്റ് ഉള്ള ഇനങ്ങളുടെ കറന്റ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് , അരിയർ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് കളക്ഷൻ എന്നിവയും ഡിമാന്റ് ഇല്ലാത്തവയുടെ കളക്ഷൻ എന്നിവ രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

   A. D&O Licence

   B. Property Tax

   C. Rental Income

   D. Auction

   E. Profession Tax

   F. Building Permit

   G. Entertainment Tax

4. 20-21ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ സംക്ഷിപ്തം അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടില്ല. പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.

5. R&P ഷെഡ്യൂൾ RP-33 ൽ 21278676/- പ്രകാരം രൂപ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ആധികാരികത പരിശോധിക്കാൻ 20-21 വർഷം നല്കിയ പാർട്ട് ബില്ലുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

6.ബാലൻസ്ഷീറ്റ് B7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

7. ബാലൻസ്ഷീറ്റ് B4 ഷെഡ്യൂളിൽ 320809800 ഹെഡിൽ Donations To Floodശീർഷകത്തിൽ 77298/- രൂപ നിലനില്ക്കുന്നു.

8. B9-350800100 ഹെഡിൽ Liability In Respect Of Stale Cheques(179450/-) സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. ലോൺരജിസ്റ്റർ പ്രകാരം Loan From Bank തൻവർഷം തിരിച്ചടവ് മുതൽ തുക 388981/- രൂപയും പലിശ 1386996/- രൂപയുമാണ്. എന്നാൽ AFS ൽ RP-13 ൽ Interest On Loan From Banks 240500100 ഹെഡിൽ 992685/- രൂപ പലിശ തിരിച്ചടവായി രേഖപ്പെടുത്തിയിരിക്കുന്നു. മുതൽ അടവ്, Loan From Bank RP-25 ൽ 330500100 ഹെഡിൽ 783292/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. പലിശ ഹെഡിൽ വരേണ്ട 394311/- രൂപ മുതലിൽ ചേർത്ത് അക്കൌണ്ട് ചെയ്തിരിക്കുന്നു. അപാകതകൾ പരിഹരിച്ച് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

10. പരസ്യ നികുതി, വിനോദ നികുതി എന്നിവയുടെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റ്, കളക്ഷൻ, ബാലൻസുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

രേഖകൾ ഹാജരാക്കാനും അതോടൊപ്പം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( No-20, 4.7.22) അപാകതകൾ 21-22 വർഷത്തെ AFS തയ്യാറാക്കുമ്പോൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

ന്യൂനതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-2-1 കളക്ഷനുവേണ്ടി ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ - പണമായി വന്നിട്ടില്ല.

എസ് ബി ഐ തനത് ഫണ്ട് അക്കൌണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നഗരസഭ കളക്ഷനവേണ്ടി ബാങ്കിൽ നിക്ഷേപിച്ച ചുവടെ ചേർക്കുന്ന ചെക്കുകൾ ഇതുവരെ നഗരസഭയുടെ അക്കൌണ്ടിൽ പണമായി വന്നിട്ടില്ല. വിശദവിവരം

| ക്രമ നം. | വൌച്ചർ നമ്പർ | വൌച്ചർ തീയതി | ചെക്ക് നമ്പർ, തീയതി | തുക | വിശദാംശം |
|---|---|---|---|---|---|
| 1 | 11001500100 | 7.10.10 | 058252/6.10.2010 | 6450/- | Ferryman ,Charge |
| 2 | 118010900028 | 29.10.2018 | U0000005122880/26.10.18 | 8024/- | 17/50, 51,52,53 |
| 3 | 119010900020 | 19.9.2019 | U700317442/14.8.2019 | 1000/- | PT Expense Paid |
| 4 | 119010900057 | 11.3.20 | U000760681766/6.2.2020 | 1250/- | PT 19-20 II Half Paid |
| 5 | 119010900024 | 28.10.19 | U00000007272480/19.10.19 | 8024/- | 18/50,51,52 |
| 7. | 120010500133 | 28.10.20 | 312621/22.10.20 | 31860 | Rent On Shop 2019 February,2020 February |
| 8 | 120010500077 | 23.9.20 | 158105/14.9.20 | 2370 | PT Paid 20-21 First Half |

മേൽ സൂചിപ്പിച്ചിട്ടുള്ള ബാങ്കിൽ നിക്ഷേപിച്ച ചെക്കുകളിൽ ക്ലിയർ ചെയ്യാത്ത ചെക്കുകൾ സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ നഗരസഭ സ്വീകരിച്ച നടപടിയും ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 65/8.7.22) മേൽ ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് മറുപടി നല്കുന്നതാണെന്ന് അറിയിച്ചു.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-2-2 നോൺ ഓപ്പറേറ്റിംഗ് ആയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

RP 40b യിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ നോൺ ഓപ്പറേറ്റിംഗ് ആയ അക്കൗണ്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് ആരംഭിച്ച തീയതി | അവസാന ഇടപാട് നടന്ന തീയതി | അവസാന ഇടപാട് നടക്കുമ്പോൾ അക്കൗണ്ടിൽ ഉള്ള തുക (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|---|
| 1 | SBI-EIUS | 18.02.2011 | 31.03.2012 | 4,52,068 |
| 2. | Union Bank-IDSMT | 13.01.2004 | 08.01.2010 | 2,54,571 |
| 3 | Bank Of India-IDSMT | 31.07.1981 | 01.02.2012 | 11,368 |
| 4 | IOB-IDSMT | 09.11.2006 | 25.01.2012 | 4,09,222 |
| 5 | IOB-SJSRY | 11.03.2004 | 21.05.2015 | 2,05,246 |
| 6 | IOB-IHSDP | 02.02.2007 | 26.08.2020 | 11,91,632 |

മേൽ ചേർത്തിട്ടുള്ള എല്ലാ അക്കൗണ്ടുകളിലും വർഷങ്ങളായി ഇടപാട് ഇല്ലാതെ വലിയ തുകകൾ അവശേഷിക്കുന്നു. നിലവിൽ സേവിംഗ്സ് അക്കൗണ്ടിന്റെ പലിശ കൂടി ചേർന്ന് വരുന്ന തുക അക്കൗണ്ടുകളിൽ അവശേഷിക്കുന്നു. ഇടപാട് ഇല്ലാത്തതിനാൽ ബാങ്ക് പിഴയായി ചാർജ്ജ് ഈടാക്കുന്നുമുണ്ട്. ഇത്തരത്തിൽ തുകകൾ ബാങ്കിൽ അവശേഷിക്കുമ്പോൾ അതിൽ നിന്നും നഗരസഭയ്ക്ക് യാതൊരു വരുമാനവും ലഭിക്കുന്നില്ല. അതിനാൽ നോൺ ഓപ്പറേറ്റിംഗ് ആയ അക്കൗണ്ടുകൾ അവസാനിപ്പിച്ച് ബാലൻസ് തുക കൗൺസിൽ തീരുമാനത്തിന് വിധേയമായി അതാത് ഉറവിടത്തിൽ തിരിച്ചടയ്ക്കുകയോ ഉചിതമായ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ട്രാൻസ്ഫർ ചെയ്യാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ബജറ്റ് പ്രകാരമുള്ള തുക | നഗരസഭയ്ക്ക് നേരിട്ട് അനുവദിച്ച തുക (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | എസിആർ പ്രകാരം വരവ് | ചെലവ് (എ.സി.ആർ പ്രകാരം) | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം -Source Deduction, 19-20 Queue Bill ഉൾപ്പെടെ) | നീക്കിയിരിപ്പ്, ചെലവ് ശതമാനം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് (എ.സി.ആർ. പ്രകാരം) |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 40983000 | 39046133 | 39046133 | 34448702 | 36237691 | 2808442 (92.80%) | 4597431 |
| വികസനഫണ്ട് SCP | 0 | 16298000 | 16298000 | 16298000 | 11821913 | 11821913 | 4476087 (72.53%) | 4476087 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 9538000 | 9441530 | 9441530 | 9223144 | 8723144 | 718386 (92.39%) | 218386 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 36867000 | 36867000 | 36867000 | 32203983 | 32203983 | 4663017 (87.35%) | 4663017 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(tied) | 0 | 22930000 | 22930000 | 22930000 | 8230732 | 8230732 | 14699268 (35.89%) | 14699268 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | | 22930000 | 58060338 | 58060338 | 28480991 | 28480991 | 29579347 (49.05%) | 29579347 |

മെയിന്റനൻസ് ഫണ്ട് നോൺ റോഡിന്റെ വരവ് ചെലവുകൾ AFS , ACR എന്നിവ പ്രകാരം 9223144/-രൂപയും സുലേഖ പത്രിക പ്രകാരം 8723144/- രൂപയും ആണ്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-3-1 മേഖലാടിസ്ഥാനത്തിലുള്ള ഗ്രാന്റ് വിനിയോഗം

| വിഭാഗം | | പൊതു വിഭാഗം ജനറൽ | ചെലവ് ശത മാനം | എസ് സി പി | ചെലവ് ശത മാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സുലേഖ പ്രകാരം) | ചെലവ് ശതമാനം (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | മെയിന്റ നൻസ് ഗ്രാന്റ് റോഡ് (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | മെയിന്റ നൻസ് ഗ്രാന്റ് റോഡ് (സുലേഖ പ്രകാരം) | ചെലവ് ശതമാനം (ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) | മെയിന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 7839395 | | 0 | | 0 | | | 0 | | | 540000 | |
| | ചെലവ് | 5916154 | 75.46% | 0 | | 0 | | | 0 | | | 540000 | 100% |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 36934389 | | 0 | | 28454464 | | | 0 | | | 8403244 | |
| | ചെലവ് | 28621783 | 77.49% | 0 | | 23043800 | | 80.98% | 0 | | | 7536189 | 89.68% |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 4526725 | | 0 | | 24068262 | 24068262 | | 46839868 | 46839868 | | 2450830 | |
| | ചെലവ് (*) | 1799754 | 39.75% | 0 | | 0 | 0 | 0% | 0 | 0 | 0% | 646955 | 26.39% |
| പട്ടിക ജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 67650 | | 0 | | | 0 | | | 0 | |
| | ചെലവ് | 0 | | 27225 | 40.24% | 0 | | | 0 | | | 0 | 0% |
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 18303077 | | 0 | | | 0 | | | 0 | |
| | ചെലവ് | 0 | | 11794688 | 64.44% | 0 | | | 0 | | | 0 | |
| പട്ടിക ജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | 0 | | 0 | | 0 | | | 0 | | | 0 | |
| | ചെലവ് | 0 | | 0 | | 0 | | | 0 | | | 0 | |

(*)- ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റും സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ വികസനഫണ്ട് ജനറൽ , മെയിന്റനൻസ് നോൺറോഡ് എന്നീ ഗ്രാന്റുകളുടെ ചെലവ് യഥാക്രമം 39.75%, 26.39% എന്നിങ്ങനെയും പട്ടിക ജാതി വിഭാഗം ഉല്പാദന മേഖലയിൽ എസ് സി പി ഫണ്ട് 40.24% എന്നിങ്ങനെയുമാണ് ചെലവ് നടന്നിട്ടുള്ളത്.

ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3-2 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.

| ക്രമ നമ്പർ | പ്രത്യേക പദ്ധതി/മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | നഗരസഭ വകയിരുത്തിയ തുക (സുലേഖ പ്രകാരം) | ചെലവ് | ചെലവ്% |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 40983000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുക | 32786400 | 49300509 | 36237691 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% ഉൾപ്പെടെയുള്ള ചെലവ്) | 73.50% |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 40983000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുകയുടെ 10% | 3278640 | 7839395 | 5916154 | 75.46% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം ,ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 40983000 ന്റെ 15% | 0 | | | |
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ്,സി പി തുകകളുടെ 20%(57281000x20%) | 11456200 | 28666667 | 21482658 | 74.93% |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (40983000 X 20%) | 8196600 | 17116667 | 13912658 | 81.28% |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 10% (49084400x 10%) | 4908440 | 5708475 | 1644187 | 28.80% |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ | പട്ടിക 3ക്രമ നമ്പർ 1പ്രകാരമുള്ള തുകയുടേയും | 2454220 | 2700000 | 1104137 | 40.89% |

| | | | | | | |
|---|---|---|---|---|---|---|
| | എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | എസ്,സി പി തുകയുടേയും 5% (49084400x 5%) | | | | |
| 8. | വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3ക്രമ നമ്പർ 1പ്രകാരമുള്ള തുകയുടേയും എസ്,സി പി തുകയുടേയും 5% (49084400x 5%) | 2454220 | 3792153 | 2587435 | 68.23% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം- പശ്ചാത്തലം | പട്ടിക 3 ക്രമ നം 1പ്രകാരമുള്ള തുക 32786400 ന്റെ 50% | 16393200 (വകയിരുത്താവുന്ന കൂടിയ തുക) | 4526725 | 1799754 | 39.75% |
| 10 | പട്ടികജാതി ഉപ പദ്ധതി- പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30% (16298000x30%) | 4889400 (വകയിരുത്താവുന്ന കൂടിയ തുക) | 0 | 0 | 0% |
| 11 | പട്ടികജാതി ഉപ പദ്ധതി- പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 0 | 0 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

| ക്രമ നമ്പർ | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാര വിതരണം | 3000000 | 3000000 | 100% |
| 2 | എസ് എസ് എ | 1594706 | 1594706 | 100% |
| 3 | പാലിയേറ്റീവ് കെയർ | 1514803 | 1360716 | 89.82% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 1666600 | 1617000 | 97.02% |
| 5 | പി എം എ വൈ ക്ക് അധിക വിഹിതം | 0 | 0 | - |
| 6 | ആശ്രയ പ്രോജക്ട് | 100000 | 85769 | 85.76% |
| 7 | ഐ കെ എം വിഹിതം | 274155 | 274155 | 100% |

## 1-4 പദ്ധതി അവലോകനം

എ)പ്രോജക്ട് നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ (ഉ.വി. ഒഴികെ) | ചെലവ് | ശതമാനം |
| I | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 0 | 100 | 800000 | 800000 | 100 |
| Ii | സൂപ്രണ്ട് - ഗവ. ഹോമിയോ ആശുപത്രി | 4 | 4 | 0 | 100 | 977125 | 922400 | 94 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Iii | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1 | 0 | 800000 | 0 | 0 |
| Iv | കൃഷി ഫീൽഡ് ഓഫീസർ | 11 | 11 | 0 | 100 | 4061205 | 3587964 | 88 |
| V | സെക്രട്ടറി | 24 | 21 | 3 | 88 | 10231858 | 7139145 | 70 |
| Vi | വെറ്റിനറി സർജൻ | 8 | 8 | 0 | 100 | 1864900 | 1244475 | 67 |
| Vii | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ | 5 | 5 | 0 | 100 | 2220940 | 1650940 | 74 |
| Viii | പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 10 | 8 | 2 | 80 | 36330000 | 19359760 | 53 |
| Ix | പട്ടികജാതി വികസന ഓഫീസർ | 7 | 7 | 0 | 100 | 11532754 | 5689688 | 49 |
| X | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 23 | 16 | 7 | 70 | 15116132 | 10874908 | 72 |
| Xi | മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി | 4 | 4 | 0 | 100 | 4314803 | 4121416 | 96 |
| Xii | ഹെഡ് മാസ്റ്റർ – ഗവ. ഹൈസ്കൂൾ | 9 | 9 | 0 | 100 | 2711206 | 2610376 | 96 |
| Xiii | മുനിസിപ്പൽ എഞ്ചിനീയർ | 9 | 6 | 3 | 67 | 28602788 | 13192072 | 46 |
| Xiv | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 7 | 6 | 54 | 8398600 | 6892000 | 82 |
| Xv | അസിസ്റ്റന്റ് എഞ്ചിനീയർ | 143 | 104 | 39 | 73 | 77335685 | 47424322 | 61 |
| Xvi | മെഡിക്കൽ ഓഫീസർ - സിദ്ധ | 2 | 2 | 0 | 100 | 1039680 | 1038988 | 99 |
| ആകെ | | 275 | 214 | 61 | 78 | 205837676 | 126548454 | 61 |

1)ആകെ വകയിരുത്തിയ ഫണ്ടിന്റെ 61ശതമാനം മാത്രം ചെലവഴിച്ചു.

2) ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ 800000 രൂപ അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയ പ്രോജക്ട് (SO040/21 – ലീപ് പദ്ധതി - അക്ഷയ സെന്റർ) നടപ്പാക്കിയില്ല.

3)പട്ടികജാതി വികസന ഓഫീസർ അംഗീകാരം വാങ്ങിയ 7 പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും വകയിരുത്തിയ ഫണ്ടിന്റെ 49 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

4)ഐ.സി.ഡി.എസ്. സൂപ്പർവൈസർ അംഗീകാരം വാങ്ങിയ 13 പ്രോജക്ടുകളിൽ 6 എണ്ണം നടപ്പാക്കിയില്ല.

5)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 39 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | SO294/21 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - ലൈഫ് | പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| Ii | SO296/21 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - ലൈഫ് | പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന |

| | | | |
|---|---|---|---|
| | | | സെൽ |
| Iii | SO196/21 | വാർഡുകളിൽ എയ്റോബിൻ സ്ഥാപിക്കൽ | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |
| Iv | SO239/21 | ഗവ. ഹൈസ്കൂൾ അവനവഞ്ചേരിയിൽ ആർ.എം.എസ്.എ.ഫണ്ട് ഉപയോഗിച്ചുള്ള ക്ലാസ് റൂം നിർമ്മാണം | മുനിസിപ്പൽ എഞ്ചിനീയർ |

അസിസ്റ്റന്റ് എഞ്ചീനിയർ സ്പിൽ ഓവാറായി അംഗീകാരം വാങ്ങിയ 12 മരാമത്ത് പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 10/04.07.2022)

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

I)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

Ii)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.(ഓഡിറ്റ് റിക്വിസിഷൻ നമ്പർ 01/04.07.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു).

വികസന സെമിനാർ

20-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന വികസന സെമിനാറിന്റെ മിനിട്സ് ലഭ്യമാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

2020-21വർഷത്തേക്ക് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല(ഓഡിറ്റ് എൻക്വയറി നമ്പർ 36/06.07.2022ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | കുടിവെള്ളം ശുചിത്വം | അതീവ ഗുരുതരം | കുടിവെള്ളകുറവ് |
| Ii | ആരോഗ്യം ഹോമിയോപ്പതിയും ആയുർവേദവും - | ഗുരുതരം | ആശുപത്രിയുടെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ കാട് പിടിച്ച് ഇഴജന്തുക്കളുടെയും മറ്റ് ജീവികളുടെയും ഉപദ്രവങ്ങൾ ഉണ്ടാകുന്നു |
| Iii | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | വാസയോഗ്യമല്ലാത്ത വീടുകൾ |

| | | | |
|---|---|---|---|
| Iv | പൊതുഭരണവും ധനകാര്യവും | ഗുരുതരം | നഗരസഭ ഓഫീസിന്റെ സ്ഥലപരിമിതി |
| V | പ്രാദേശിക സാമ്പത്തിക വികസനം | അതീവ ഗുരുതരം | വ്യവസായ സംരഭങ്ങൾക്ക് ലഭ്യമായ സ്ഥലപരിമിതി |
| Vi | ശുചിത്വം മാലിന്യ സംസ്കരണം | അതീവ ഗുരുതരം | നഗരപ്രദേശത്ത് പുറത്ത് നിന്നുള്ളവർ ഉൾപ്പെടെ, മാലിന്യങ്ങൾ പല സ്ഥലങ്ങളിലായി വലിച്ചെറിയുന്നു. |

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82320 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 1733800 | 100 |
| വിധവാപെൻഷൻ | 23607400 | 1565 |
| വാർദ്ധക്യകാലപെൻഷൻ | 42609800 | 2999 |
| വികലാംഗപെൻഷൻ | 4885800 | 328 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം * | 30000 | 1 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1178600 | 78 |

*പ്രസ്തുത ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങളിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ, പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനുള്ളിൽ തന്നെ അപേക്ഷ തീർപ്പാക്കിയതിന്റെ വിവരം, പെൻഷൻ ഗുണഭോക്താക്കളുടെ അർഹത മുതലായ വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 70/08.07.2022) 1.4.2022 മുതൽ രജിസ്ററർ എഴുതി സൂക്ഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന് ആവശ്യമായ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും നൽകി.

മുനിസിപ്പാലിറ്റി ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | കൃഷ്ണൻകുട്ടിനായർ | 101730201496 | വാർദ്ധക്യകാലം | 16.12.20 | സസ്പെൻഡ് | 01/21മുതൽ 3/21വരെ 1500×3=4500 | 6000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 04/21=1500 | |
| 2 | നബീസാബീവി | 101730200495 | വാർദ്ധക്യകാലം | 3.2.21 | ആക്ടീവ് | 03/21=1500<br>04/21മുതൽ 06/22 വരെ<br>1600×15=24000 | 25500 |
| 3 | കമല | 101730200819 | വാർദ്ധക്യകാലം | 10.10.20 | ആക്ടീവ് | 11/20മുതൽ 03/21 വരെ<br>1500×5=7500<br>04/21മുതൽ 06/22 വരെ<br>1600×15=24000 | 31500 |
| 4 | പ്രകാശ് | 101730203884 | വാർദ്ധക്യകാലം | 29.1.21 | ആക്ടീവ് | 02/21മുതൽ 03/21 വരെ<br>1500×2=3000<br>04/21മുതൽ 06/22 വരെ<br>1600×15=24000 | 27000 |
| 5 | വസുമതി | 101730201037 | വാർദ്ധക്യകാലം | 18.3.21 | ആക്ടീവ് | 04/21മുതൽ 06/22 വരെ<br>1600×15=24000 | 24000 |
| 6 | രാജശേഖരൻ നായർ | 101730202284 | വാർദ്ധക്യകാലം | 1.6.20 | ആക്ടീവ് | 07/20മുതൽ 08/20 വരെ<br>1300×2=2600<br>09/20മുതൽ 12/20 വരെ<br>1400×4=5600<br>01/21മുതൽ 03/21 വരെ<br>1500×3=4500<br>04/21മുതൽ 06/22 വരെ<br>1600×15=24000 | 36700 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മരണ റിപ്പോർട്ട് കൃത്യമായ ക്രമത്തിൽ സൂക്ഷിക്കാത്തതിനാൽ 2020-21ൽ മരണപ്പെട്ട എല്ലാവരുടേയും വിവരം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.53തീയതി 07.07.22ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരണശേഷം നൽകിയിട്ടുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-5-3 സാമൂഹ്യ സുരക്ഷാ പെൻഷൻ-സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

മുനിസിപ്പാലിറ്റി ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ചന്ദ്രൻ | 25.12.20 | 101730202565 | ആക്ടീവ് |
| 2 | രാജേന്ദ്രൻ | 4.1.21 | 101730201845 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും

ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 55തീയതി 07.07.22 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.07.2022 തീയതിയിൽ 3.15 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53382/-രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. 26.11.2019ലെ സ്റ്റാഫ് മീറ്റിംഗ് കഴിഞ്ഞ് 17.06.2020നാണ് സ്റ്റാഫ് മീറ്റിംഗ് നടത്തിയത്. ഇത് കഴിഞ്ഞ് കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. 06.02.2021ലെ മീറ്റിംഗ് ഹാജർ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ചർച്ചകളും തീരുമാനങ്ങളും മിനിട്സ് ചെയ്തിട്ടില്ല. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല. വിശദീകരണമാവശ്യപ്പെട്ടതിനുശേഷം (ഓഡിറ്റ് എൻക്വയറി നമ്പർ 51/07.07.2022) 06.02.2021ലെ യോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തി ലഭ്യമാക്കി.

2) 2004ലെ കേരള മുനിസിപ്പാലിറ്റി (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ നഗരസഭ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022ലെ പൌരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 2020, 2022 എന്നീ വർഷങ്ങളിൽ പൌരാവകാശരേഖ പ്രസിദ്ധീകരിച്ച്, പൊതുജനങ്ങൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല.

3) ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് നഗരസഭ തലത്തിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ടോക്കൺ സമ്പ്രദായം നടപ്പാക്കിയിട്ടില്ല.

5)പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-8 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

AUEGS പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് , ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 36487 | 10061435 | 10097922 | 9186406 | 283586 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വരവ് എ.എഫ്.എസിൽ Grand Fund And Contribution For Specific Purpose -Central Government(320100100) എന്ന ഹെഡിൽ മറ്റ് വരവുകൾക്കൊപ്പം വരവായി എടുക്കുകയും Implement Self Employment And Group Employment Scheme - For The Poor, Especially For Women(2504011402), Net Salary Payable(350110200), Salaries Temporary Staff(210100105) എന്നീ ഹെഡുകളിലാണ് ചെലവ് ചെയ്തിട്ടുള്ളത്. ഇത് ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-8-1 സോഷ്യൽ ഓഡിറ്റ് നടത്തിയില്ല.

സ.ഉ(സാധാ) നം.1900/13/തസ്വഭവ തീ.18.07.13 ഖ.13.2 മുതൽ13.12 വരെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനെ കുറിച്ചും തുടർ നടപടികളെ കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും വാർഡ് സഭ തയ്യാറാക്കുന്ന സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് നഗരസഭ സമിതിയിൽ ചർച്ച ചെയ്തതിന്റെയും അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനായി ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും അയത് പരിഹരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 59) മറുപടിയിൽ കോവിഡ് മൂലം സോഷ്യൽ ഓഡിറ്റ് നടത്താൻ സാധിച്ചില്ലെന്നും തുടർ വർഷങ്ങളിൽ നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.2016 | 01.04.2015 മുതൽ 30.09.2016 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2022 മുതൽ 25.05.2022 വരെ | 2018-19 മുതൽ 2021-22 വരെ | 07.07.2022 |

## 1-10 വിതരണം ചെയ്ത ലൈബ്രറി പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പുസ്തക വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത പുസ്തകങ്ങൾ ഓഡിറ്റ് തീയതിയിലും തിരികെ ലഭിക്കുവാനുള്ളതായി കാണുന്നു. പുസ്തക വിതരണ രജിസ്റ്റർ നമ്പർ 41 പരിശോധിച്ചതിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന ഏതാനും പുസ്തകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്സഷൻ നമ്പർ | പുസ്തകം | അംഗത്വ നമ്പർ | പേര് | തീയതി |
|---|---|---|---|---|---|
| 1 | 15869 | അസുരവിത്ത് | 4800 | ഷിബിൻ ഷിബു | 15.05.2019 |
| 2 | 16469 | ഫൈവ് പോയിന്റ് സംവൺ | " | " | " |
| 3 | 17954 | Mein Kamphf | " | " | " |
| 4 | 17631 | എന്റെ പ്രിയപ്പെട്ട കഥകൾ | 5087 | ലക്ഷ്മി റാവു എൻ എസ് | 22.05.2019 |
| 5 | 14319 | സോഫിയുടെ ലോകം | " | " | " |
| 6 | 19553 | ആദ്യ പ്രേമം | 4422 | റംസി എം എസ് | 22.06.2019 |
| 7 | 19591 | തട്ടകം | " | " | " |
| 8 | 19035 | ലോലിത | 4302 | പ്രീത പ്രേമചന്ദ്രൻ നായർ | 22.06.2019 |
| 9 | 12903 | ആ ജോലി എങ്ങനെ നേടാം | 5102 | കാർത്തിക വി ജെ | 02.07.2019 |
| 10 | 15679 | ഉയരങ്ങളിലേക്ക് | " | " | " |
| 11 | 3269 | തിരുവിതാംകൂർ ചരിത്രം | 1639 | കെ ഹരികുമാർ | 02.07.2019 |
| 12 | 533 | കേരള മഹാ ചരിത്രം II | " | " | " |
| 13 | 18486 | സുവർണ്ണകഥകൾ - ടി പദ്മനാഭൻ | 4344 | ബി ശശിധരൻ | 09.08.2019 |
| 14 | 16008 | എന്റെ ലോകം | 3698 | ഡിറ്റോ ഡാൽറ്റൻ | 01.09.2019 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി( നമ്പർ 75/08.07.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ രണ്ട് പുസ്തകങ്ങൾ ഒഴികെ മറ്റുള്ളവ തിരികെ ലഭിച്ചതായും ബാക്കിയുള്ളവ തിരികെ ലഭിക്കുന്നതിനായി സെക്രട്ടറി മുഖേന നടപടി സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തിയിട്ടില്ല.

## 1-11 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വ്യക്തതയില്ല

കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും മറ്റും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 1, 2 എന്നിവ പ്രകാരമുള്ള പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ, പ്രവൃത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും വ്യക്തി ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിയ്ക്ക് ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണ്. ചട്ടം 7 പ്രകാരം വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും എ, ബി, സി എന്നീ വിഭാഗങ്ങളായി തിരിച്ചിട്ടുള്ളതെന്ന് വ്യക്താക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 45നുള്ള മറുപടി).എന്നാൽ ഇതു സംബന്ധിച്ച കൗൺസിൽ തീരുമാനം ലഭ്യമായില്ല. അപേക്ഷകളിലും രജിസ്റ്ററുകളിലും കൗൺസിൽ തീരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. മാത്രമല്ല 11, 26 എന്നീ വാർഡുകളിലെ 2020-21 വർഷത്തെ രജിസ്റ്റർ, അപേക്ഷ എന്നിവ

പരിശോധിച്ചതിൽ ലൈസൻസിനായി അപേക്ഷിച്ച സ്ഥാപനങ്ങളുടെ വിറ്റുവരവും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും എ, ബി, സി എന്നീ വിഭാഗങ്ങളായി തിരിച്ച് കൗൺസിൽ തീരുമാന പ്രകാരം വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-12 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 11ലെ ക്രമ നമ്പർ 54 എന്നിവ പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഡി&ഒ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ റേഷൻ കടകൾ ലൈസൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമായില്ല. നഗരസഭയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും , റേഷൻകടകൾ ലൈസൻസ് എടുക്കാത്തതിന് നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറി 45 ന് മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നത് ചട്ടലംഘനമാണ്. റേഷൻ കടകളുടെ ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2020-21 വർഷത്തിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമായില്ല. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിൽ 9 ഡി&ഒ രജിസ്റ്ററുകൾ പരിപാലിക്കുന്നു. പ്രസ്തുത രജിസ്റ്ററുകളിൽ ക്രമനമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതെന്നും വ്യക്തമല്ല. ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ ആധികാരികത പരിശോധിക്കാനും കഴിഞ്ഞില്ല. മേൽ ആപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്കുള്ള(നമ്പർ 45 ) മറുപടിയിൽ തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.. വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് നഗരസഭ ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ ഈടാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ, കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ 2020-21 വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കിയ ലൈസൻസ് ഫീസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമല്ല. ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ/ സ്ഥാപനത്തിന്റെ പേര് | സംരംഭം | വാർഡ്/ കെട്ടിട നമ്പർ |
|---|---|---|---|
| 1 | ജയലാൽ.ബി | റൈസ് മിൽ | 26/791(1) |
| 2 | പ്രഭാകരൻ.എസ് | ഫ്ളോർ മിൽ | 26/792 |
| 3 | ശാന്തകുമാരി .ജി. | ഓയിൽ മിൽ | 26/1105, 26/1106 |
| 4 | എൻ.എൻ.ഓയിൽ മിൽ | ഓയിൽമിൽ | 26/428, 26/429 |
| 5 | കെ.പി.ദാസ് ഇൻഡസ്ട്രീസ് | വെൽഡിംഗ് &ഗ്രൈന്റിംഗ് | 26/1108 |
| 6 | സിബി.എ | റൈസ് മിൽ | 26/1343 |
| 7 | ശിവൻ പിള്ള | റൈസ് &ഫ്ളോർമിൽ | 26/184 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നമ്പർ 45) ഈടാക്കിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചെങ്കിലും രജിസ്റ്ററിലും അപേക്ഷകളിലും ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് മേൽ ഉത്തരവ് പ്രകാരം നിശ്ചയിച്ച തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 ആവശ്യമായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകി.

2020-21വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് എടുത്ത 11, 26 എന്നീ വാർഡുകളിലെ രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന 26/1194, 11/924 എന്നീ കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളുടെ അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, അഗ്നിശമനസേനയിൽ നിന്നുള്ള ക്ലിയറൻസ് എന്നിവ ലഭ്യമായില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് /മേൽവിലാസം |
|---|---|---|
| 1 | 26/1194, | ബി. അനിൽ കുമാർ, ഓനിൽ ഏജൻസീസ് , ചിറയിൻകീഴ് റോഡ്,ആറ്റിങ്ങൽ |
| 2 | 11/924 | പ്രവീൺ പോൾ മാത്യൂ, പ്രവീൺ ഫ്യൂവൽ സെന്റർ , നിയർ മുനിസിപ്പൽ ബിൽഡിംഗ്, ആറ്റിങ്ങൽ |

ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45) മറുപടിയിൽ എക്സ്പ്ലോസീവ് സർട്ടിഫിക്കറ്റ് മാത്രമാണ് അവശ്യപ്പെടുന്നതെന്ന് അറിയിച്ചിരിക്കുന്നു. ലഭിച്ചില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങൾ നിന്നും പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും ഭാവിയിൽ ആവശ്യമായ രേഖകൾ കൂടാതെ ഒരു സ്ഥാപനത്തിനും ലൈസൻസ് അനുവദിക്കുന്നില്ലായെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 നായകളുടെ ലൈസൻസ് - നടപടികൾ സ്വീകരിച്ചിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 437 പ്രകാരം സെക്രട്ടറിയിൽ നിന്ന് ലൈസൻസ് എടുക്കാതെ ഒരു ഉടമസ്ഥനും പട്ടിയെ വളർത്തുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മൃഗസംരക്ഷണം – ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 1483 വളർത്തുനായകൾ നഗരസഭയിൽ ഉണ്ട്. എന്നാൽ ലൈസൻസുള്ള നായകളുടെ എണ്ണം സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ വളർത്തുനായകളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം 17 നായകൾക്ക് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കി വളർത്തു നായകൾക്കും ലൈസൻസ് നൽകുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 58) മറുപടിയിൽ 1629 നായ്ക്കൾക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ടെന്നും പ്രസ്തുത വാക്സിനേഷൻ സർട്ടിഫിക്കറ്റ് നഗരസഭയിൽ ഹാജരാക്കി ലൈസൻസ് എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചതായി വെറ്ററിനറി സർജൻ അറിയിച്ചു. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് വളർത്തു നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

Rent Register പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കടമുറികളുടെ വാടക ലഭിക്കാനുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കടമുറി നമ്പർ | വാടകക്കാരന്റെ പേര് /മേൽവിലാസം | ലഭിക്കാനുള്ള വാടക | ഓഡിറ്റ് എൻക്വയറി നമ്പർ 21നുള്ള മറുപടി |
|---|---|---|---|---|---|
| 1 | മുനിസിപ്പൽ ബസ് സ്റ്റാന്റ് | 11/1331 | സുരേഷ് കുമാർ, കൃഷ്ണ , കീഴാറ്റിങ്ങൽ | 113070/- | ടിയാൻ 10.06.22, 10.07.22, 10.08.22 തീയതികളിൽ കുടിശ്ശിക തുക രേഖപ്പെടുത്തിയ 3 ചെക്കുകൾ നഗരസഭയിൽ ഹാജരാക്കിയിട്ടുണ്ടെന്നും ടിയാൻ കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 2 | ഗ്രാമമുക്ക് , അവനവൻചേരി | 21/319 | അരവിന്ദാക്ഷൻ, കുഴിവിള വീട് , അവനവൻചേരി | 7657/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 3 | ടൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് | 11/1205 | അജികുമാർ.ബി, ശങ്കരവിലാസം, പൂവൻപാറ, ആറ്റുങ്ങൽ | 34729/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 4 | ടൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് | 26/391(3) | അനിൽകുമാർ.ജി, അനിൽ നിവാസ്, കുഴിമുക്ക്, ആറ്റുങ്ങൽ | 43759/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 5 | ടൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് | 26/376 | മുഹമ്മദ് ഇജാസ്, ദാറുൽ മുസ്തഫ, കൊട്ടിയോട്, മാർക്കറ്റ് റോഡ്, ആറ്റിങ്ങൽ | 29172/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 6 | RNP Lane | 17/16 | പ്രവീൺ നിവാസ് , കൊട്ടിയോട് , ആറ്റങ്ങൽ | 15425/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 7 | ആലംകോട് ഷോപ്പിംഗ് കോംപ്ളക്സ് | 14/14 | ശശിധരൻ പിള്ള , ചിറയിൽ പുത്തൻവീട്, ആലംകോട്, ആറ്റങ്ങൽ | 1916/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 8 | ആലംകോട് ഷോപ്പിംഗ് കോംപ്ളക്സ് | 14/22 | എ.ആ.കലാം, ജാസ്മിൻമൻസിൽ, ആലംകോട്, ആറ്റങ്ങൽ | 1156/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 9 | ആലംകോട് ഷോപ്പിംഗ് കോംപ്ളക്സ് | 14/23 | സുലൈമാൻ ഷാജി, റാഫി മൻസിൽ, ആലംകോട്, ആറ്റങ്ങൽ | 8985/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 10 | ആലംകോട് ഷോപ്പിംഗ് കോംപ്ളക്സ് | 14/896 | എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി | 20000/- | കടമുറി പൂട്ടി സീൽചെയ്തിട്ടുണ്ടെന്നും കൗൺസിലിന്റെ 21.06.22തീയതീയിലെ നാലാം നമ്പർ തീരുമാന പ്രകാരം നോട്ടീസ് നൽകുന്നതിനും അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറിയിലൂടെ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട് |

വാടക കുടിശ്ശിക ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ലേല ഇനത്തിൽ വൻ തുക കുടിശ്ശിക

Auction Register പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ലേല ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കരാറുകാരൻ | തുക | ഓഡിറ്റ് എൻക്വയറി നമ്പർ 21നുള്ള മറുപടി |
|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് | ഷാജി | 916499/- | ലോക്ക്ഡൌൺ കാരണം തുക പിരിക്കാൻ സാധിക്കാതെ വരികയും ടിയാൻ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസിന്റെ വിധി വരുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 2 | കംഫർട്ട് സ്റ്റേഷൻ(പ്രൈവറ്റ് സ്റ്റാന്റ്) | രാധാകൃഷ്ണൻ നായർ | 525075/- | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 3 | എസി നഗർ പ്രൈവറ്റ് ചന്ത | ചന്ദ്രൻ | 9707/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 4 | ബങ്ക് നം.6 | പ്രകാശ്.എ.എസ് | 23473/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| 5 | ബങ്ക് നം.17 | സോമൻ | 18383/- | ടിയാൻ കാൻസർ ബാധിച്ച് മരണപ്പെട്ടെന്നും ടിയാന്റെ ഭാര്യയുടെ അപേക്ഷ പ്രകാരം കുടിശ്ശിക ഒഴിവാക്കുന്നതിന് കൗൺസിലിന്റെ നിർദ്ദേശ പ്രകാരം സർക്കാരിലേക്ക് കത്ത് അയച്ചിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 6 | ബങ്ക് നം.23 | മധുകുമാർ | 1533/- | ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |

കുടിശ്ശിക ഈടാക്കിയതിന്റെയും തുടർനടപടി സ്വീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 വർഷങ്ങളായി വാടക, ലേലം ഇനത്തിൽ കുടിശ്ശികയുള്ള തുക നാളിതുവരെ ഈടാക്കിയിട്ടില്ല

ബി-11 ഷെഡ്യൂൾ പ്രകാരം Rent Receivable From Civic Amenities(current) ഇനത്തിൽ 2491009/- രൂപയും Rent Receivable From Civic Amenities(arrear) ഇനത്തിൽ 685519/- രൂപയും Rent Receivable From Lease Of Land (Arrear) ഇനത്തിൽ 47192/- രൂപയും കുടിശ്ശികയുണ്ട്. ആയതിന്റെ വിശദാംശവും ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയിൽ ഒടുക്കുവരുത്തുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കുടിശ്ശികയുടെ വിശദാംശവും ആയത് ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 പാഴ് വസ്തുക്കൾ ലേലം ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല

ആറ്റിങ്ങൽ നഗരസഭയുടെ വിവിധ കെട്ടിങ്ങളുടെ നിർമ്മാണ പ്രവർത്തികളുമായ് ബന്ധപ്പെട്ട് മണ്ണും മറ്റ് പാഴ് വസ്തുക്കളും ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1)18.01.2021ലെ ജനറൽ കമ്മിറ്റിയുടെ തീരുമാനം 1(19) പ്രകാരം വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ മെറ്റേണിറ്റി ബ്ളോക്ക് നിർമ്മാണ സൈറ്റിൽ നിന്ന് ലഭിച്ച 7053.25 M3 മണ്ണും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി നീക്കംചെയ്ത 1971.50m3 മണ്ണും പുനർ ലേലം നടത്താൻ തീരുമാനിച്ചു.

2)2.11.2020ലെ ജനറൽ കമ്മിറ്റിയുടെ തീരുമാനം 14(4) പ്രകാരം Govt. Boys High School പഴയ കെട്ടിടം ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

3)7.07.2020ലെ ജനറൽകമ്മറ്റിയുടെ തീരുമാനം 8(7) പ്രകാരം ആറ്റിങ്ങൽ നഗരസഭ Private Bus Stand പൊളിച്ച് മാറ്റി ഉപയോഗപ്രദമായ വസ്തുക്കൾ എടുത്തുമാറ്റി സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

4) 18.06.2020ലെ ജനറൽകമ്മറ്റിയുടെ അജണ്ട-13 തീരുമാനം 2 പ്രകാരം പരവൂർക്കോണം LP സ്കൂളിലെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തടി മേൽക്കൂര മാറ്റുവാനും ആയത് ലേലം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്.(എൻജിനീയറിംഗ് സെക്ഷൻ കണക്കാക്കിയ മതിപ്പ് വില 10433/- രൂപയാണ്).

പ്രസ്തുത തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21, 67 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ല. പ്രസ്തുത വസ്തുക്കൾ ലേലം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 രസീത് ബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

രസീത് ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 149 (1), 150 (A), കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങൾ 2007 ചട്ടം 74 എന്നിവയിൽ നിഷ്കർഷിക്കുന്ന പ്രകാരം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകമായി പരിപാലിക്കുന്നില്ല. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 57 /8.07.2022 ) രസീതു ബുക്കിന്റെ സ്റ്റോക്ക് മറ്റ് സ്റ്റോക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിലാണ് പരിപാലിക്കുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇഷ്യൂ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ടെന്നും അറിയിച്ചു. എന്നാൽ സ്റ്റോക്ക് എൻട്രിയും വിതരണവും ഒരേ രജിസ്റ്ററിൽ തന്നെ പരിപാലിക്കേണ്ടതാണ്.

2)ഒരു സാമ്പത്തിക വർഷം ബാക്കി വരുന്ന രസീത് ബുക്കുകൾ റീനമ്പർ ചെയ്ത് ഉപയോഗിക്കുന്നതിനായി മാറ്റിവെക്കുന്നുണ്ടെങ്കിലും അടുത്ത സാമ്പത്തിക വർഷം പുതിയ രസീത് ബുക്കുകളാണ ഉപയോഗിക്കുന്നത്. അത് തികയാതെ വരുമ്പോൾ മാത്രമാണ റീനമ്പർ ചെയ്ത് രസീത് ബുക്കുകൾ ഉപയോഗിക്കുന്നത്. ഇങ്ങിനെ കാലാകാലങ്ങളായി ബാക്കി വരുന്ന രസീത്ബുക്കുകളുടെ കൃത്യത രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും തൻവർഷത്തെ ആവശ്യത്തിനനുസരിച്ച് രസീതു ബുക്കുകൾ വാങ്ങുകയാണ് പതിവെന്നും അവ തികയാതെ വരുന്ന സാഹചര്യങ്ങളിൽ മുൻ വർഷങ്ങളിൽ ബാക്കിയായ രസീതു ബുക്കുകൾ റീനമ്പർ ചെയ്ത് ഉപയോഗിക്കുകയുമാണ് ചെയ്യുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ മുൻ വർഷങ്ങളിൽ ബാക്കിയായ രസീതു ബുക്കുകൾ കണക്കില്ലാതെ സൂക്ഷിക്കുന്നത് മറ്റ് ക്രമക്കേടുകൾക്ക് കാരണമായേക്കാം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതിനാൽ മുൻ വർഷങ്ങളിൽ ബാക്കിയായ രസീതുബുക്കുകൾ അടിയന്തരമായി സ്റ്റോക്കിലെടുത്ത് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3)പഴയ രസീത് ബുക്കുകൾ റീനമ്പർ ചെയ്ത് ഉപയോഗിക്കുന്ന ഈ രീതിക്ക് കമ്മിറ്റി തീരുമാനമുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 57/8.07.2022 ) കമ്മിറ്റി തീരുമാനമില്ലെന്നും സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് രസീതുബുക്കുകൾ റീ നമ്പർ ചെയ്യുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

4)മുൻ വർഷത്തെ രസീത് ബുക്കുകളുടെ നീക്കിയിരിപ്പല്ല തൻ വർഷത്തെ മുന്നിരിപ്പായി കാണിച്ചിട്ടുള്ളത്.

5)ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും

സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-22-1 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി 01.04.2016 പ്രാബല്യത്തിൽ പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. സ.ഉ(സാധാ)നം.540/2019/തസ്വഭവ തീ.06.03.2019 പ്രകാരം നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടങ്ങളുടെ ഫാറം 6 ലെ ഡേറ്റാ എൻട്രി 2019-20 വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെ വിവിധ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | ARV/പ്ലിന്ത് ഏരിയ പ്രകാരമുള്ള വാർഷിക നികുതി |
|---|---|---|---|---|---|
| 1 | 1/91/2 | ഹർഷ | വാണിജ്യാവശ്യം | രേഖപ്പെടുത്തിയിട്ടില്ല | 1430 |
| 2 | 1/411/1 | സജിദ്ഹുസൈൻ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1026 |
| 3 | 31/187/3 | മോഹനൻ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1274 |
| 4 | 31/187/4 | മോഹനൻ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1453 |
| 5 | 31/342/1 | രവീന്ദ്രൻ പിള്ള | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 1181 |
| 6 | 30/3/1 | സതീഷ് ചന്ദ്രിക | വാണിജ്യാവശ്യം | രേഖപ്പെടുത്തിയിട്ടില്ല | 1008 |
| 7 | 30/167 | ഗോപകുമാർ,ദീപ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 306 |
| 8 | 30/244/3 | ഭുവനേന്ദ്രദാസ് | വാണിജ്യാവശ്യം | രേഖപ്പെടുത്തിയിട്ടില്ല | 34717 |
| 9 | 29/216 | ഭാർഗ്ഗവിയമ്മ.ബി | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 46 |
| 10 | 29/244/1 | ബിന്ദു.കെ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 97 |
| 11 | 28/15 | കെ.മുരളീധരൻ നായർ | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 15 |
| 12 | 28/105 | ഗീത | പാർപ്പിടം | രേഖപ്പെടുത്തിയിട്ടില്ല | 183 |

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികൾ അന്തിമഘട്ടത്തിലാണെന്നും ആയത് പൂർത്തീകരിച്ച് ഡാറ്റാ എൻട്രി നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/04.07.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22-2 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭയിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന കെട്ടിടങ്ങളെ, 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230, 231, 233 എന്നീ വകുപ്പുകൾ, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തു നികുതി നിർണയം നടത്തിയെങ്കിലും നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 24/23/2 | ഗോപാലൻ മേസ്തിരി | പാർപ്പിടം | 102.8 $M^2$ |
| 2 | 23/228 | ശാന്തമ്മ | പാർപ്പിടം | 92.12 $M^2$ |
| 3 | 22/238/1 | എ രാധ | പാർപ്പിടം | 109.84 $M^2$ |
| 4 | 31/194/1 | സിറാജ്ജുദ്ദീൻ | പാർപ്പിടം | 130 $M^2$ |
| 5 | 31/293 | പ്രഭാകരൻ | പാർപ്പിടം | 44.1 $M^2$ |
| 6 | 29/358 | പി.വി.നീലകണ്ഠപിള്ള | പാർപ്പിടം | 272.4 $M^2$ |
| 7 | 28/172 | തുളസീദാസ് | പാർപ്പിടം | 226.22 $M^2$ |
| 8 | 27/31/1 | ബാബു. | പാർപ്പിടം | 68.25 $M^2$ |
| 9 | 27/219 Gh | ശശിധരൻ | പാർപ്പിടം | 122.16 $M^2$ |
| 10 | 16/249 | ഹാരാ ട്ട എ(2019 മുതൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല) | പാർപ്പിടം | 167.85 $M^2$ |

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികൾ അന്തിമഘട്ടത്തിലാണെന്നും ആയത് പൂർത്തീകരിച്ച് ഡേറ്റാ എൻട്രി നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/04.07.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് ഉക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22-3 വസ്തുനികുതി ഡിമാന്റ് ചെയ്യാതെ പിരിവ് നടത്തുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തു നികുതി നിർണയം നടത്തിയ വിവിധ കെട്ടിടങ്ങളുടെ വാർഷിക ഡിമാന്റ് ഉക രേഖപ്പെടുത്താതെ (ഡിമാന്റ് ഉക 0)കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പിരിച്ചെടുത്ത ഉക നിലവിൽ അഡ്വാൻസ് ഇനത്തിൽ നില നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | നാളിതുവരെ പിരിച്ചെടുത്ത ഉക |
|---|---|---|---|---|---|
| 1 | 11/166/lk | എം.എച്ച് റഹീം ഷൈല | പാർപ്പിടം | 239.46 $M^2$ | 9582 |
| 2 | 9/79 | ശശാങ്കൻ, ഇന്ദുരാജ്ശശാങ്കൻ | പാർപ്പിടം | 199.62 $M^2$ | 10773 |
| 3 | 8/257/3 | ഫസിലുദ്ദീൻ ,ഷാഹിദ | പാർപ്പിടം | 273.99 $M^2$ | 11121 |
| 4 | 5/242 | സിജി | പാർപ്പിടം | 81.64 $M^2$ | 2830 |
| 5 | 4/210 | മുരളീധരൻ | പാർപ്പിടം | 180.84 $M^2$ | 1254 |
| 6 | 3/127/1 | അബ്ദുൽഹസ്സൻ | പാർപ്പിടം | 94.79 $M^2$ | 353 |
| 7 | 20/227 | ലക്ഷ്മി കെ | പാർപ്പിടം | 80 $M^2$ | 780 |
| 8 | 25/142/2 | ശശിധരൻ നായർ.ബി | പാർപ്പിടം | 176 $M^2$ | 1482 |

| | | | | | |
|---|---|---|---|---|---|
| 9 | 28/172 | തുളസീദാസ് | പാർപ്പിടം | 226.22 $M^2$ | 1143 |
| 10 | 31/293 | പ്രഭാകരൻ | പാർപ്പിടം | 44.1 $M^2$ | 159 |
| 11 | 9/69 | എ.അപ്പുകുട്ടൻ | പാർപ്പിടം | 124.95 $M^2$ | 955 |
| 12 | 11/1211 | ശശി സുധർമ്മ | പാർപ്പിടം | 179.4 $M^2$ | 5319 |
| 13 | 17/145 | ബിന്ദു | വാണിജ്യകെട്ടിടം | 17.73 $M^2$ | 820 |

നഗരസഭയിലെ കെട്ടിടങ്ങളുടെ മേൽ അപാകങ്ങൾ പരിഹരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/04.07.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22-4 കെട്ടിടങ്ങളുടെ വിവരം അസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിലെ 9, 23 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് 9 | | | വാർഡ് 23 | | |
|---|---|---|---|---|---|
| Missing Door No . From | Missing To | Missing Total | Missing Door No. Missing From | Missing To | Missing Total |
| 2 | - | 1 | 6 | - | 1 |
| 7 | - | 1 | 13 | - | 1 |
| 17 | - | 1 | 34 | - | 1 |
| 36 | - | 1 | 37 | - | 1 |
| 68 | - | 1 | 41 | - | 1 |
| 80 | - | 1 | 48 | - | 1 |
| 134 | - | 1 | 55 | - | 1 |
| 172 | - | 2 | 83 | - | 1 |
| 178 | - | 1 | 88 | - | 1 |
| 190 | - | 1 | 110 | - | 1 |
| 193 | - | 1 | 123 | - | 1 |
| 212 | - | 1 | 163 | - | 1 |

| | | | | | |
|---|---|---|---|---|---|
| 234 | - | 1 | 186 | - | 1 |
| 245 | - | 1 | 193 | - | 1 |
| 249 | - | 1 | 219 | - | 1 |
| 253 | - | 1 | 251 | - | 1 |
| 261 | - | 1 | 291 | - | 1 |
| 276 | - | 1 | 301 | - | 1 |
| 356 | - | 1 | 307 | - | 3 |
| 368 | - | 1 | 311 | - | 1 |
| 377 | - | 1 | 345 | - | 1 |
| Total | | 22 | 365 | - | 1 |
| | | | 374 | - | 1 |
| | | | 380 | - | 1 |
| | | | 387 | - | 1 |
| | | | 393 | - | 1 |
| | | | Total | | 28 |

നഗരസഭയിലെ കെട്ടിടങ്ങളുടെ മേൽ അപാകത പരിഹരിക്കും എന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 27/05.07.2022). നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും, അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22-5 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടത്തിൽ ഉൾപ്പെടുത്തി ഇളവ് നൽകി.

നഗരസഭയിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളെ 2011ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 235 പ്രകാരം വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തി നികുതി പൂർണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ വിവരണം പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളവയാണ്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണം | കെട്ടിടത്തിന്റെ വിവരണം |
|---|---|---|---|---|
| 1 | 1/17/1 | ദയാവതി | 85 $M^2$ | 3 -Room,Kitchen,Varanda |
| 2 | 16/454 | ബേബിഗിരിജ | 65 $M^2$ | Varantha,Bedroom-2,Kitchen |
| 3 | 16/455/a | ജ്യോതി | 60 $M^2$ | Varantha,4 Bedroom,kitchen |
| 4 | 18/556 | രാഘവൻ | 184.4 $M^2$ | 1 - BedRom,Varanda |

| | | | | |
|---|---|---|---|---|
| 5 | 5/27/2 | ഷീജ,രതീഷ് | 56.29 $M^2$ | GF-2 -BedRoom,Hall,Kitchen,Toilet |
| 6 | 5/271/1 | വിജയ | 50.23 $M^2$ | Bedroom,Sitout,Hall,Kitchen,Stairroom |
| 7 | 6/203/4 | രാജമണി | 56.1 $M^2$ | Bedroom,Sitout,Hall,Living,Kitchen |
| 8 | 10/378/2 | തുളസി | 52.89 $M^2$ | GF-Sitout,Hall, 2-Bedroom,Toilet,Kitchen |

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികളുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി നടത്തിയതിലെ പിഴവ് മൂലമാണ് മേൽ അപാകത സംഭവിച്ചതെന്നും ആയത് പൂർത്തീകരിച്ച് അപാകങ്ങൾ പരിഹരിക്കുമെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 27/05.07.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22-6 ഷോപ്പിംഗ് മാളിന്റെ നികുതി തെറ്റായി നിർണയിച്ചു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് നഗരസഭ പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 200 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 90/- രൂപയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിടത്തെ 200 ച.മീറ്റർ വരെ തറ വിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 70/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|
| 30/161 | കെ.അനിൽരാജ് | ഷോപ്പിംഗ് മാൾ | 313.84 $M^2$ |

| വിവരണം | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് ( ച .മീ) രൂപ | 70 | 90 |
| അടിസ്ഥാന വസ്തു നികുതി രൂപ | 21968.8 | 28245.6 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുക ൾ | | |
| (എ .)മേഖല (തുക)(10%) | ഇല്ല | ഇല്ല |
| (ബി. )വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. )മേൽക്കൂര (തുക) | ഇല്ല | ഇല്ല |
| (ഡി. )കാലപ്പഴക്കം (തുക)(10%) | 2196.88 | 2824.56 |
| (ഇ. )ആകെ ഇളവ്(%) | 10 | 10 |
| (എഫ്. )ആകെ ഇളവ്(തുക) | 2196.88 | 2824.56 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | | |

| | | |
|---|---|---|
| വഴി സൗകര്യം (തുക)(20%) | 4393.76 | 5649.12 |
| (ബി). തറ നിർമ്മിതി | 3295.32 | 4236.86 |
| ആകെ വർദ്ധനവ്(%) | 35 | 35 |
| ആകെ വർദ്ധനവ് | 7689.08 | 9885.98 |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 27461 | 35307 |
| ലൈബ്രറി സെസ്സ് (തുക) | 1374 | 1765 |
| സർവ്വീസ് ചാർജ്ജ് (തുക) | 2472 | 3178 |
| ആകെ (തുക) | 31307 | 40250 |

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികളുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി നടത്തിയതിലെ പിഴവ് മൂലമാണ് മേൽ അപാകത സംഭവിച്ചതെന്നും ആയത് പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/02.07.2022). മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22-7 പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് ചെയ്ത കാലയളവിലെ നികുതി പൂർണമായും പരിച്ചെടുക്കാതെ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/അപേക്ഷ തീയതി(സഞ്ചയ പ്രകാരം) | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | നികുതി ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | R2/6102/20<br>28.09.2020 | 1/104 | എ നിസാർ | വാണിജ്യ കെട്ടിടം | 89.88 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ 2020 രണ്ടാം അർദ്ധ വർഷം വരെ | 3465/- |
| 2 | R2/7802/2016<br>02.07.2020 | 1/359 | വി.ജയൻ | വാണിജ്യ കെട്ടിടം | 50.98 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2020 രണ്ടാം അർദ്ധ വർഷം വരെ | 2765/- |
| 3 | R1/10871/16<br>30.04.2020 | 26/849 | രാജൻ ജഗദമ്മ | വാണിജ്യ കെട്ടിടം | 54 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2020 ഒന്നാം അർദ്ധ വർഷം വരെ | 84611/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | R2/PW2/13018/16, R2/11411/2016 11.06.2020 | 1/52 | മുരളീധരൻപിള്ള | പാർപ്പിടം | 131.13 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2020 ഒന്നാം അർദ്ധ വർഷം വരെ | 1246/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04/02.07.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിട ഉടമകൾ സമയബന്ധിതമായി അപേക്ഷകൾ സമർപ്പിക്കാത്തത് മൂലമാണ് ഇത്തരത്തിൽ പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ കുടിശ്ശിക തുക ഒഴിവാക്കി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ, പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ വിവരം നീക്കം ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിലാണ് കെട്ടിടങ്ങളെ ഇപ്രകാരം നീക്കം ചെയ്തത് എന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22-8 അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇളവ് നൽകി.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ പാർപ്പിടാവശ്യത്തിനുള്ള വിസ്തീർണമുള്ള കെട്ടിടങ്ങളെ മേൽ ഉത്തരവുകൾ പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരവും ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 02/01.07.2022) മറുപടിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | സബ് നം | കെട്ടിട ഉടമ | വിസ്തീർണം (ച.മീ) | മറുപടി |
|---|---|---|---|---|---|---|
| 1 | 20 | 180 | | R.I.ASWATHY | 225 | സഞ്ചയയിൽ വിസ്തീർണം തെറ്റായി രേഖപ്പെടുത്തി |
| 2 | 14 | 501 | | B.Mohanan | 207.18 | ഇളവ് തെറ്റായി രേഖപ്പെടുത്തി |
| 3 | 20 | 312 | | Radhakrishnan Jayasree | 115.25 | ഇളവ് തെറ്റായി രേഖപ്പെടുത്തി |
| 4 | 25 | 271 | 1 | CHANTHU &VEENA | 101.12 | വിസ്തീർണം തെറ്റായി രേഖപ്പെടുത്തി |
| 5 | 6 | 122 | | Ajaya Kumar | 98.47 | ഇളവ് തെറ്റായി രേഖപ്പെടുത്തി |
| 6 | 7 | 14 | 1 | Shyiju.S | 79 | വിസ്തീർണം തെറ്റായി രേഖപ്പെടുത്തി |
| 7 | 24 | 75 | | Ratnammar. R | 70 | ഇളവ് തെറ്റായി രേഖപ്പെടുത്തി |
| 8 | 22 | 190 | | Sivadasan S | 68 | ഇളവ് തെറ്റായി രേഖപ്പെടുത്തി |
| 9 | 23 | 239 | | Vijayamma S | 68 | ഇളവ് തെറ്റായി രേഖപ്പെടുത്തി |
| 10 | 5 | 176 | 3 | Moly . T | 63.575 | ഇളവ് തെറ്റായി രേഖപ്പെടുത്തി |

| | | | | | | |
|---|---|---|---|---|---|---|
| 11 | 17 | 58 | | Radha L | 61.97 | വിസ്തീർണം തെറ്റായി രേഖപ്പെടുത്തി |

വിസ്തീർണം തെറ്റായി രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണം സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും തെറ്റായ ഇളവ് രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22-9 സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾക്ക് ഇളവ് രേഖപ്പെടുത്തിയതിൽ അപാകത.

സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള വിവിധ ഓഫീസ് കെട്ടിടങ്ങളെ 2011ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 235 പ്രകാരം വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള കെട്ടിടം എന്ന് രേഖപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

A)

| കെട്ടിട നം. 30/23 | | | | | | റ്റി ബി ഹൌസ് | | |
|---|---|---|---|---|---|---|---|---|
| Sl. No | Year | Period | Collection Amount | Book No | Receipt No | Receipt Date | Collection Year | Entry Mode |
| 1 | 2013 | Second Half | 6029 | 1 | 113011081211 | 05/12/2013 | 2013 | PDE |
| 2 | 2014 | Second Half | 6029 | 1 | 1140407627 | 11/11/2014 | 2014 | PDE |
| 3 | 2015 | Second Half | 6029 | 1 | 1154400126 | 24/03/2016 | 2015 | PDE |
| 4 | 2017 | Second Half | 6029 | 1 | 117010107535 | 28/09/2017 | 2017 | PDE |
| 5 | 2018 | Second Half | 6029 | 1 | 118010106089 | 27/09/2018 | 2018 | PDE |
| 6 | 2021 | Second Half | 6029 | 1 | 121010-900011 | 01/10/2021 | 2021 | PDE |
| Total | | | 36174 | | | | | |

B)

| കെട്ടിട നം.12/537 | | | | ഹെഡ്ഇൻസ്പെക്ടർ ഓഫീസ് | | | |
|---|---|---|---|---|---|---|---|
| Sl. No | Year | Period | Total (6) (1+2+3+4+5) | Receipt No | Receipt Date | Collection Year | Entry Mode |
| 1 | 2013 | Second Half | 3914 | 11301400069 | 31/03/2014 | 2013 | Saankhya Mapping |
| 2 | 2014 | Second Half | 3914 | 11401400122 | 31/03/2015 | 2014 | Saankhya Mapping |
| 3 | 2015 | First Half | 1957 | 11501106500 | 30/09/2015 | 2015 | Saankhya Mapping |
| 4 | 2015 | Second Half | 1957 | 11501114440 | 22/03/2016 | 2015 | Saankhya Mapping |
| 5 | 2016 | Second Half | 3914 | 11601500063 | 30/09/2016 | 2016 | Saankhya Mapping |
| 6 | 2017 | Second Half | 3914 | 117010107446 | 27/09/2017 | 2017 | Saankhya Mapping |
| Total | | | 19570 | | | | |

C)

| കെട്ടിട നം.11/318 | | | | | പി.ഡബ്ല്യൂ.ഡി.ബിൽഡിംഗ് | | | |
|---|---|---|---|---|---|---|---|---|
| Sl. No | Year | Period | Total | Book No | Receipt No | Receipt Date | Collection Year | Entry Mode |
| 1 | 2012 | First Half | 201 | | 11301103773 | 25/07/2013 | 2013 | Saankhya Mapping |
| 2 | 2012 | First Half | 4009 | | 11301107449 | 13/11/2013 | 2013 | Saankhya Mapping |
| 3 | 2013 | Second Half | 4409 | | 11301107449 | 13/11/2013 | 2013 | Saankhya Mapping |
| 4 | 2014 | Second Half | 4209 | | 11501100530 | 18/04/2015 | 2015 | Saankhya Mapping |
| 5 | 2015 | Second Half | 4409 | | 11501400127 | 30/03/2016 | 2015 | Saankhya Mapping |
| 6 | 2016 | Second Half | 4409 | | 11601105953 | 27/09/2016 | 2016 | Saankhya Mapping |
| 7 | 2021 | Second Half | 4409 | 1 | 121010-900012 | 01/10/2021 | 2021 | PDE |
| Total | | | 26055 | | | | | |

സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള മേൽ ഓഫീസ് കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒടുക്കി വരുകയാണെന്നും കെട്ടിടങ്ങളുടെ ഇളവ് വിവരം രേഖപ്പെടുത്തിയതിലെ അപാകതമൂലമാണ് ഡിമാന്റില്ലാതെ തുക പരിച്ചെടുത്തതെന്നമാണ് അറിയിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം.16/04.07.2020 ന് ലഭിച്ച മറുപടി). ഡിമാന്റ് രേഖപ്പെടുത്താതെ കെട്ടിടങ്ങൾക്ക് കളക്ഷൻ രേഖപ്പെടുത്തയതിനാൽ വസ്തു നികുതി കളക്ഷൻ ശതമാനത്തിൽ തെറ്റായ വർദ്ധനവ് രേഖപ്പെടുത്തുന്നു. മേൽ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22-10 നടപടി ക്രമം പാലിക്കാതെ കെട്ടിടങ്ങളുടെ വിവരങ്ങൾ നീക്കം ചെയ്തു.

2020-21 വർഷം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ നിന്നും നഗരസഭയിലെ വിവിധ കെട്ടിടങ്ങളുടെ വിവരം നീക്കം ചെയ്തിട്ടുണ്ട്(cancel/deleted Records). സഞ്ചയ ഡിലീറ്റഡ് റെക്കോർഡ്സിൽ 895 കെട്ടിടങ്ങളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സഞ്ചയയിൽ നിന്നം കെട്ടിടങ്ങളെ ഇത്തരത്തിൽ നീക്കം ചെയ്തതിന്റെ കാരണം വ്യക്തമാക്കുന്ന ഫയലുകളോ രജിസ്റ്ററോ/ സഞ്ചയ പ്യൂരിഫിക്കേഷൻ രജിസ്റ്ററോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/02.07.2022 ന് ലഭിച്ച മറുപടി). അസസ്മെന്റ് രജിസ്റ്ററിൽ നിന്നും നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിടങ്ങളുടെ വിവരങ്ങൾ നീക്കം ചെയ്തത് ഗുരുതര വീഴ്ചയാണ്. മേൽ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22-11 റദ്ദാക്കിയ രസീതുകളിലെ തുകകൾ സഞ്ചയയിൽ കളക്ഷനിൽ ഉൾപ്പെടുന്നു

സാംഖ്യയിൽ നിന്നും റദ്ദാക്കുന്ന രസീതുകളിലെ തുകകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യപ്പെടുന്നില്ല. സാംഖ്യ കാൻസൽ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt No | Receipt Date | Amount |
|---|---|---|---|---|---|---|---|---|
| 1 | 22 | 282 | | അപ്പുക്കുട്ടൻ | 1005923 | 120010104081 | 30/10/2020 | 49 |
| 2 | 14 | 106 | | അബ്ദുൽഖലാം | 1108113 | 121010106142 | 29/12/2021 | 594 |
| 3 | 9 | 184 | | സുധാകരൻ | 1112036 | 121010108990 | 30/03/2022 | 249 |
| 4 | 9 | 184 | | സുധാകരൻ | 1112036 | 121010108990 | 30-03-2022 | 1078 |
| 5 | 24 | 198 | 4 | ജിത്ത്. വി | 1112095 | 121010109043 | 31-03-2022 | 2428 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 01/01.07.2022 ന് ലഭിച്ച മറുപടിയിൽ മേൽ രസീതുകൾ പ്രകാരമുള്ള തുകകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രസീതുകൾ നീക്കം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22-12 ടെലഫോൺ ടവറിന്റെ വസ്തു നികുതി - കളക്ഷൻ രേഖപ്പെത്തുന്നതിൽ പിഴവ്

താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013 ഒന്നാം അർദ്ധ വർഷം മുതൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ നികുതി ഒടുക്ക് വരുത്തിയപ്പോൾ ഡിമാന്റ് ചെയ്ത കാലയളവ് മുതലുള്ള കുടിശ്ശിക തുക ഈടാക്കാതെ തുടർവർഷങ്ങളിലെ തുകയാണ് ഈടാക്കിയിട്ടുള്ളത്. 2020-21 വർഷം വരെയുള്ള ഡിമാന്റ്- കളക്ഷൻ -ബാലൻസ് വിശദാംശം ചുവടെ ചേർക്കുന്നു.

1)

| കെട്ടിട നം.23/346/2 | | | | ഇൻഡസ് ടവർ ലിമിറ്റഡ് | | | | |
|---|---|---|---|---|---|---|---|---|
| Demand | | | | Collection | | | | Balance |
| Sl. No | Year | Period | Amount | Amount | Book No | Receipt No | Receipt Date | Amount |
| 1 | 2013 | First Half | 6827 | - | - | -- | - | 6827 |
| 2 | 2013 | Second Half | 6826 | - | - | -- | - | 6826 |
| 3 | 2014 | First Half | 6827 | - | - | -- | - | 6827 |
| 4 | 2014 | Second Half | 6826 | - | - | -- | - | 6826 |
| 5 | 2015 | First Half | 6827 | - | - | -- | - | 6827 |
| 6 | 2015 | Second Half | 6826 | - | - | -- | - | 6826 |
| 7 | 2016 | First Half | 6827 | 6827 | 1 | 120010500024 | 08/06/2020 | - |
| 8 | 2016 | Second Half | 6826 | 5748 | 1 | 120010500024 | 08/06/2020 | 1078 |
| 9 | 2017 | First Half | 6827 | 6827 | 1 | 120010500024 | 08/06/2020 | - |
| 10 | 2017 | Second Half | 6826 | 5748 | 1 | 120010500024 | 08/06/2020 | 1078 |
| 11 | 2018 | First Half | 6827 | 6827 | 1 | 120010500024 | 08/06/2020 | - |
| 12 | 2018 | Second Half | 6826 | 5748 | 1 | 120010500024 | 08/06/2020 | 1078 |
| 13 | 2019 | First Half | 6827 | 6827 | 1 | 120010500024 | 08/06/2020 | - |
| 14 | 2019 | Second Half | 6826 | 5748 | 1 | 120010500024 | 08/06/2020 | 1078 |
| 15 | 2020 | First Half | 6827 | 6827 | 1 | 120010500230 | 16/03/2021 | - |
| 16 | 2020 | Second Half | 6826 | 5749 | 1 | 120010500230 | 16/03/2021 | 1077 |

2)

| കെട്ടിട നം. 30/502/1 | | | | വയർലെസ് റ്റി .റ്റി. ഇൻഫോസർവ്വീസസ് ലിമിറ്റഡ് കൊച്ചി | | | | |
|---|---|---|---|---|---|---|---|---|
| Demand | | | | Collection | | | | Balance |
| Sl. No | Year | Period | Amount | Amount | Book No | Receipt No | Receipt Date | Amount |
| 1 | 2013 | First Half | 5529 | - | - | -- | - | 5529 |
| 2 | 2013 | Second Half | 5528 | - | - | -- | - | 5528 |
| 3 | 2014 | First Half | 5529 | - | - | -- | - | 5529 |
| 4 | 2014 | Second Half | 5528 | - | - | -- | - | 5528 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 2015 | First Half | 5529 | - | - | -- | - | 5529 |
| 6 | 2015 | Second Half | 5528 | - | - | -- | - | 5528 |
| 7 | 2016 | First Half | 7661 | - | - | -- | - | 7661 |
| 8 | 2016 | Second Half | 7661 | - | - | -- | - | 7661 |
| 9 | 2017 | First Half | 7661 | - | - | -- | - | 7661 |
| 10 | 2017 | Second Half | 7661 | - | - | -- | - | 7661 |
| 11 | 2018 | First Half | 7661 | 7661 | 1 | 118010400174 | 30/03/2019 | - |
| 12 | 2018 | Second Half | 7661 | 14453 | 1 | 118010400174 | 30/03/2019 | - |
| 13 | 2019 | First Half | 7661 | - | - | -- | - | 7661 |
| 14 | 2019 | Second Half | 7661 | - | - | -- | - | 7661 |
| 15 | 2020 | First Half | 7661 | 7661 | 1 | 120010500152 | 11/01/2021 | - |
| 16 | 2020 | Second Half | 7661 | 3397 | 1 | 120010500230 | 16/03/2021 | 4264 |

നഗരസഭയിലെ കെട്ടിടങ്ങളുടെ അപാകങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കും എന്നാണ് അറിയിച്ചിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/04.07.2022 ന് ലഭിച്ച മറുപടി). നഗരസഭയിലെ മേൽ കെട്ടിടങ്ങളുടെ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22-13 പാർപ്പിടങ്ങൾക്ക് തെറ്റായ നികുതി ഇളവ് രേഖപ്പെടുത്തി

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വാസഗൃഹങ്ങൾക്ക് കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്ന് തെറ്റായി രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. (കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം)

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 14/531/3 | ജിജി എസ് | പാർപ്പിടം |
| 2 | 22/293 | ചിന്നമ്മ | പാർപ്പിടം |
| 3 | 23/346 | ഉണ്ണികൃഷ്ണൻ | പാർപ്പിടം |
| 4 | 28/255/1 | പുഷ്പവല്ലി | പാർപ്പിടം |

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികളുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി നടത്തിയതിലെ പിഴവ് മൂലമാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് പൂർത്തീകരിച്ച് അപാകങ്ങൾ പരിഹരിക്കുമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 28/05.07.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-22-14 സ്വകാര്യ ആശുപത്രികൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിച്ചു

1997ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ, പ്രകാരം രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത് പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിലാണ്.

| ക്രമ നം | വാർഡ്/കെട്ടിട നം | വിസ്തീർണം | കെട്ടിട ഉടമ | രജിസ്ട്രേഷൻ അപേക്ഷകൻ | സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 30/10 | 515.2 $M^2$ | പത്മാസനൻ എസ്,ലളിതാംബിക | ഡോ.അജയൻ | പാൻ ഹോസ്പിറ്റൽ |
| 2 | 30/570/1 | 179.55 $M^2$ | വാസുദേവൻ നായർ | ഡോ.വാസുദേവൻ നായർ | വിനയ്സ് ഡന്റൽ ക്ലിനിക് |
| 3 | 12/364 | 66 $M^2$ | വാസുദേവൻ | ഡോ.വി ഗിരിജ | ഗിരിജ ലബോറട്ടറി |

നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയ നടപടികളുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി നടത്തിയതിലെ പിഴവ് മൂലമാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് പൂർത്തീകരിച്ച് അപാകങ്ങൾ പരിഹരിക്കുമെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26/04.07.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നഗരസഭയിലെ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22-15 ടെലഫോൺ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

താഴെപ്പറയുന്ന വിവിധ ടെലഫോൺ ടവറുകളുടെ 2020-21 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉടമ/സ്ഥാപനം | 2020-21 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | 1/409/2 | M/S Indus Towers Limited | 168808 |
| 2 | 2/513/ | Reliance InfratalLtd. | 245296 |
| 3 | 10/149/2 | Aircell Dishnet Wireless Ltd | 120297 |
| 4 | 15/352/1 | Telecom Civil Sub Divisional Engineer | 116934 |
| 5 | 17/36/1 | Aircel Mobile Tower | 91247 |
| 6 | 17/492/2 | Dishnet Wireless Ltd | 82062 |
| 7 | 18/619/ | Tata Tele Services Ltd | 104116 |
| 8 | 20/199/1 | Aircel Dishnet Wireless Ltd | 93451 |
| 9 | 20/389/ | V.K.Rajan | 93311 |
| 10 | 21/460/1 | Sub Divisional Engineer,BSNL Telecom | 220437 |
| 11 | 23/113/2 | Manager Indus Towers Ltd | 112703 |
| 12 | 23/346/2 | Indus Towers Ltd | 45271 |
| 13 | 26/1228/1 | Dishnet Wireless L.t.d(AIRCEL) | 72405 |
| 14 | 28/375/2 | BSNL,Sub Divisional Engineer | 220437 |
| 15 | 30/502/1 | Wireless T.T Info Services Ltd Cochi | 72345 |
| 16 | 30/515/ | Biju.T.Nair | 134910 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 17/04.07.2022 ന് ലഭിച്ച മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക തുക ഈടാക്കി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22-16 നാളികേര വികസന കോർപ്പറേഷൻ ഓഫീസിന്റെ നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ പരിധിയിലുള്ള മാമം നാളികേര കോംപ്ലക്സിന്റെ വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റും, സെഡിക്കേറ്റഡ് കോക്കനട്ട് പൗഡർ പ്ലാന്റും പ്രവർത്തിക്കുന്നതിനായി നഗരസഭയിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്(കെട്ടിട നമ്പർ 16/396 മുതൽ 16/412 വരെ). മേൽ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക ഇനത്തിൽ 2000-01 മുതൽ 2022-23 സാമ്പത്തിക വർഷം വരെ 2527747/- രൂപയുടെ ഈടാക്കാനുണ്ട്(2016 നികുതി പരിഷ്കരണം കൂടാതെ). പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ നികുതി ഉപനികുതി കെട്ടിട വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് റിക്വിസിഷന്റെ മറുപടിയിൽ (04/06.07.22) കുടിശ്ശിക തുക ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്(ഡിമാന്റ് നോട്ടീസ് നം.R1-14760/18 തീ.23.04.2022). സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22-17 കെട്ടിടങ്ങളുടെ കാലപ്പഴക്കം - ഇളവ് രേഖപ്പെടുത്തുന്നതിൽ അപാകം

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 ,2013-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ, ചട്ടം 2(2)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2018 വർഷത്തിന് ശേഷം നികുതി നിർണയം അംഗീകരിച്ച കെട്ടിടങ്ങൾക്ക് പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് | സഞ്ചയയിൽ രേഖപ്പെടുത്തിയ കാലപ്പഴക്കം |
|---|---|---|---|---|---|---|
| 1 | 12/349/1 | സാജിത | പാർപ്പിടം | 51.27 $M^2$ | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 24 വർഷം |
| 2 | 12/496/4 | അബ്ദുൾ കബീർ എ | വാണിജ്യ കെട്ടിടം | 12.52 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 3 | 31/70/1 | വിജയൻ | പാർപ്പിടം | 183.37 $M^2$ | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 28 വർഷം |
| 4 | 31/144/1 | രത്നമ്മ.കെ | പാർപ്പിടം | 53.75 $M^2$ | 2018 ഒന്നാം അർദ്ധ വർഷം മുതൽ | 26 വർഷം |
| 5 | 26/794/1 | ജയലാൽ | വാണിജ്യ കെട്ടിടം | 3.7 $M^2$ | 2020 രണ്ടാം അർദ്ധ വർഷം മുതൽ | 15 വർഷം |

നിലവിലുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയും കെട്ടിടത്തിന് പുതിയ നമ്പർ നൽകിയുമാണ് നികുതി നിർണയം നടത്തിയതെങ്കിൽ ആയതിന്റെ കാലപ്പഴക്കം തെളിയിക്കുന്ന രേഖകളും ഫയലും പരിശോധനയ്ക്ക് ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും ക്രമ നമ്പർ 1 പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയത്(ഓഡിറ്റ് എൻക്വയറി നം.18/04.07.2022). സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ നിലവിലുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതിന്റെ വിവരം ലഭ്യമല്ല. മേൽ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

## 1-22-18 അനധികൃത കെട്ടിടങ്ങളുടെ വിവരം സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫാറം നമ്പർ 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ പ്രസ്തുത രജിസ്റ്റർ അപൂർണമാണ്. കൂടാതെ, കെട്ടിടത്തിന് നൽകിയ പ്രത്യേക നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

A)സഞ്ചയയിൽ ഉൾപ്പെട്ടതും രജിസ്റ്ററിൽ രേഖപ്പെടുത്താത്തതുമായ കെട്ടിടങ്ങൾ

| Sl.No | Door NO | Owner Name | Owner Address |
|---|---|---|---|
| 1 | 2/527/UA1 | Anzar Muhammed | M P S Building |

| | | | |
|---|---|---|---|
| 2 | 6/126/1UA | Resmi | Kunnumpurath Thodiyil Veedu |
| 7 | 26/1302/2UA | Safeerudeen, Saifudeen, Jyothidas | Rajakumari Shopping Complex |
| 8 | 26/1302/3UA | Safeerudeen, Saifudeen, Jyothidas | Rajakumari Shopping Complex |

B)രജിസ്റ്ററിൽ രേഖപ്പെടുത്തിയ താഴെപ്പറയുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല(കെട്ടിടത്തിന് നൽകിയ പ്രത്യേക നമ്പർ രേഖപ്പെടുത്തിയിട്ടില്ല.)

| Sl.No | വാർഡ് നമ്പർ | പേര് വിവരം |
|---|---|---|
| 1 | 17 | പത്മകുമാരി, പത്മവിലാസ് |
| 2 | 17 | രമേശ്, ശ്യാമളാലയം |
| 3 | 26 | നടരാജൻ, സ്വാഗത് |
| 4 | 10 | സുഷമ, കാർത്തിക |

നഗരസഭയിലെ അനധികൃത നിർമ്മാണങ്ങളുടെ വിവരം കൃത്യമായി പരിപാലിക്കാത്തതിനാൽ അനധികൃത കെട്ടിട നിർമ്മാണങ്ങളിൽമേൽ സ്വീകരിച്ച തുടർ നടപടികൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച എൻക്വയറിക്ക് (നം.83./11.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും അനധികൃത നിർമ്മാണങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23 തൊഴിൽ നികുതി-വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, നഗരസഭ തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-23-1 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ ഉടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, നഗരസഭാ പരിധിയിലുള്ള അഭിഭാഷകർക്ക് നോട്ടീസ് നൽകി 2020-21 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/05.07.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന അഭിഭാഷകർ തൊഴിൽ നികുതി ഒടുക്കുന്നതിന് തയ്യാറായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23-2 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (10) എന്നിവ പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/05.07.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-23-3 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

സർക്കുലർ നം.19577/എൽ 2/97/തസ്വഭവ തീയതി.24.10.1997 പ്രകാരം റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/05.07.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-23-4 വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (9) പ്രകാരം മോട്ടോർവാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ, നഗരസഭയിൽ 2020-21 വർഷം ഇപ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/05.07.2022ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഉടമകളുടെ വിവരം ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മേൽ വാഹന ഉടമകളുടെ വിവരം ശേഖരിച്ച് പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23-5 ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2020-21 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/05.07.2022ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-24 വിനോദ നികുതി, പരസ്യ നികുതി - രേഖകൾ ഹാജരാക്കിയില്ല

2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-1 Tax Revenue ഷെഡ്യൂൾ പ്രകാരം പരസ്യനികുതി ഇനത്തിൽ 10,250/- രൂപയുടെയും വിനോദ നികുതി ഇനത്തിൽ 1,08,818/- രൂപയുടെയും വരവുണ്ട്. പ്രസ്തുത വരവുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും (ഓഡിറ്റ് റിക്വിസിഷൻ നമ്പർ 02/05.07.2022 ) ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-25 പി എം എ വൈ ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പി എം എ വൈ പദ്ധതി - 6th DPR ൽ ഉൾപ്പെട്ടതും 2018-19 വർഷം ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റി 2021-22 വർഷത്തിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക<br>20-21 വർഷം | ആകെ തുക |
|---|---|---|
| മഞ്ജു - എസ്<br>ചരുവിള പുത്തൻ വീട്<br>BA-40/18-19 | 360000 | 360000 |
| സുലോചന<br>ചരുവിള പുത്തൻ വീട്<br>മേലാംകോണം<br>BA-46/18-19 | 200000 | 200000 |
| പ്രസന്ന<br>മാവിളത്ത് വീട്<br>ചെറുവള്ളി മുക്ക്<br>BA-72/18-19 | 360000 | 360000 |
| രാഗിണി എൻ<br>അന്നൂർ വീട് , കുന്നവാരം<br>BA-78/18-19 | 360000 | 360000 |
| പുഷ്പ റ്റി .രാജ് നിവാസ്<br>BA-78/18-19 | 360000 | 360000 |
| സുനിത , എസ് എസ്<br>തട്ടാൻ വിള വീട്<br>BA-70/18-19 | 200000 | 200000 |
| അപർണ്ണ എസ്<br>മത്തിയോട് , കിഴക്കം കര<br>BA-68/18-19 | 360000 | 360000 |

പി എം എ വൈ പദ്ധതി - 7th DPR ൽ ഉൾപ്പെട്ട 20-21 വർഷം കരാറിലേർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഗഡുക്കൾ പൂർണ്ണമായും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക 20-21 വർഷം | ആകെ തുക |
|---|---|---|
| അനിത എ ആർ<br>തൈവിളാകം വീട്<br>BA-25/20-21 | 40000 | 40000 |
| ലളിത C<br>പാറക്കൽ പുത്തൻ വീട്<br>BA-64/20-21 | 200000 | 200000 |
| പ്രീതി ആർ<br>അക്കര വിളയിൽ<br>BA-23/20-21 | 200000 | 200000 |
| ബിന്ദു . റ്റി<br>മോളിനിവാസ് വീട് ,<br>BA-28/20-21 | 200000 | 200000 |
| രാഗി<br>നാഗശ്രീ നിവാസ്<br>BA-66/20-21 | 40000 | 40000 |
| സജിത എസ് എസ്<br>വടക്കേ വിള വീട്<br>BA-19/20-21 | 40000 | 40000 |
| രാഗിണി<br>ആന്നൂർ വീട്<br>BA-2/20-21 | 40000 | 40000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-26 വെള്ളക്കരം സമയബന്ധിതമായി ഒടുക്ക് വരുത്തുന്നില്ല - പിഴപ്പലിശ ഇനത്തിൽ തുക ഒടുക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥാപനങ്ങളുടെ വെള്ളക്കരം സമയബന്ധിതമായി ഒടുക്ക് വരുത്താത്തതിനാൽ വെള്ളക്കരത്തിനോടൊപ്പം പിഴപ്പലിശ ഇനത്തിൽ തുക കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (വൗച്ചർ നം.21,03/21, ഫയൽ നം.PW3/3203/05).

| ക്രമ നം. | കൺസ്യൂമർ ഐ.ഡി | സ്ഥാപനം | കെ.ഡബ്യൂ.എ ബിൽ നം./തീ. | വാട്ടർ ചാർജ്ജ് ഇനത്തിൽ ഒടുക്കിയ തുക | പിഴപ്പലിശ ഇനത്തിൽ ഒടുക്കിയ തുക |
|---|---|---|---|---|---|
| 1 | 2172137526 | മുനിസിപ്പൽ ഓഫീസ് | 70610426/15.01.21 | 113464 | 4064 |
| 2 | 2172141785 | അങ്കണവാടി നം.9 | 69405282/16.12.20 | 137449 | 5295 |
| 3 | 2172125216 | ബയോഗ്യാസ് പ്ലാന്റ് | 67569249/04.11.20 | 95656 | 3632 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല(78/08.07.2022). വിവിധ കണ്ടിജന്റ് ചെലവുമായി ബന്ധപ്പെട്ട തുകകൾ സമയബന്ധിതമായി ഒടുക്ക് വരുത്തുന്നതിനായി സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള ആവശ്യകതാ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും ആവശ്യകത പരിഗണിച്ച് സ്ഥാപന മേധാവികൾക്ക് തുക

അനുവദിക്കേണ്ടതാണെന്നും സ.ഉ.(എം.എസ്)നം.22/2018/തസ്വഭവ തീ.14.02.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിക്കാതെ പിഴപ്പലിശ ഇനത്തിൽ തുക അടവാക്കുന്നത് നഗരസഭയുടെ ഭാഗത്തെ പിഴവാണ്. ഭാവിയിൽ പ്രസ്തുത അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പത്രപ്പരസ്യം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് കണക്കാക്കിയില്ല.

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്കുള്ള നിരക്ക് ജി.ഒ(ആർ.ടി).നം.551/15/I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014, ജി.ഓ (പി) നം.1/2019 /I&PRD തീ.07.01.2019, ജി.ഓ(പി)നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, പരസ്യങ്ങൾ പി.ആന്റ്.എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാതൃഭൂമി ദിനപത്രത്തിൽ പരസ്യം നൽകിയപ്പോൾ 15% ഡിസ്കൗണ്ട് കണക്കാക്കാതെയാണ് തുക അനുവദിച്ചത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം നം. | വൗച്ചർ നം. | ഇൻവോയ്സ് നം. | ബിൽ തുക |
|---|---|---|---|
| 1 | 59/06/20 | 321000128365/22.02.2020 | 5460 |
| 2 | 41/01/21 | 321000078832/18.10.2020 | 5460 |
| 3 | 70/02/21 | 321000069556/16.12.2020 | 5460 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (73/08.07.2022). 2020-21 വർഷം ഡിസ്കൗണ്ട് അനുവദിക്കാതെ നൽകിയ ബില്ലുകളിൽ നിന്നും പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ ജി.ഓ.(പി) നം.10/2019/എസ്.പി.ഡി തീ.22.08.2019, സർക്കുലർ നം.ഐ.ടി.സെൽ -1/26/2019/വി.സ.വ തീ.18.03.2019 എന്നിവ പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രീകൃത പ്രൊക്യൂർമെന്റ് സംവിധാനമായ സി.പി.ആർ.സി.എസ് മുഖേന മാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ സർക്കാർ ഓഫീസുകളിലും നിർദ്ദിഷ്ട മാതൃകയിലുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ രജിസ്റ്റർ പരിപാലിക്കണമെന്ന് സർക്കുലർ നം.86/2010/ ഫിൻ തീ.24.09.2010 പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ നഗരസഭയിൽ ലാപ് ടോപ്പ്, കമ്പ്യൂട്ടർ എന്നിവ വാങ്ങിയത് സി.പി.ആർ.സി.എസ് സംവിധാനം മുഖേനയല്ല. കൂടാതെ, നഗരസഭയിലെ കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷം വാങ്ങിയ നേരിട്ട് വാങ്ങൽ നടത്തിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ഫയൽ നം. | ഇനം | സ്ഥാപനം/ഇൻവോയ്സ് നം. | തുക |
|---|---|---|---|---|---|
| 1 | 72/11/20 | PH2/11739/20 | Laptop Purchase | വിൻസ്റ്റാർ സിസ്റ്റം 3542/27.10.2020 | 46600/- |
| 2 | 83/11/20 | PW3/8210/19 | Computer Purchase | ചെയിൻ കമ്പ്യൂട്ടേഴ്സ് 576/09.11.2020 | 22660/- |

കോവിഡ് പശ്ചാത്തതലത്തിൽ അടിയന്തിര സാഹചര്യം പരിഗണിച്ചാണ് നേരിട്ട് വാങ്ങൽ നടത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ, കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ രജിസ്റ്റർ പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 62/08.07.2022 ന്റെ മറുപടി). സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതും കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-29 മാലിന്യങ്ങൾ നീക്കം ചെയ്യൽ - മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു

നഗരസഭയിലെ അജൈവ മാലിന്യ സംസ്കരണ പരിപാലന കേന്ദ്രത്തിലേയ്ക്കായി, ഹരിത കർമ്മസേന മുഖാന്തിരം ശേഖരിച്ച മാലിന്യങ്ങൾ വനിത വികസന കേന്ദ്രത്തിന്റെ മുന്നിൽ നിന്നും നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമായി നഗരസഭ ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. ജയകുമാർ, വയൽ നികത്തിയ പുത്തൻവീട് എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും പ്രവൃത്തി ചെയ്ത ഇനത്തിൽ 300000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട് (വൗച്ചർ നം.51,04/20). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം[ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010] മതിപ്പുവില ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. എന്നാൽ മൂന്ന് ലക്ഷം രൂപ ചെലവഴിച്ച മേൽ പ്രവൃത്തിക്കായി ക്വട്ടേഷനാണ്

ക്ഷണിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത് (ഫയൽ നം.PH2/3308/20).

അടിയന്തിര സാഹചര്യം പരിഗണിച്ച് നടപ്പാക്കിയ പ്രവൃത്തി ആയതിനാലാണ് ടെൻഡർ ക്ഷണിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 66/08.07.2022 ന്റെ മറുപടി). സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകളുടെ അഭാവത്തിൽ 260000/- രൂപ തടസപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കുലർ നം.46/ഡി.സി 1/2020/തസ്വഭവ തീ.05.02.2020 പ്രകാരവും കോവിഡ് പശ്ചാത്തലത്തിൽ നടപ്പാക്കേണ്ട മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ച സർക്കുലർ നം.ഡി.സി 1/191/2020 /തസ്വഭവ തീ.01.05.2020 പ്രകാരവും സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും 2020-21 വർഷത്തേയ്ക്ക് നഗരസഭയ്ക്ക് 310000/- രൂപ അനുവദിച്ചിട്ടുണ്ട്(ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.10.2020 ലെ 102/ഡി/2020/എസ്എം നമ്പർ കത്ത്). ഫയൽ പരിശോധിച്ചതിൽ(ഫയൽ നം.PH2/10957/14) പ്രസ്തുത തുകയിൽ നിന്നും 26 വാർഡുകളിലായി 260000/-(വൗച്ചർ നം.81/05/20) രൂപ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ശുചിത്വ മിഷന് നൽകിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ 310000/- രൂപ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.(നം.PH-7841/2020 തീ.27.10.2020). വിവിധ വാർഡുകളിൽ നടപ്പാക്കിയ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാർഡ് നം.6, 10, 28, 29, 31 എന്നിവയ്ക്കായി അനുവദിച്ച തുകയുടെ വിശദാംശം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ തുടർ വർഷത്തിലാണ് വാർഡ് നം.6, 10, 28, 29, 31 എന്നിവയ്ക്കായി തുക അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത് (64/08.07.2022). രേഖകളുടെ അഭാവത്തിൽ 260000/- രൂപ തടസപ്പെടുത്തുന്നു. 2020-21 വർഷം ചെലവഴിക്കാത്ത 50000/- രൂപയ്ക്ക് ഉൾപ്പെടെ വിനിയോഗ സാക്ഷ്യപത്രം നൽകിയതിനുള്ള വിശദീകരണം, മഴക്കാല ശുചീകരണ പ്രവർത്തനങ്ങളുടെ 2020-21 വർഷത്തെ ചെലവ് വൗച്ചറുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ശുചിത്വമിഷനിൽ നിന്നും ലഭിക്കുന്ന തുകകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മരങ്ങൾ മുറിച്ച് മാറ്റൽ-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യു വൃക്ഷങ്ങൾ 2020-21 വർഷത്തിൽ മുറിച്ച് മാറ്റിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ മുറിച്ചുമാറ്റപ്പെട്ട പ്രസ്തുത മരങ്ങളുടെ വനം വകുപ്പിന്റെ വാല്യുവേഷൻ, മരങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച വിശദാംശം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു (സാംഖ്യ പേയ്മെന്റ് വൗച്ചർ സൂക്ഷിച്ചിട്ടില്ല).

| ക്രമ നം. | വൗച്ചർ നം. | ഫയൽ നം. | വിഷയം | തുക |
|---|---|---|---|---|
| 1 | 92/05/20 | PH2/5450/20 | നഗരസഭ കോമ്പൗണ്ട് Tree Cutting | 18000/- |
| 2 | 59/02/21 | PH2/7181/20 | രാമച്ചം വിള എൽ.പി.എസ് Tree Cutting | 7000/- |
| 3 | 82/07/20 | PH2/1749/20 | ടൗൺ യു പി എസ് Tree Cutting | 10500/- |
| 4 | 39/07/20 | PH2/5952/20 | Tree Cutting | 8000/- |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14/07/2017 ലെ 248/ആർ.സി.3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ ശിഖരങ്ങൾ ഒടിഞ്ഞുവീണും കടപുഴകിയുമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി തദ്ദേശഭരണ സ്ഥാപന ചെയർമാന്റെ അദ്ധ്യക്ഷതയിൽ പ്രാദേശിക തലത്തിൽ കമ്മിറ്റി (വില്ലേജ് ഓഫീസർ, വനം വകുപ്പ് റേഞ്ച് ഓഫീസർ അംഗങ്ങൾ) രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപകടാവസ്ഥയിലുള്ള മരങ്ങളുടെ വിവരം പ്രസ്തുത കമ്മിറ്റി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും മുറിച്ച് മാറ്റുന്ന മരങ്ങളുടെ വാല്യുവേഷൻ വനം വകുപ്പ് തിട്ടപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചതിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുറിച്ച് മാറ്റിയ മരങ്ങൾ ഉപയോഗ ശൂന്യമായതിനാലാണ് ലേലം നടപ്പാക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.60/08.07.2022). എന്നാൽ പ്രസ്തുത വിഷയം സാധൂകരിക്കുന്ന റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഹാജരാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായി പാലിച്ച് മരങ്ങൾ മുറിച്ച മാറ്റേണ്ടതുമാണ്.

## 1-32 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 16 G 2947 നം. ആംബുലൻസ് (മാരുതി ഒമിനി) നിലവിൽ പ്രവർത്തന രഹിതമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, പ്രസ്തുത വാഹനത്തിന്റെ ഇൻഷുറൻസ് 16.02.22 ന് അവസാനിച്ചു എന്നും ഓഡിറ്റ് എൻക്വയറി നമ്പർ 19/04.07.22 ന്റെ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 10.03.2022 വരെ വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻഷുറൻസ് കാലാവധി തീർന്ന വാഹനം ഉപയോഗിച്ചതിന്റെയും ഇൻഷുറൻസ് പുതുക്കാത്തതിന്റെയും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.85/11.07.2022). നഗരസഭയിലെ വാഹനങ്ങളുടെ റിപ്പയർ & മെയിന്റനൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാഹനം റിപ്പയർ & മെയിന്റനൻസ് നടത്തി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം പൊതുമരാമത്ത് വകുപ്പിന്റെ 28.04.2014

ലെ 468/സി2/2014/പൊ.മ.വ നമ്പർ സർക്കുലർ പ്രകാരവും സ.ഉ(കൈ)നം.45/2019/തസ്വഭവ തീ.16.10.2019 പ്രകാരവുമുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ(തിരുവനന്തപുരം) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-33 ദേശീയ പെൻഷൻ പദ്ധതി - തുക സമയബന്ധിതമായി ഒടുക്ക് വരുത്തുന്നില്ല.

2013-14 സാമ്പത്തിക വർഷം മുതൽ 2016-17 വർഷം വരെയുള്ള കാലയളവിൽ നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാരുടെയും 2018 മാർച്ച് വരെയുള്ള കാലയളവിലെ കണ്ടിജന്റ് ജീവനക്കാരുടെയും ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്ത ദേശീയ പെൻഷൻ പദ്ധതി വിഹിതവും (NPS) നഗരസഭ വിഹിതവും നാളിതുവരെ ബന്ധപ്പെട്ട പെൻഷൻ അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | ഒടുക്കേണ്ട തുക |
|---|---|---|
| 2013-14 | റഗുലർ | 14072 |
| | കണ്ടിജന്റ് | 5692 |
| 2014-15 | റഗുലർ | 167444 |
| | കണ്ടിജന്റ് | 127468 |
| 2015-16 | റഗുലർ | 241584 |
| | കണ്ടിജന്റ് | 311906 |
| 2016-17 | റഗുലർ | 135092 |
| | കണ്ടിജന്റ് | 413536 |
| 2017-18 | റഗുലർ | 0 |
| | കണ്ടിജന്റ് | 452772 |
| | ആകെ | 1869566 |

പെൻഷൻ വിഹിതം ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (86/11.07.2022)മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല - പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

നഗരസഭയുടെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1998-99 സാമ്പത്തിക വർഷം മുതൽ 2020-21 വർഷം വരെ നഗരസഭയിലെ ജീവനക്കാർക്ക് നൽകിയ മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. ക്രമീകരിക്കാത്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | അനുവദിച്ച തുക |
|---|---|---|
| 1 | 1998-99 | 12150 |
| 2 | 1999-20 | 14250 |
| 3 | 2000-01 | 5400 |
| 4 | 2001-02 | 8650 |
| 5 | 2002-03 | 4120 |
| 6 | 2003-04 | 8300 |
| 7 | 2004-05 | 5000 |

| | | |
|---|---|---|
| 8 | 2007-08 | 400 |
| 9 | 2008-09 | 37500 |
| 10 | 2009-10 | 400 |
| 11 | 2010-11 | 26000 |
| 12 | 2011-12 | 72000 |
| 13 | 2013-14 | 30000 |
| 14 | 2014-15 | 65000 |
| 15 | 2015-16 | 12360 |
| 16 | 2017-18 | 6000 |
| 17 | 2018-19 | 4000 |
| 18 | 2019-20 | 30500 |

ജി.ഓ (പി) 419/2011/Fin നം ഉത്തരവ് തീയതി 04-10-11 (കെ.എഫ്.സി അനുച്ഛേദം 99) പ്രകാരം അഡ്വാൻസ് കൈപ്പറ്റി മൂന്ന് മാസത്തിനകം ബില്ലുകൾ സമർപ്പിച്ച് തുക ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 18% പലിശ നിരക്കിൽ തുക ഈടാക്കേണ്ടതാണ്. തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.72/08.07.2022 ന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 09.01.2020 ലെ ജി.ഒ.(പി).5/2020/ഫിൻ നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ മുൻകൂറുകൾ അനുവദിക്കുന്നതിനായി സ്വീകരിക്കേണ്ടതും ക്രമീകരിക്കാത്ത മേൽതുകകൾ തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-35 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നിയമനം നടത്തുന്നു.

പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനത്തിന്റെ പരിധിയിൽപെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം വകുപ്പ് തലവന്മാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും 05.02.2014 ലെ 25941/ജി2/2013/എൽബിആർ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ നേരിട്ടും അംഗീകാരമില്ലാത്ത തസ്തികയിലും നിയമനം നടത്തിയിട്ടുണ്ട്. 2014 ന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമല്ലാതെ നിയമിതരായ ദിവസവേതന കരാർ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 80/11.07.2022 ന് ലഭിച്ച മറുപടി)

| ക്രമ നം | പേര് | തസ്തിക/ ഉദ്യോഗപ്പേര് | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | മനോജ് ആർ കെ | ഡ്രൈവർ | 2017(തീയതി ലഭ്യമാക്കിയില്ല) |
| 2 | വിനോദ് സി | ഡ്രൈവർ | 2019(തീയതി ലഭ്യമാക്കിയില്ല) |
| 3 | ചിഞ്ചു ബി എസ് | ഓവർസീയർ | 27.03.2019 |
| 4 | രാജൻ എസ് | വാച്ചർ | 10.02.2020 |
| 5 | സജീന ബീഗം | അക്കൗണ്ടിംഗ് അസിസ്റ്റന്റ് | 26.02.2019 |

ക്രമ നമ്പർ 4, 5എന്നിവ പ്രകാരമുള്ള ജീവനക്കാർ അംഗീകാരമില്ലാത്ത തസ്തികയിൽ നിയമിതരായതിനാൽ സർക്കാർ അംഗീകാരത്തിനായി അപേക്ഷ നൽകിയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ മേൽ നിയമനങ്ങൾ നടത്താനുണ്ടായ സാഹചര്യം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശഭരണസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ

സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

5) മേൽനോട്ടം ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലയിൽ നടത്തണം. ജൈവ വൈവിദ്ധ്യ രജിസ്റ്റർ കാലാനുസൃതമാക്കണം.

പരിസ്ഥിതി സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 29/05.07.2022) മറുപടി ലഭ്യമാക്കിയില്ല.

നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-37 കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നതിനുള്ള നടപടികളുണ്ടാകണം.

കൃഷി ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO218/21 | |
| പ്രോജക്ടിന്റെ പേര് | ജീവനി പച്ചക്കറി കൃഷി - എല്ലാവർക്കും ആരോഗ്യം(SO) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 819562 | 819562 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 124388 | 0 |
| ആകെ | 943950 | 819562 |
| ബിൽ നമ്പർ | ബിൽ നമ്പർ 06/20.04.20 തുക 366187<br>(ഇടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് - എല്ലുപൊടി)<br>ബിൽനമ്പർ 05/20.04.20 തുക 453375<br>(ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക് നഴ്സറി - കറിവേപ്പ്, പപ്പായ, മുരിങ്ങ, അഗസ്തി, മാലി മുളക്, ടിഷ്യൂ കൾച്ചർ വാഴ) | |

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO179/21 | |
| പ്രോജക്ടിന്റെ പേര് | ജൈവ പച്ചക്കറി കൃഷി (കുടുംബശ്രീ അയൽക്കൂട്ടങ്ങൾ)(SO) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 380575 | 380575 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 64025 | 0 |
| ആകെ | 444600 | 380575 |
| ബിൽ നമ്പർ | ബിൽ നമ്പർ 04/20.04.20 തുക 3,80,575/-<br>(ഇടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് - Vermi Compost)<br>(ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക് നഴ്സറി - പച്ചക്കറി തൈകൾ) | |

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO181/21 | |
| പ്രോജക്ടിന്റെ പേര് | തെങ്ങ് കൃഷി വികസനം (തെങ്ങുംതൈ വിതരണം)(SO) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 232500 | 232500 |

| | | |
|---|---|---|
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 77500 | 0 |
| ആകെ | 310000 | 232500 |
| ബിൽ നമ്പർ | ബിൽ നമ്പർ 03/20.04.20 തുക232500<br>(ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക് നഴ്സറി ) | |

| | |
|---|---|
| പ്രോജക്ട് നമ്പർ | SO225/21 |
| പ്രോജക്ടിന്റെ പേര് | പതിനഞ്ചിന പരിപാടി - ജീവനി ജൈവ പച്ചക്കറി കൃഷി |
| അടങ്കൽ | 600000 (വികസന ഫണ്ട്) |
| ചെലവ് | 600000 |
| ബിൽ നമ്പർ | 13/22.03.2021 |

1)പ്രസ്തുത പ്രോജക്ടുകളിലൊന്നിലും മോണിറ്ററിംഗ് നടന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2)പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ഫലമായി ഉല്പാദന വർദ്ധനവുണ്ടായതിന്റെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 61/ 08.07.2022) മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ടുകളുടെ മോണിറ്ററിംഗ് കൃത്യമായി നിർവ്വഹിക്കേണ്ടതും ഉല്പാദന വർദ്ധനവ് സംബന്ധിച്ച കണക്കുകൾ അവലോകനം ചെയ്യേണ്ടതുമാണ്.

## 1-38 തുടർ വിദ്യാഭ്യാസ പദ്ധതി - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO175/21 |
| പ്രോജക്ടിന്റെ പേര് | തുടർ വിദ്യാഭ്യാസ പദ്ധതി(SO) |
| അടങ്കൽ | 59500 |
| ചെലവ് | 59500 |
| ബിൽ നമ്പർ | 57/11.04.2020 |
| നിർവ്വഹണം | എച്ച്.എം. |

പത്താംതരം തുല്യതാ പഠനത്തിന് 1750/- രൂപ വീതം 10 പേർക്കും പ്ലസ് വൺ തുല്യതാ പഠനത്തിന് 2200/- രൂപ വീതം 10 പേർക്കും ഗുഡ് ഇംഗ്ലീഷ് കോഴ്സിന് 2000/- രൂപ വീതം 10 പേർക്കും രജിസ്ട്രേഷൻ ചെയ്യുന്നതിനായി സാക്ഷരത മിഷന് തുക കൈമാറി.

ഗുഡ് ഇംഗ്ലീഷിന് ചേർന്ന 10 പേരും പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് വാങ്ങിയതായും പത്താം തരത്തിൽ രണ്ട് പേർ പരീക്ഷയെഴുതിയതായും പ്ലസ് വൺ തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്ത 3 പേർ പരീക്ഷയെഴുതി പ്ലസ് ടുവിലേക്കായതായും ബാക്കിയുള്ളവർ വരുന്ന വർഷത്തെ പരീക്ഷയെഴുതുന്നതാണെന്ന് അറിയിച്ചതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 35/06.07.2022ന്റെ മറുപടി).

പരീക്ഷയെഴുതാത്തവരെ കൂടി പരീക്ഷയിൽ പങ്കെടുപ്പിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ - 15,69,100/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

2020-21 വർഷത്തിൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്റ്റ് നം. 101/20-21 ഡയാലിസിസ് യൂണിറ്റ് ചെലവുകൾ എന്ന പദ്ധതിക്കായി ബിൽ നം. 24/20-21 പ്രകാരം 12/20 ൽ 36,200/- രൂപ ചെലവിട്ട് RV Electronics കരമന എന്ന സ്ഥാപനത്തിൽ നിന്നും AC/Stabilizer എന്നിവ വാങ്ങി. എന്നാൽ CPRCS, Gem എന്നീ പോർട്ടലുകൾ മുഖേനയല്ല വാങ്ങിയത്. മൽസരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കാതെയാണ് പ്രസ്തുത വാങ്ങൽ നടത്തിയിരിക്കുന്നത്. എ.സി എവിടെ സ്ഥാപിച്ചു എന്ന് വ്യക്തമല്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ടോ എ.സി. സ്ഥാപിച്ചത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ ഇല്ല. മേൽ സാഹചര്യത്തിൽ 36200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്റ്റ് നം.101/20-21

ബിൽ നം. 20/20-21 പ്രകാരം 3.12.2020 ൽ 28,554/- രൂപയും ബിൽ നം. 27/20-21 പ്രകാരം 5.1.2021 ൽ 10,204/- രൂപയും ഇന്ധനം വാങ്ങിയ വകയിൽ SNV Fuels എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നു. എന്നാൽ 4995/- രൂപയുടെ ക്യാഷ് ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ക്യാഷ് ബില്ലുകളുടെ അഭാവത്തിൽ 33763/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. പ്രോജക്റ്റ് നം. 100/20-21 പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്കായി ബിൽ നം.52/20-21 പ്രകാരം 29.3.2021 ൽ 70,000/- രൂപ ചെലവിട്ട് Liano Medical Systems, നെയ്യാറ്റിൻകര എന്ന സ്ഥാപനത്തിൽ നിന്നും Brio Combination Therapy Unit എന്ന മെഡിക്കൽ ഉപകരണം വാങ്ങി. എന്നാൽ മെഡിക്കൽ ഉപകരണം വാങ്ങുന്നതിന് മുമ്പ് KMSCL ൽ നിന്നും 'നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ' വാങ്ങിയിട്ടില്ല. പ്രസ്തുത വാങ്ങലിന് പർച്ചേസ് കമ്മിറ്റി അംഗീകാരം നൽകിയതായി കാണുന്നില്ല. മൂന്ന് സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ പരസ്യം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ

70,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. Inhouse Drug Bank, Medical College, Trivandrum എന്ന സ്ഥാപനത്തിന് ബിൽ നം. 36/20-21 പ്രകാരം 24.3.2021 ൽ (Project No.100/20-21) 2,57,639/-രൂപയും, ബിൽ നം. 54/20-21 (Project No.99/20-21) പ്രകാരം 29.3.2021 ൽ 4,60,700/- രൂപയും മരുന്ന് വിതരണത്തിനായി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം മരുന്ന് വിതരണം ചെയ്തതിന്റെ തെളിവായി Supply Invoice, Delivery Note, മരുന്ന് വിതരണം ചെയ്തത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 7,18,339/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

5. താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ വൗച്ചർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 100/20-21 | 14/20-21 | 23.10.2020 | 1,79,968 |
| 101/20-21 | 15/20-21 | 3.11.2020 | 60,650 |
| 100/20-21 | 16/20-21 | 3.11.2020 | 23,800 |
| 101/20-21 | 29/20-21 | 4.2.2021 | 61,500 |
| 100/20-21 | 30/20-21 | 5.3.2021 | 27,830 |
| 101/20-21 | 31/20-21 | 5.3.2021 | 57,050 |
| 99/20-21 | 37/20-21 | 24.3.2021 | 3,00,000 |
| ആകെ | | | 7,10,798 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 11.7.2022 തീയതിയിൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.- 81 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ക്രമ നം (5) ൽ പ്രതിപാദിക്കുന്ന ചെലവുകൾക്ക് ആധാരമായ തുക 7,10,798/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ക്രമ നമ്പർ 1മുതൽ 5വരെ പരാമർശിച്ച ആകെ ചെലവ് തുകയായ 15,69,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകളും, മറുപടിയും ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-40 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട് . പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ .

| | |
|---|---|
| പ്രോജക്റ്റ് നം. | 220/21 |
| പ്രോജക്റ്റിന്റെ പേര് | കോവിഡ് രോഗ ബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ പരിരക്ഷാ പ്രവർത്തനങ്ങൾ |
| അടങ്കൽ | 200000 |
| ചെലവ് | 200000 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | 181/27-8-20-145910<br>477/29-3-21- 54090 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ സാധനങ്ങൾ ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്. 145910/- രൂപയുടെ സാധനങ്ങൾ സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ബാക്കി 54090/- രൂപയുടെ

ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല. മുഴവൻ ഇനങ്ങളുടെയും വിതരണ വിവരവും ലഭ്യമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/4-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല.
ബി .

| | |
|---|---|
| പ്രോജക്റ്റ് നം. | 302/21 |
| പ്രോജക്റ്റിന്റെ പേര് | കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | 500000 |
| ചെലവ് | 500000 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് |
| ബിൽ നമ്പർ | 299/1-2-21 തുക 500000 |

കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സാമഗ്രികൾ വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്യുന്ന മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1 . പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സാധന സാമഗ്രികൾ വാങ്ങുന്നതിന് ത്രിവേണി സൂപ്പർ മാർക്കറ്റ് ആറ്റിങ്ങലിന് 5,00,000/- രൂപ നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. ആർക്കാണ് വിതരണം ചെയ്തതെന്നതിന്റെ വിവരവും ലഭ്യമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/4-7-22 ന) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-41 വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി -കലാ പരിശീലന വിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 31/21 |
| പ്രോജക്ടിന്റെ പേര് | വജ്ര ജൂബിലി കലാകാരൻമാർക്ക് ഫെല്ലോഷിപ്പും ഓണറേറിയവും അനുബന്ധ ചെലവുകളും |
| അടങ്കൽ | 325000 |
| ചെലവ് | 180000 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | 1.ബിൽ നം. 182/27-8-20-60000<br>2.ബിൽ നം 246/11-12-20-60000<br>3.ബിൽ നം 340/10-3-21-60000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

1 . മേൽ ബില്ലുകൾ പ്രകാരം നഗരസഭ പരിധിയിൽ കലാ പരിശീലനം നൽകുന്നതിനായി സാംസ്കാരിക വകുപ്പിന്റെ വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട മേഘ ജി എസ്, മീന സി കെ, സാല്യ . എസ് ആർ എന്നിവർക്ക് 2020 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ കലാപരിശീലനം നൽകിയതിന് യഥാക്രമം 90000, 45000, 45000 എന്നിങ്ങനെ ഫെലോഷിപ്പ് തുകകൾ അനുവദിച്ച നൽകിയിട്ടുണ്ട്. ഒരു മാസത്തേക്ക് 5000/- രൂപ വീതം ഒൻപത് മാസത്തേക്ക് 45000/- രൂപ വീതമാണ് ഓരോരുത്തർക്കും അനുവദിക്കേണ്ടത്. എന്നാൽ മേഘ ജി എസ് -ന് 90000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അധിക തുക അനുവദിക്കാനിടയായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/4-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

2 . പഠിതാക്കളുടെ ഹാജർ വിവരം, കലാപരിശീലനം നൽകിയതിന്റെ വിശദാംശം, കലാപരിശീലനം വേണ്ടവരുടെ ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും ലഭ്യമാക്കിയിട്ടില്ല. പരാമർശ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-42 തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ - മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 221/21 |
| പ്രോജക്ടിന്റെ പേര് | തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ |
| അടങ്കൽ | 100000/- |
| ചെലവ് | 100000/- |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | ബിൽ നം.360/19-3-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം പ്രഫോർമ ഇൻവോയ്സ് നം.6633@N/2021/3 തീയതി 10-3-21 പ്രകാരം താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 1,00,000/- രൂപ IN HOUSE DRUG BANK എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക്, വിതരണം എന്നിവയുടെ വിവരം ലഭ്യമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/5-7-22) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-43 ജെം മുഖേനെ ഫോട്ടോകോപ്പിയർ വാങ്ങൽ - രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 350/21 |
| പ്രോജക്റ്റിന്റെ പേര് | നഗരസഭക്ക് ഫോട്ടോകോപ്പി മെഷീനും സർവ്വർ കമ്പ്യൂട്ടറും വാങ്ങൽ പദ്ധതി |
| അടങ്കൽ | 370000/- |
| ചെലവ് | 147878/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നമ്പർ | ബിൽ നം.339/8-3-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി രൂപീകരണ ഫോം 3 പ്രകാരം ഫോട്ടോസ്റ്റാറ്റ് മെഷീന് 110000/- രൂപയും സർവ്വർ കമ്പ്യൂട്ടറിന് 260000/- രൂപയും വകയിരുത്തി വാങ്ങൽ നടത്തുന്നതിന് വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതിയിലുൾപ്പെടുത്തി ഫോട്ടോസ്റ്റാറ്റ് മെഷീൻ മാത്രമാണ് വാങ്ങിയിട്ടുള്ളത്. പ്രോജക്റ്റിൽ ടി ഇനത്തിനായി വകയിരുത്തിയ തുകയിൽ അധികരിച്ചാണ് ഫോട്ടോകോപ്പിയർ വാങ്ങിയിട്ടുള്ളത്. സർവ്വർ കമ്പ്യൂട്ടർ വാങ്ങാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

2. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല .

3. നോട്ട് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം UNICOM എന്ന സ്ഥാപനത്തിൽ നിന്ന് GEM വഴിയാണ് വാങ്ങൽ നടത്തിയിരിക്കുന്നത് . എന്നാൽ അപ്രകാരമുള്ള വാങ്ങലിന്റേതായ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. GEMൽ നിന്നും ലഭ്യമായ INVOICE, വിവിധ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത തുക രേഖപ്പെടുത്തിയ ഇൻവോയ്സുകൾ , COMPARATIVE STATEMENT എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല .

4 . വാങ്ങിയ ഇനം സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല .

മേൽ അപാകതകളിൽ വ്യക്തത വരുത്തുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 31/5-7-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല .വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-44 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - ഫയലുകൾ ലഭ്യമാക്കിയില്ല- 1403809/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പദ്ധതി നം . | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 165/21 | പദ്ധതി രൂപീകരണം , മോണിറ്ററിംഗ് (So) | 167003 | 103264 | 1)32/11-4-20-61274<br>2) 424/25-3-21-41990 |
| 3 | 208/21 | വിവിധ സ്കൂളുകൾക്ക് ബഞ്ച് ഡെസ്ക് എന്നിവ വാങ്ങൽ | 100000 | 99260 | 30/11-4-20-99260 |
| 4 | 166/21 | നഗര സഭ സ്പോർട്സ് ഗെയിംസ് പദ്ധതി | 112500 | 73521 | 31/11-4-20-73521 |
| 5 | 1/21 | പദ്ധതി രൂപീകരണം, മോണിറ്ററിംഗ് | 470000* | 483369 | 1)178/26-8-21-32150<br>2)179/26-8-21-182200<br>3)180/26-8-20-56820<br>4)228/20-11-20-119213<br>5)231/20-11-20-70400<br>6)232/20-11-20-22586 |

| | | | | | |
|---|---|---|---|---|---|
| 6 | 5/21** | കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി വെള്ളം ടെലഫോൺ കരം അടവാക്കൽ | 1003000 (Maintenance Grant- Non Road) | 644395 | 476/29-3-21 |

*ക്രമ നം 5 പ്രകാരമുള്ള പദ്ധതിയുടെ ചെലവ് അടങ്കലിനെ അധികരിച്ചാണ് സുലേഖയിൽ രേഖപ്പെടുത്തി കാണുന്നത് .

** ക്രമ നം 6 പ്രകാരമുള്ള പദ്ധതിയുടെ 59-e ബിൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് .

മേൽ പറഞ്ഞ പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/ 5-7-22) മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കും വരെക്കും 1403809 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 കമ്പ്യൂട്ടർ പർച്ചേയ്സ് - സ്റ്റോക്ക് വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 4/21 |
| പ്രോജക്റ്റിന്റെ പേര് | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 288000 |
| ചെലവ് | 287032 |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നമ്പർ | ബിൽ നം. 249/11-12-20-200645<br>ബിൽ നം. 367/19-3-21-86387 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/P1/IRC/19701/20-21 തിയ്യതി 21-10-20 പ്രകാരം 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുടെ വിലയായി 200645/- രൂപ കെൽട്രോണിനും ടാക്സ് ഇൻവോയ്സ് നം. TRD/202116030363/3-5-21 പ്രകാരം 4 പ്രിന്ററുകളുടെ വിലയായ 86837/- രൂപ UNICOM INFOTECH PVT LTD എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ലഭ്യമായ J9PCB10793/28-5-21 നം ടാക്സ് ഇൻവോയ്സ് പ്രകാരം 5 കമ്പ്യൂട്ടറുകളുടെ വില 192930/-രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കി 7715/- രൂപ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഡെസ്ക്ടോപ്പുകൾ സ്റ്റോക്കിലെടുത്തതിന്റേയും പ്രിന്ററുകൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 22/4-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല . പരാമർശ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-46 ചലഞ്ച് ഫണ്ടിൽ തുക നീക്കിയിരിപ്പുണ്ടായിട്ടും ആയതിൽ നിന്നും യാതൊരു തുകയും ചെലവഴിക്കാതെ ഭക്ഷ്യ ധാന്യ വിതരണത്തിനായി വികസന ഫണ്ട് ഉപയോഗിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | 29/21 (New) |
| പ്രോജക്റ്റിന്റെ പേര് | ആശ്രയ പദ്ധതി വിഹിതം |
| അടങ്കൽ | 100000 |
| ചെലവ് | 85769 |
| ഫണ്ടിനം | വികസന ഫണ്ട് ( ജനറൽ) |
| ബിൽ നമ്പർ | 30/25-3-21 /85769 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ |

സർക്കാർ ഉത്തരവ് നം. ( എം.എസ് ) 252/2017 തസ്വഭവ തി 12-12-17 ഖണ്ഡിക – 3-2-1-1 പ്രകാരം അഗതി രഹിത കേരളം പദ്ധതിയിലെ പരിചരണ സേവനങ്ങൾക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന പൊതു വിഭാഗം വികസന ഫണ്ടിലെ തുക അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൌകര്യ വികസനം, വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ തുടങ്ങി പദ്ധതിയുടെ എല്ലാ ഘടകങ്ങൾക്കും ഉപയോഗിക്കാവു ന്നതാണെന്ന് നിഷ്കർഷിക്കുന്നു. ഖണ്ഡിക – 3-2-1-2 പ്രകാരം ചലഞ്ച് ഫണ്ട് ലഭ്യമാണെങ്കിൽ ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കായി പൊതു വിഭാഗം വികസന ഫണ്ട് ചെലവഴിക്കാൻ പാടുള്ളതല്ലായെന്നും ഏതെങ്കിലും അവസരത്തിൽ ചലഞ്ച് ഫണ്ടോ പലിശയോ ലഭ്യമല്ല എങ്കിൽ മാത്രം അഗതി രഹിത കേരളം പദ്ധതിയിലെ ഏതൊരു ആവശ്യത്തിനും പൊതു വിഭാഗം വികസന ഫണ്ട് ഉപയോഗിക്കാമെന്നും നിഷ്കർഷിക്കുന്നു. അഗതി രഹിത കേരളം പദ്ധതിയുടെ കാനറാ ബാങ്കിലുള്ള 2790101006979—അക്കൌണ്ടിന്റെ 20-21 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31-3-21 ൽ ചലഞ്ച് ഫണ്ടിനത്തിൽ പലിശയടക്കം 575997 രൂപയുള്ളതായി കാണുന്നു. തൻ വർഷം ടി ഫണ്ടിൽ നിന്നും യാതൊരു തുകയും പിൻവലിച്ച് ചെലവഴിച്ചിട്ടില്ല. ചലഞ്ച് ഫണ്ടിൽ തുകയുണ്ടായിരുന്നിട്ടും ടി തുക ഉപയോഗിക്കാതെ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങി നൽകുന്നതിനായി വികസന ഫണ്ട് ഉപയോഗിക്കാനിടയായത് എന്തുകൊണ്ടാണ് എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/06.07.2022)ലഭ്യമാക്കിയ മറുപടിയിൽ ചലഞ്ച് ഫണ്ടിൽ തുകയില്ല എന്ന ധാരണയിലാണ് അത്തരമൊരു പിഴവ് സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ് . താഴെ പറയുന്ന ബില്ലുകൾ പ്രകാരം ത്രിവേണിയിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട് .

1 . 254/8231/13-10-20-14145

2. 254/7/8238/13-1-20-7644

3 . 254/7/8239/13-10-20-5001

4. 254/7/9872/11-12-20-6447

5 . 254/7/9869/11-12-20-5709

6. 254/7/9868/11-12-20-16699

7 . 254/7/11169/28-1-21-6156

8 . 254/7/11168/28-1-21-5943

9 . 254/7/11170/28-1-21-18025

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സി.ഡി.എസ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 2020-21 ലെ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ ഇനങ്ങൾ ആശ്രയ ഗുണഭോക്താക്കൾക്ക് തന്നെയാണ് വിതരണം നടത്തിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് .

## 1-47 ഗാർഹിക കുടിവെള്ള കണക്ഷൻ - അധികം അനുവദിച്ച 18000 രൂപ തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം | 297/21 (So) |
| പ്രോജക്റ്റിന്റെ പേര് | നഗര സഭ പരിധിയിലെ കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ നൽകൽ |
| അടങ്കൽ | 180000 |
| ചെലവ് | 108000 |
| ഫണ്ടിനം | വികസന ഫണ്ട്( ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ |
| ബിൽ നമ്പർ | ബിൽ നം 114/2-6-20-24000<br>ബിൽ നം 137/30-6-20-18000<br>ബിൽ നം 156/6-8-20-24000<br>ബിൽ നം 168/20-8-20-12000<br>ബിൽ നം 173/25-8-20-6000<br>ബിൽ നം 188/24-9-20-6000<br>ബിൽ നം 202-24-9- 20-6000 |

| | |
|---|---|
| | ബിൽ നം 212/10-11-20-6000<br>ബിൽ നം 269-7-1- 21-6000 |

നഗര സഭ പരിധിയിലെ 18 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ഓരോരുത്തർക്കും 6000 രൂപ വീതം മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം 22/ 2018/തസ്വഭവ തിയ്യതി 14-2-18 ഖണ്ഡിക 6-6-2 പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് 5000 രൂപയാണ് ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നത് . ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 42/6-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 1000/- രൂപ വീതം 18 ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയിലുൾപ്പെടുത്തി മേൽക്കൂര മാറ്റലിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചു

നഗരസഭ പരിധിയിലെ 31 കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി 100000/-രൂപ വീതം അനുവദിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. തൻ വർഷം 16 ഗുണഭോക്താക്കൾക്കാണ് ആദ്യ ഗഡുവായി 50000/-രൂപ വീതം അനുവദിച്ചു നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു. വീട് വാസയോഗ്യമാക്കുന്ന പ്രവൃത്തിക്കായി തുക കൈപ്പറ്റിയ 1) ബിജിത.കെ കോട്ടുമ്മൽ, വിളയിൽ മൂല , ആറ്റിങ്ങൽ 2) ശാന്ത.പി വാഴ വിള വീട്, തുമ്പിക്കോട്ടുകോണം, ആറ്റിങ്ങൽ, 3) സുഷമ ദേവി, മരുതറ വിളാകം, പരവൂർകോണം എന്നിവരുടെ ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിരിക്കുന്ന വാല്യുവേഷൻ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തൽ പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തി മേൽക്കൂര മാറ്റൽ എന്നതാണ്. സ ഉ ( കൈ) നം. 22/18 തസ്വഭവ തിയ്യതി 14-2-18 - ഖണ്ഡിക 6-7-1 പ്രകാരം മേൽക്കൂര മാറ്റൽ എന്ന പ്രവൃത്തിക്കായി അനുവദിക്കാൻ കഴിയുന്നത് 75000/- രൂപയാണെന്നിരിക്കെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 100000/- രൂപ അനുവദിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 46/06.0.2022) ലഭ്യമാക്കിയ മറുപടിയിൽ വാല്യുവേഷൻ 100000/- രൂപയിൽ കൂടുതൽ വരുന്നതിനാലാണ് തുക നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-49 തെരുവ് വിളക്ക് വാങ്ങലും പരിപാലനവും- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 205/21 ( So) |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റിന് ആവശ്യമായ ബൾബ്, ട്യൂബ്, പാർട്സ് എന്നിവ വാങ്ങൽ |
| അടങ്കൽ | 1200000 |
| ചെലവ് | 1072224 |
| ഫണ്ടിനം | ധന കാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | ബിൽ നം 20/-11-4- 20-614357<br>ബിൽ നം. 229/20-11-20-457867 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം തെരുവ് വിളക്കുകൾ പുതിയതായി സ്ഥാപിക്കുന്നതിന് 300/-രൂപ നിരക്കിൽ 2800 എണ്ണം ട്യൂബും (840000) ആയവ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഫിറ്റിംഗുകൾ 180/- രൂപ നിരക്കിൽ 2000 എണ്ണവും ( 360000) വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു .

1 . ഉപകരണങ്ങളുടെ വാങ്ങലുകൾക്കായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ നിലവിലുള്ള വിളക്കുകളുടെ മെയിന്റനൻസിനായും ടെണ്ടർ ക്ഷണിച്ച് തുക ചെലവഴിച്ചിട്ടുണ്ട് .

2. സ. ഉ ( എം.എസ് ) നം. 13/2015/ITD/ തി-12-5-15 പ്രകാരം 500000 രൂപക്കു മുകളിലുള്ള വാങ്ങലുകൾക്ക് ഇ പ്രോക്യുർമെന്റ് രീതി ബാധകമാക്കിയിട്ടുള്ളതാണ്. 1200000/- രൂപ അടങ്കലുള്ള വാങ്ങലായിട്ടും ഇ-ടെണ്ടർ ക്ഷണിച്ചിട്ടില്ല .

3. ജി.ഒ (പി) 259/2010/ത സ്വ ഭ വ തിയ്യതി 8-11-20 പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തി ബാധകമായ നടപടി ക്രമമനുസരിച്ച് സമാഹരണ നടപടി ക്രമം ആരംഭിക്കുകയും ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടെണ്ടർ നോട്ടീസ് നം. G-4/6520/19 DT-9-10-19 പ്രകാരം സിംഗിൾ ട്യൂബ് 120 എണ്ണം, ഹോൾഡിംഗ് ജി ഐ പൈപ്പ് 150 എണ്ണം, ഹോൾഡിംഗ് ക്ളാമ്പ് 150 എണ്ണം, സൈഡ് ഹോൾഡർ -600, കോപ്പർ ചോക്ക് -500, കോയിൽ വയർ - 20 , സ്റ്റാർട്ടർ -3000 എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും രണ്ടു ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. തുടർന്ന്, ഇതേ ഇനങ്ങൾക്കു തന്നെ വീണ്ടും 14-2-20 ൽ ടെണ്ടർ ക്ഷണിച്ചതായി കാണുന്നു. വാർഷികാവശ്യകത കണക്കാക്കി ഒറ്റ തവണയായി വാങ്ങൽ നടപടികൾ സ്വീകരിക്കാതിരുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് ഉത്തമമല്ല .

4. കുറവ് നിരക്ക് ക്വാട്ട് ചെയ്ത തമ്പുരാൻ കാലയിൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാനം ലഭ്യമല്ല . പ്രസ്തുത

ഏജൻസിക്ക് സപ്ലൈ ഓർഡർ നൽകിയതിന്റെയും കരാറിൽ ഏർപ്പെട്ടതിന്റെയും രേഖകൾ ലഭ്യമല്ല.

5. 9-11-21 ലെ G-4-13073 നം. കത്ത് പ്രകാരം തമ്പുരാൻ കാലയിൽ എന്ന സ്ഥാപനം ബിൽ നം. 4982/19-20 പ്രകാരം 301517 രൂപക്കുള്ള സാധനങ്ങൾ സപ്ലൈ ചെയ്തതായും ആയതിന്റെ തുക നൽകണമെന്നും ആവശ്യപ്പെട്ട് നൽകിയ കത്ത് ഫയലിലുണ്ട്. ആദ്യ ടെണ്ടർ പ്രകാരമുള്ള ഉപകരണങ്ങൾ സപ്ലൈ ചെയ്ത തമ്പുരാൻ കാലയിൽ എന്ന സ്ഥാപനത്തിന് തൻവർഷം തുക നൽകാതിരുന്നത് എന്ത് കാരണത്താലാണെന്ന് വ്യക്തതയില്ല. പ്രസ്തുത സ്ഥാപനം മേൽ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങളുടെ സ്റ്റോക്ക് വിതരണം എന്നിവയുടെ വിവരങ്ങളും വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകളും ഫയലിലില്ല.

6. ഉപകരണങ്ങളുടെ സപ്ലൈക്കായി രണ്ടാമതും ടെൻഡർ ക്ഷണിച്ചതിൽ എത്ര ടെണ്ടറുകൾ ലഭിച്ച എന്നതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ടെണ്ടർ അംഗീകരിച്ച കൌൺസിൽ തീരുമാനവും ലഭ്യമല്ല. 24/2/20 തിയ്യതിയിൽ എം. എസ് ഏജൻസിക്ക് സപ്ളെ ഓർഡർ നൽകിയതിന്റെ വിവരം മാത്രമാണ് ഫയലിലുള്ളത്. ടി സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നം. 1/3-8-20 പ്രകാരമുള്ള 457867/- രൂപ രേഖപ്പെടുത്തിയ ഇൻവോയ്സിന്റെ തുകയാണ് ബിൽ നം. 229/ 20-11-20 പ്രകാരം നൽകിയിട്ടുള്ളത്. ടിയാൻ സമർപ്പിച്ച ടെണ്ടർ ലഭ്യമല്ല. ടെണ്ടർ ഷെഡ്യൂൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങളും വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകളും ഫയലിലില്ല.

7. 2019-20 വർഷത്തെ തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തിക്ക് 4 ടെണ്ടറുകൾ ലഭ്യമായതിൽ കുറവു നിരക്ക് രേഖപ്പെടുത്തിയ M/s ഏജൻസിയെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും എന്നാൽ ടിയാരുടെ ടെണ്ടർ അംഗീകരിച്ചതിന്റെ കൌൺസിൽ തീരുമാനം, സ്ഥാപനവുമായി ഏർപ്പെട്ട കരാർ, എന്നിവ ലഭ്യമല്ല. എം എസ് ഏജൻസി സമർപ്പിച്ച 3 ഇൻവോയ്സുകൾ പ്രകാരമുള്ള തുക ട്രഷറി ബിൽ നം 20/-11-4- 20 പ്രകാരം നൽകിയിട്ടുണ്ട് . ഫയലിൽ ലഭ്യമായ 54172.2, 341271.6, 218914.72 എന്നിങ്ങനെ തുക രേഖപ്പെടുത്തിയ ഇൻവോയ്സുകൾ ( നമ്പർ രേഖപ്പെടുത്തിയിട്ടില്ല) പരിശോധിച്ചതിൽ സ്ഥാപനത്തിന് അനുവദിച്ച നിരക്കിൽ അപാകം കാണുന്നുണ്ട് .

| ഇൻവോയ്സ്/ തുക | ഇനം | ക്വാട്ട് ചെയ്ത നിരക്ക് | അനുവദിച്ച തുക | അധികം അനുവദിച്ചത് | എണ്ണം | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|
| 54172 | ഡബിൾ ട്യൂബ് | 138 | 250 | 112 | 125 | 14000 |
| | സിംഗിൾ ട്യൂബ് | 87 | 149 | 62 | 150 | 9300 |
| 341271 | ഡബിൾ ട്യൂബ് | 138 | 250 | 112 | 853 | 95536 |
| | സിംഗിൾ ട്യൂബ് | 87 | 149 | 62 | 849 | 52638 |
| 218914 | ഡബിൾ ട്യൂബ് | 138 | 250 | 112 | 536 | 60032 |
| | സിംഗിൾ ട്യൂബ് | 87 | 149 | 62 | 564 | 34968 |
| | LED | 78 | 99.64 | 21.64 | 6 | 129.8 |
| | | | | | TOTAL | 266603.08 |

ടെണ്ടർ നിരക്കിൽ നിന്നും വിഭിന്നമായി അധിക നിരക്കിൽ തുക അനുവദിച്ചതുമൂലം നഗര സഭക്ക് 266604/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട് .

വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നല്കുന്നത്. സാക്ഷ്യ പത്രത്തിൽ പ്രവൃത്തി ചെയ്തു എന്ന് മാത്രം രേഖപ്പടുത്തിയിട്ടുണ്ട്. നഗരസഭക്കാവശ്യമായ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്കുള്ള ഉപകരണങ്ങളുടെ ആവശ്യകതാനിർണയം നടത്തുന്നതിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പട്ടുവെങ്കിലും ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

3) കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ നഗരസഭയിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ നഗരസഭയിൽ സ്വീകരിക്കുന്നതിന്റെയും വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറി നം.54 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്ക് പരിപാലനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതതു ദിവസം നഗരസഭയിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും

തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ.ഉ(സാ ധാ) നം.2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

4) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. സെക്രട്ടറിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റില്ല.

7 ) നഗര സഭ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

8 ) ബന്ധപ്പെട്ട പർച്ചെയ്സിംഗ് കമ്മറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല .

9) 5-9-11 ലെ 3055/DA3-2011 ത സ്വ ഭ വ സർക്കുലർ പ്രകാരം 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരൻ അടവാക്കേണ്ടതുണ്ട്. ആയത് ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

10) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 2% (സ്ഥാപനം) തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. കരാറുകാരനായ എം എസ് ഏജൻസിയിൽ നിന്നും 2% ജി എസ് ടി . 2% ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/7-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും കരാറുകാരന് അധികമായി അനുവദിച്ച 266604/- രൂപ തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ് .

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നഗര സഭയുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-50 പ്ലാസ്റ്റിക് സംസ്കരണത്തിനായി വാങ്ങിയ മെഷീനറികൾ പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരത്തിനടിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ - 24,15,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്ലാസ്റ്റിക്ക് സംസ്കരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 306/21 |
| അടങ്കൽ | 25,00,000/- ശുചിത്വമിഷൻ ഫണ്ട് |
| ചെലവ് | 24,15,000/- |
| ബിൽ നമ്പർ | Ch.No.888/19.6.20,Vr No 54/6/20<br>ചെക്ക്നമ്പർ889/19.6.20,<br>വൗച്ചർ നമ്പർ 55/6/20 |

മുനിസിപ്പാലിറ്റിയിലെ പ്ലാസ്റ്റിക്ക് ശേഖരിച്ച് പുനരുപയോഗത്തിന് വേണ്ടി സജ്ജമാക്കുന്നതിനായി പ്ലാസ്റ്റിക്ക് സംസ്കരണമെഷീൻ വാങ്ങുന്നതിനായി പദ്ധതി രൂപീകരിച്ച് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത 'ക്യൂറെക്സ് ബയോ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്' ' എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

Plastic Shredding Unit -Rs.430000/-

Plastic Shredding Unit Secondary- Rs.390000/-

Bailing Press-Rs.535000/-

Plastic Dust Remover-Rs.540000/-

Plastic Washing Unit-Rs.520000/- മുതലായ ഉപകരണങ്ങൾ 8.6.2020 ന് സ്റ്റോക്കിൽ ഉൾപ്പെടുത്തി അജൈവ മാലിന്യ സംഭരണ കേന്ദ്രത്തിന്റെ മാനേജർക്ക് കൈമാറിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ക്യൂറെക്സ് ബയോ സൊല്യൂഷൻസുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ഉപകരണങ്ങളുടെ ഗ്യാരണ്ടി/വാറണ്ടി പിരീഡ് സംബന്ധിച്ച് വ്യക്തതയില്ല.

2. ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കപ്പെട്ടിട്ടില്ല.

08.07.2022 ന് ഓഡിററ് ടീം അജൈവ മാലിന്യ സംഭരണ കേന്ദ്രം സന്ദർശിക്കുകയുണ്ടായി. ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടില്ല. എല്ലാ ഉപകരണങ്ങളും പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. ഏതാനും ഉപകരണങ്ങൾ മാലിന്യ സംഭരണ കേന്ദ്രത്തിനു മുമ്പിൽ പ്ലാസ്റ്റിക്ക് വേസ്റ്റുകൾ കൊണ്ട് മൂടിയ നിലയിൽ കാണപ്പെട്ടു. ഉപകരണങ്ങൾ ലഭ്യമായി രണ്ട് വർഷമായിട്ടും പ്രവർത്തനക്ഷമമാക്കാത്തതിനാൽ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിരിക്കുവാൻ സാദ്ധ്യതയുണ്ട്. വാറണ്ടി സേവനങ്ങൾ ലഭിക്കുമോ എന്നതിനും വ്യക്തതയില്ല. 24,15,000/-രൂപ ചെലവാക്കി വാങ്ങിയ പ്രസ്തുത ഉപകരണങ്ങൾ നാളിതുവരെ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 69 തീയതി 08.07.2022.ന് ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാലാണ് മെഷീനുകൾ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തത് എന്നറിയിച്ചിട്ടുണ്ട്. നാളിതുവരെ ഉപകരണങ്ങൾ പ്രവർത്തനക്ഷമ മാക്കാത്തതിനാൽ 24,15,000/ രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.





## 1-51 കളക്ട്രേറ്റ് അറ്റ് സ്കൂൾ- ശുചിത്വമിഷൻ നിർദ്ദേശത്തിനനുസൃതമായി ബിന്നുകൾ നിർമ്മിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കളക്ട്രേറ്റ് അറ്റ് സ്കൂൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ | 332/21 |
| അടങ്കൽ | 406000/- വികസനഫണ്ട് |
| ചെലവ് | 163302/- |
| ബിൽ നമ്പർ | 3/5.2.21 |

മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച ബോധവത്കരണം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനും പുതിയൊരു ശുചിത്വസംസ്കാരം വിദ്യാർത്ഥികളിൽ ഉണ്ടാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് കളക്ട്രേറ്റ് അറ്റ് സ്കൂൾ. ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 30.9.19 ലെ 1 നമ്പർ തീരുമാനം പ്രകാരം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശുചിത്വമിഷന്റെ എസ്റ്റിമേറ്റ് അനുസരിച്ച് ബിന്നുകൾ നിർമ്മിക്കുവാൻ ഖരമാലിന്യ പ്ലാന്റ് പ്രവർത്തിപ്പിക്കുന്ന കാസർകോട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി. ശുചിത്വമിഷൻ ലഭ്യമാക്കിയിരുന്ന എസ്റ്റിമേറ്റ് പ്രകാരം LP/UPസ്കൂളുകൾക്ക് 5300/- രൂപാ നിരക്കിലും (0.45mX0.45mX.80m) HS/HSS സ്കൂളുകൾക്ക് 7400/- രൂപാ നിരക്കിലും (0.60mX0.60mX1.20m) ബിൻ തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു. കാസർകോട് സോഷ്യൽ സർവ്വീസ് സൊസൈറ്റി 7071.50 രൂപ നിരക്കിൽ ബിന്നുകൾ നിർമ്മിച്ച നൽകി. എന്നാൽ ബിന്നിന്റെ സൈസ്, എണ്ണം എന്നിവ വ്യക്തമല്ല. 16 സ്കൂളുകൾക്ക് ബിന്നുകൾ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എത്ര ബിന്നുകൾ

വീതമാണ് നൽകിയത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ ശുചിത്വമിഷന്റെ 22.4.20ലെ നമ്പർ 482(i)/DSM/TVPM/2019കത്ത് പ്രകാരം ഒരു സർക്കാർ സ്കൂളിൽ 4 ബിന്നുകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. LP, UP/HS, HSS എന്നിങ്ങനെ തരംതിരിച്ച് ബിന്നുകൾ നിർമ്മിച്ചിട്ടില്ലാത്തതിനാൽ ബിന്നുകൾ നിർമ്മിച്ച ഏജൻസിക്ക് അധികം തുക നൽകിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 33തീയതി 06.07.2022) മറുപടിയായി ബിന്നുകൾ പ്രത്യേകമായി തരം തിരിച്ച് നിർമ്മിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബിന്നുകൾ നൽകിയ സ്കൂളുകളുമായി ബന്ധപ്പെട്ട് ബിന്നുകളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കേണ്ടതും കുട്ടികളിൽ ശുചിത്വാവബോധം വളർത്തുന്നതിനുള്ള കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-52 മുനിസിപ്പാലിറ്റിയിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ - നിബന്ധനകൾ പാലിച്ചിട്ടില്ല.

ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് ഹെൽത്ത് സൂപ്പർവൈസർ മുനിസിപ്പാലിറ്റിയിലേക്ക് ആവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| ശുചീകരണ പരിശോധനയ്ക്ക് വാഹനം വാങ്ങൽ | പ്രോജക്റ്റ് നമ്പർ-73/21<br>അടങ്കൽ-170000/-<br>ചെലവ്-170000/-<br>ബിൽ നമ്പർ-381/20.3.21 | 1.വാഹനം (രണ്ട് ഇരുചക്ര വാഹനങ്ങൾ)വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. ഒറിജിനൽബിൽ ഫയലിൽ നിന്നും നഷ്ടപ്പെട്ടതായി അറിയിച്ചിട്ടുണ്ട്.<br>(ഓഡിറ്റ് അന്വേഷണം നം -9തീയതി 04.07.2022.) |
| ദുരന്തനിവാരണ ഉപകരണങ്ങൾ വാങ്ങൽ | പ്രോജക്റ്റ് നമ്പർ-70/21<br>അടങ്കൽ-4,80,000/-<br>ചെലവ്-4,33,500/-<br>ബിൽ നമ്പർ-10/21,24.3.21 | 1. ഉപകരണങ്ങൾ വാങ്ങിയ ശ്രീകൃഷ്ണ ഏജൻസീസുമായി കൃത്യമായ കരാറിൽ ഏർപ്പെട്ടിട്ടില്ല.<br>2. ഉപകരണങ്ങളുടെ ഗ്യാരണ്ടി/വാറണ്ടി പിരീഡ് രേഖപ്പെടുത്തിയിട്ടില്ല.<br>പ്രാദേശിക ഏജൻസിയായതിനാൽ പ്രശ്നങ്ങൾ ഏജൻസി നേരിട്ട് വന്ന് പരിഹരിക്കാറുണ്ട് എന്ന മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല.<br>(ഓഡിറ്റ് അന്വേഷണം നം -9തീയതി 04.07.2022.)<br>3. ലോഗ്ബുക്ക്, ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച വിവരം എന്നിവയും ഹാജരാക്കിയിട്ടില്ല. |
| മൃഗാശുപത്രിയിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ | പ്രോജക്റ്റ് നമ്പർ-203/21<br>അടങ്കൽ-2,00,000<br>ചെലവ്-1,98,000<br>ബിൽ നമ്പർ-4/11.4.20 | 1.പ്ലാന്റ് നിർമ്മിച്ച ക്യൂറെക്സ് ബയോസൊല്യൂഷൻസ് ശുചിത്വമിഷന്റെ അംഗീകാരം ലഭിച്ച സ്ഥാപനമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. |

ഉപകരണങ്ങൾ വാങ്ങുന്ന സ്ഥാപനവുമായി കൃത്യമായ കരാറിൽ ഏർപ്പെടുന്നതിനും ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-53 നാപ്കിൻ ഇൻസിനറേറർ വാങ്ങൽ - ഉപയോഗിക്കാത്ത രണ്ട് ഇൻസിനറേറ്ററുകളുടെ വിലയായ 33,952/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | നാപ്കിൻ ഇൻസിനറേറ്റർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ | 71/21 |
| അടങ്കൽ | 80000/- വികസനഫണ്ട് |
| ചെലവ് | 67904/- |
| ബിൽ നമ്പർ | 9/24.3.21 |

നാപ്കിൻ ഇൻസിനറേറ്റർ 4 എണ്ണം വാങ്ങുന്നതിനായി ക്വട്ടേഷൻ വിളിക്കുകയും 7 ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഹാര ഫർണിച്ചറിന് ഒരു യൂണിറ്റിന് 16976/- രൂപ നിരക്കിൽ സപ്ലൈ ഓർഡർ നൽകുകയും ഹാര ഫർണിച്ചർ ഇൻസിനറേറ്ററുകൾ ലഭ്യമാക്കുകയും ചെയ്തു. (15.3.21 ലെ 10നമ്പർ കൌൺസിൽ തീരുമാനം). പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്വട്ടേഷനിൽ മറ്റെല്ലാ കമ്പനികളും വിവിധ മോഡൽ ഇൻസിനറേറ്ററുകളുടെ സ്പെസിഫിക്കേഷനും മോഡൽ നമ്പരും മറ്റു വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹാര ഫർണിച്ചർ ലഭ്യമാക്കിയ ക്വട്ടേഷനിൽ ഇൻസിനറേറ്ററിന്റെ വില മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. ക്വട്ടേഷൻ നിബന്ധനകളിൽ പറഞ്ഞിരുന്ന പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ഹാര ഫർണിച്ചറിനില്ല.

3. ഹാര ഫർണ്ണിച്ചറുമായുള്ള കരാറിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ഇൻസിനറേറ്ററിന്റെ ഗ്യാരണ്ടി/വാറണ്ടി സംബന്ധിച്ച വിവരം ലഭ്യമല്ല.

4. ഇൻസിനറേറ്ററുകളുടെ ഗുണനിവാരം പരശോധിച്ചിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിററ് അന്വേഷണം നമ്പർ 34/6.7.22 ന ലഭ്യമാക്കിയ മറുപടിയിൽ മുനിസിപ്പൽ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള 2 ഇൻസിനറേറ്ററുകൾ പ്രവർത്തനക്ഷമമാണെന്നും 2 ഇൻസിനറേറ്ററുകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ വാങ്ങുമ്പോൾ ടെണ്ടർ നിബന്ധനകൾ കൃത്യമായി പാലിക്കുന്നതിനും കൃത്യമായ കരാറിൽ ഏർപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ പ്രവർത്തനം ആരംഭിക്കാത്ത 2 ഇൻസിനറേറ്ററുകളുടെ വിലയായ 33952/- (16976 X 2) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇൻസിനറേറ്ററുകൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-54 കൊതുക് നിവാരണം ലാർവിസൈഡ്, സ്പ്രെയർ വാങ്ങൽ പദ്ധതി -ടെണ്ടർ നിബന്ധനകൾ പാലിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കൊതുക് നിവാരണം ലാർവിസൈഡ്, സ്പ്രെയർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ | 200/21SO |
| അടങ്കൽ | 200000/- വികസനഫണ്ട് |
| ചെലവ് | 199800/- |
| ബിൽ നമ്പർ | 40/11.4.20 |

2020-21 വർഷം ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പദ്ധതിക്കായി കൊതുക് നിവാരണത്തിന് ലാർവിസൈഡ്, സ്പ്രെയർ എന്നിവ വാങ്ങുന്നതിനായി യുണൈറ്റഡ് സ്റ്റേഷനറീസ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ പരസ്യത്തിൽ സ്പ്രെയറിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നുവെങ്കിലും യുണൈറ്റഡ് സ്റ്റേഷനറീസിന്റെ ടെണ്ടറിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടില്ല.

2. കീടനാശിനികൾ വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് യുണൈറ്റഡ് സ്റ്റേഷനറീസ് ഹാജരാക്കിയിട്ടില്ല.

3. യുണൈറ്റഡ് സ്റ്റേഷനറീസുമായുള്ള കരാറിൽ രേഖപ്പെടുത്തലുകൾ ഇല്ല.

4.യുണൈറ്റഡ് സ്റ്റേഷനറീസ് ലഭ്യമാക്കിയ സ്പ്രെയർ ഏത് മെറ്റീരിയലാണെന്ന് വ്യക്തമല്ല.

5. ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല.

6. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

7. ലാർവിസൈഡ് സൗജന്യമായി ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമല്ല.

8. കൊതുക് നിവാരണയൂണിറ്റുകൾക്ക് ലാർവിസൈഡ് വിതരണം ചെയ്തതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല

വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നമ്പർ 7/04.07.2022) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതായും ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലാർവിസൈഡ് ലഭ്യമാക്കുന്നില്ലായെന്നും ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ടെണ്ടർ നടപടികൾ അംഗീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിമാത്രം സാധനങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വാങ്ങലുകൾ നടത്തുന്നതിനു മുമ്പ്, അംഗീകരിച്ച ടെണ്ടർ/ ക്വട്ടേഷൻ പ്രകാരമുള്ള സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് കമ്മിറ്റി /സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തുകയും, കമ്മിറ്റിയിൽ അംഗീകരിക്കുകയും, ഓരോ പർച്ചേസിന്റെയും അംഗീകാരം സംബന്ധിച്ച തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

പ്രൊക്വയർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് കൃത്യമായി കരാറിൽ ഏർപ്പെട്ടതിനുശേഷം സാധനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-55 അലോപ്പതി സബ് സെന്റർ നിർമ്മാണം വൈകുന്നു

പ്രോജക്റ്റ് നം. 276/20-21, ആലംകോട് അലോപ്പതി സബ് സെന്റർ നിർമ്മാണം

അടങ്കൽ : 14,80,000/-

നിർവ്വഹണം : അസിസ്റ്റന്റ് എൻജിനീയർ

ചെലവ് : ഇല്ല

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച പ്രസ്തുത പ്രോജക്റ്റ്(307/2019-20) സ്പിൽ ഓവർ ആയി തൻ വർഷവും ഉൾപ്പെടുത്തുകയും കെട്ടിടെ പണി ആരംഭിച്ച് ഫൌണ്ടേഷൻ വർക്കുകൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ കെട്ടിടം നിർമ്മിക്കുന്ന സ്ഥലം തൊട്ടടുത്തുള്ള മണമ്പൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ടതാണെന്ന് കണ്ടെതിനെ തുടർന്ന് മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് നിർമ്മാണ അനുമതിക്ക് അപേക്ഷ നൽകുകയും ടി സ്ഥലം സർക്കാർ പുറമ്പോക്ക് ആയതിനാൽ വർക്കല തഹസിൽദാർ അളന്നു തിട്ടപ്പെടുത്തിയ ശേഷം നിർമ്മാണ അനുമതി നൽകാമെന്ന് മണമ്പൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും തുടർന്നു നഗരസഭ പ്രസ്തുത കെട്ടിട നിർമ്മാണം നിർത്തി വക്കുകയും ഫൌണ്ടേഷൻ പ്രവൃത്തികളുടെ പാർട്ട് ബിൽ (2,74,262/-രൂപ) കരാറുകാരന് 2021-22 സാമ്പത്തിക വർഷത്തിൽ നൽകുകയും ചെയ്തു. 19.3.2021 ൽ മണമ്പൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും നിർമ്മാണ അനുമതി ലഭിച്ചെങ്കിലും തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. 2019-20 ൽ ആരംഭിച്ച കെട്ടിടം പണിയുടെ ഫൌണ്ടേഷൻ മാത്രമാണ് നാളിതുവരെ പൂർത്തിയായത്. പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ ഉടമസ്ഥത കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്താതെ പദ്ധതി ആരംഭിച്ചത് മൂലമാണ് പദ്ധതി വൈകാൻ ഇടയായത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 87 /11.7.2022) പദ്ധതി ഉപേക്ഷിച്ചിട്ടില്ല എന്നാണ് നഗരസഭാ സെക്രട്ടറി മറുപടി ലഭ്യമാക്കിയത്.

ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.



## 1-56 കൊതുക് നിവാരണം ലാർവിസൈഡ്, സ്പ്രെയർ വാങ്ങൽ-വാങ്ങൽ നടപടികൾ, വിതരണം എന്നിവ സംബന്ധിച്ച കൃത്യമായ വിവരം ഇല്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കൊതുക് നിവാരണം ലാർവിസൈഡ്, സ്പ്രെയർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ | 10/21 |
| അടങ്കൽ | 300000/- വികസനഫണ്ട് |
| ചെലവ് | 280000/- |
| ബിൽ നമ്പർ | 235/27.11.20 |

2020-21 വർഷം ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പദ്ധതിക്കായി കൊതുക് നിവാരണത്തിന് 200 ലിറ്റർ ലാർവിസൈഡും 4 സ്പ്രെയറുകളും വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചു. പ്രസ്തുത പദ്ധതിക്കായി 3 ടെണ്ടറുകൾ ലഭിച്ചു.

| | |
|---|---|
| Irene Associates | Larvicide-1260/ലിറ്റർ<br>Sprayer-9300/- |
| Joseph Roy | Larvicide-1300/-<br>Sprayer-9500/- |

| | |
|---|---|
| | |
| United Stationery | Larvicide-1200/-<br>Sprayer-4200/- |

ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്നത് യുണൈറ്റഡ് സ്റ്റേഷനറീസ് എന്ന സ്ഥാപനമാണ്. എന്നാൽ 29.9.20ലെ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 3-ാം നമ്പർ തീരുമാനം പ്രകാരം കൊതുക് നിവാരണത്തിന് പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ലാർവിസൈഡ് സ്പ്രെയർ, ഐറീൻ അസോസിയേറ്റ്സിൽ നിന്നും വാങ്ങുവാൻ തീരുമാനിച്ചു. സാമ്പിൾ പരിശോധിക്കാതെ ഉപകരണം വാങ്ങുവാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല. തുടർന്ന് സ്പ്രെയർ ഒഴിവാക്കി ലാർവിസൈഡ് മാത്രം ഐറീൻ അസോസിയേറ്റ്സിന് സപ്ലൈ ഓർഡർ നൽകിയിട്ടുമുണ്ട്. (6417/20 തീ.6.11.20) എന്നാൽ എത്ര ലിറ്റർ ലാർവിസൈഡാണ് വേണ്ടതെന്ന് സപ്ലൈ ഓർഡറിൽ വ്യക്തമാക്കിയിട്ടില്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത യുണൈറ്റഡ് സ്റ്റേഷനറീസിനെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ ഐറീൻ അസോസിയേറ്റ്സ് ജൈവകീടനാശിനി ലഭ്യമാക്കാമെന്ന് അറിയിച്ചതിനാൽ അവരിൽ നിന്നും സാധനങ്ങൾ വാങ്ങിയതായി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം -8തീയതി 04.07.2022.)

23.11.2020ലെ 9-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 200 ലിറ്റർ ലാർവിസൈഡ് വാങ്ങിയ ഇനത്തിൽ 280000/-രൂപ ഐറീൻ അസോസിയേറ്റിന് അനുവദിച്ചിട്ടുണ്ട്. ഐറീൻ അസോസിയേറ്റ്സ് ലഭ്യമാക്കിയിരിക്കുന്നത് 290 ലിറ്റർ ലാർവിസൈഡിന്റെ വിലയായി 2,84,200/-രൂപയുടെ ടാക്സ് ഇൻവോയ്സാണ്. ഐറീൻ അസോസിയേറ്റ്സ് 290 ലിറ്റർ ലാർവിസൈഡ് സപ്ലൈ ചെയ്തതായും എന്നാൽ വിലയായി 284200/- രൂപ മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളുവെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കമ്മിറ്റി തീരുമാനപ്രകാരം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനം നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കൊതുക് നിവാരണയൂണിറ്റുകൾക്ക് ലാർവിസൈഡ് വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഐറീൻ അസോസിയേറ്റ്സ് ജൈവകീടനാശിനിയാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിലാണ് അറിയിച്ചിരിക്കുന്നത്. പദ്ധതി ഫയലിൽ ഈ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതി ഫയലിൽ ഐറീൻ അസോസിയേറ്റ്സിനെ തിരഞ്ഞെടുത്തതിന്റെ കാരണമോ കുറഞ്ഞ തുക ക്വാട്ട് ചെയ്ത യുണൈറ്റഡ് സ്റ്റേഷനറീസിനെ ഒഴിവാക്കിയതിന്റെ കാരണമോ വ്യക്തമാക്കിയിട്ടില്ല. സ്പ്രെയറുകൾ വാങ്ങാത്തതിന്റെ കാരണവും വ്യക്തമല്ല.

സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചും പദ്ധതി ഫയലുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചും കൃത്യമായ കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-57 മുനിസിപ്പൽ റൗൺഹാൾ നിർമ്മാണം പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസ്സം-ലോൺ തുകയ്ക്ക് പലിശ ഒടുക്കാൻ വൻ തുക ചെലവഴിക്കേണ്ടി വരുന്നു.

മുനിസിപ്പൽ റൗൺ ഹാൾ നിർമ്മാണം എന്ന പ്രോജക്ട് നഗരസഭ 2017-18 സാമ്പത്തിക വർഷം ഏറ്റെടുത്ത പദ്ധതിയാണ്. തുടർന്നുള്ള ഓരോവർഷവും പുതിയ പദ്ധതിയായും സ്പിൽ ഓവർ പദ്ധതിയായും ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ്, വായ്പ, വികസനഫണ്ട് ജനറൽ എന്നീ ഇനങ്ങളിലുള്ള വകയിരുത്തലുകളും ചെലവുകളും സുലേഖ പത്രിക പ്രകാരമുള്ളവ ചുവടെ ചേർക്കുന്നു.

| പദ്ധതി ഏറ്റെടുത്ത വർഷം | പദ്ധതിയുടെ പേര് | കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് | | വായ്പ | | വികസനഫണ്ട് ജനറൽ | |
|---|---|---|---|---|---|---|---|
| | | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| 2017-18<br>New | 191/18<br>മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 5000000 | 233000 | 5000000 | 0 | 0 | 0 |
| 2018-19<br>New | 170/19<br>മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 7267000 | 2500000 | 1200000 | 0 | 0 | 0 |
| 2019-20<br>Spill Over | 230/20<br>മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 4767000 | 4767000 | 12500000 | 0 | 0 | 0 |
| 2019-20<br>New | 174/20<br>മുനിസിപ്പൽ ടൗൺഹാൾ നവീകരണം(രണ്ടാം ഘട്ടം) | 1725755 | 0 | 15000000 | 0 | 0 | 0 |
| 2020-21<br>Spill Over | 307/21<br>മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 0 | 0 | 12500000 | 12500000 | 0 | 0 |
| 2020-21<br>New | 144/21<br>മുനിസിപ്പൽ ടൗൺഹാൾ നവീകരണം | 3842095 | 3842095 | 25000000 | 2658954 | 1157905 | 1157905 |

2020-21 ൽ പ്രോജക്ട് നം 144 പ്രകാരം 7658954/- രൂപയും, പ്രോജക്ട് നം 307 പ്രകാരം 12500000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ

പദ്ധതിയുടെ 2020-21 സാമ്പത്തിക വർഷം വരെയുള്ള മുഴുവൻ ചെലവ് രേഖകളും (പ്രോജക്ട് ഫോറം,എം ബുക്കുകൾ,എസ്റ്റിമേറ്റ്,തുക നൽകിയ വിവരം, ട്രഷറി ബിൽ വിവരങ്ങൾ, ചെക്ക് വിവരങ്ങൾ എന്നിവയുൾപ്പെടെ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.84/11.07.2022) നൽകിയിരുന്നുവെങ്കിലും ഈ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ പദ്ധതി നടപ്പിലാക്കി വരുന്നത് അക്രഡിറ്റഡ് ഏജൻസിയായ കെ.എസ്.ഇ.ബി.ആണ്. എം ബുക്കുകൾ അളവുകൾ രേഖപ്പെടുത്തി ബില്ലിനോടൊപ്പം സമർപ്പിക്കുകയും ആയവ പരിശോധിച്ച് തിരികെ കെ.എസ്.ഇ.ബി.ക്ക് തന്നെ സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. കെ. എസ്.ഇ..ബി.യുടെ അധീനതയിൽ നടക്കുന്ന പ്രവൃത്തിയായതിനാലാണ് ഇപ്രകാരം ചെയ്യുന്നതെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. എന്നാൽ ഈ രേഖകൾ ലഭ്യമാക്കാത്തതിനാൽ ആയത് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

പദ്ധതിയ്ക്കായി എടുത്തിട്ടുള്ള ലോൺ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയിരുന്നു(നം 3/ 02.07.2022). ആയതിന് ലഭ്യമായ മറുപടിയിൽ ചുവടെ പറയും പ്രകാരം ലോൺ ലഭ്യമായിട്ടുണ്ട്.

| വായ്പ തുക | ലഭ്യമായ തീയതി |
|---|---|
| 5000000 | 31.01.2020 |
| 7500000 | 16.03.2020 |
| 10000000 | 12.03.2021 |

9.7% പലിശ നിരക്കിലാണ് ലോൺ എടുത്തിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷം വരെ 388981/-രൂപ മുതൽ ഇനത്തിലും 1386996/-രൂപ പലിശയിനത്തിലും ഒടുക്കിയിട്ടുണ്ട്. 2017-18 ആരംഭിച്ച പദ്ധതി രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കുവാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തീകരിക്കുകയോ അതിൽനിന്നും വരുമാനം ഉണ്ടാവുകയോ ചെയ്തിട്ടില്ല. ടൗൺ ഹാളുമായി ബന്ധപ്പെട്ട് രണ്ട് പ്രവൃത്തികൾ 2021-22 ലും ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തി നിർവഹണം അനന്തമായി നീണ്ടു പോകുന്നത് മരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങളുടെ ലംഘനവും നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന സംഗതിയുമാണ്. ആയതിനാൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-58 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നു - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 12 പ്രോജക്ടുകളും മുനിസിപ്പൽ എഞ്ചിനീയർ ഒരു പ്രോജക്ടും നടപ്പിലാക്കിയില്ല. സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. ഏറ്റെടുത്ത പദ്ധതികൾ പൂർണമായും നടപ്പിലാക്കാത്തത് മൂലം വകയിരുത്തിയ ഫണ്ട് നഗരസഭയ്ക്ക് നഷ്ടമാകുന്ന സാഹചര്യം ഉണ്ടാവുന്നു. സ്പിൽ ഓവർ പദ്ധതികളെ സംബന്ധിക്കുന്ന സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2020-'21 സാമ്പത്തിക വർഷം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർവഹണം ഏറ്റെടുത്ത ചുവടെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|---|
| 01 | 289/21 | ഗവ.ഹൈസ്കൂൾ അവനവഞ്ചേരിയിൽ ക്ലാസ് റൂം നിർമ്മാണം. | 2945000 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 02 | 243/21 | പൂവമ്പാറ മേലാറ്റിംഗൽ ശിവക്ഷേത്രം റോഡ് സൈഡ് വാൾ കോൺക്രീറ്റ് | 172000 | മെയിന്റനൻസ് ഫണ്ട്-റോഡ് |
| 03 | 288/21 | തോപ്പിൽ ഗണപതി ക്ഷേത്രം ബൈലെയ്നുകളിൽ ഇന്റർലോക്കിംഗ് | 150000 | മെയിന്റനൻസ് ഫണ്ട്-റോഡ് |
| 04 | 254/21 | റ്റി.ബി.ജംഗ്ഷൻ റസ്റ്റ് ഹൗസ് ക്ലബ് റോഡ് ഓടനിർമ്മാണം. | 350000 | മെയിന്റനൻസ് ഫണ്ട്-റോഡ് |
| 05 | 255/21 | ക്ലബ് റോഡ്-കളിയാട്ടുകോണം റോഡ് റീടാറിംഗ്. | 300000 | മെയിന്റനൻസ് ഫണ്ട്-റോഡ് |
| 06 | 290/21 | ഹോമിയോ ആശുപത്രിയിലെ വനിതാകാന്റീൻ നവീകരണം | 700000 | വികസനഫണ്ട്-ജനറൽ |
| 07 | 261/21 | വനിതകൾക്ക് ആറ്റിങ്ങൽ മാർക്കറ്റിൽ സ്ഥിരം വിപണനകേന്ദ്രം | 800000 | വികസനഫണ്ട്-ജനറൽ |
| 08 | 262/21 | എൽപി.യുപി.സ്കൂളുകളുടെ നവീകരണം | 800415 | മെയിന്റനൻസ് ഫണ്ട്-റോഡ് |
| 09 | 291/21 | അവനവഞ്ചേരി മാർക്കറ്റിൽ മൃഗാശുപത്രി ഉപകേന്ദ്ര നിർമ്മാണം. | 707921 | മെയിന്റനൻസ് ഫണ്ട്-റോഡ് |

| | | | | |
|---|---|---|---|---|
| 10 | 276/21 | ആലംകോടിൽ അലോപ്പതിയുടെ സബ്സെന്റർ നിർമ്മാണം. | 1480000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 11 | 280/21 | പുന്നവിള മാളിയേക്കൽ റോഡ് ഇന്റർലോക്കിംഗ് മെയിന്റനൻസ് | 400000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 12 | 283/21 | തുണ്ടിൽ എസ്.സി.കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻവാൾ നിർമ്മാണം. | 200000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 13 | 284/21 | പ്രൈവറ്റ് ബസ്സ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷനോട് ചേർന്ന് സോക്പിറ്റ് നിർമ്മാണം. | 100000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |

നടപ്പിലാക്കാത്ത 13 സ്പിൽ ഓവർ പദ്ധതികളെക്കുറിച്ചുള്ള നിലവിലെ അവസ്ഥ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 / 2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ തൻവർഷം നടപ്പാക്കാത്തത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കേണ്ടതാണ്. ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കേണ്ടതാണ്.

## 1-59 ജലസംരക്ഷണം കുളങ്ങൾ നവീകരിക്കൽ- പദ്ധതി നിർവഹണത്തിലെ അപാകതകൾ

നഗരസഭാ പരിധിയിലെ 5 കുളങ്ങൾ നവീകരിക്കുന്നതിനു വേണ്ടി മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19ലാണ് ഈ പദ്ധതി ഏറ്റെടുക്കുന്നത് ( പദ്ധതി നം 168). പദ്ധതിയെ സംബന്ധിക്കുന്ന പൊതുവായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം -168/2019 (തൻ വർഷ നം.164/21)

അടങ്കൽ -5000000/-

-(തൻ വർഷം) 3681778/-(ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ് -2303269/-തൻവർഷം

നിർവഹണം -മുനിസിപ്പൽ എഞ്ചിനീയർ

എം ബുക്ക് നം -178/2018-19

കരാറുകാരൻ -രാജേന്ദ്രൻ പിള്ള
പി.എ.സി. -4991191

DSR 2016-Cost Index-37.93%-

പ്രസ്തുത പ്രവൃത്തി 18-12-2018-ൽ ഇ-ടെണ്ടർ ചെയ്തതിൽ ഒരു ടെണ്ടർ പോലും ലഭിച്ചില്ല. തുടർന്ന് 11-01-2019 ലെ കൗൺസിൽ തീരുമാനം നം 10 പ്രകാരം 05-02-2019 ന് പ്രവൃത്തി റീ ടെണ്ടർ ചെയ്യുകയും രാജേന്ദ്രൻ പിള്ള എന്ന കരാറുകാരൻ മാത്രം ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. 16-02-2019ലെ 4 -ാം നമ്പർ തീരുമാനപ്രകാരം ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയയ്ക്കുവാൻ തീരുമാനിച്ചു. 25-02-2019 ന് സെലക്ഷൻ നോട്ടീസ് നൽകുകയും 26-02-2019 ന് ടിയാൻ കരാർ ചമയ്ക്കുകയും ചെയ്തു ( എഗ്രിമെൻറ്നം 95/AEE / AMC/LS GD/2018-19 Dtd 26-2-19). എം ബുക്കിൽ പ്രവൃത്തിയുടെ ആദ്യമെഷർമെൻറ് 3/3/2019 ന് രേഖപ്പെടുത്തിയിട്ടുണ്ട്. 26-03-2020 ന് പ്രവൃത്തി പൂർത്തീകരിച്ചു.

അപാകതകൾ

1.ആസ്തി സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള അസ്തി പുനരുദ്ധാരണ പ്രവൃത്തിയാണ് ഇവിടെ നിർവഹിച്ചിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രോജക്ട് രൂപീകരണ ഫോറം നം 2 ക്രമനം 33 പ്രകാരമുള്ള ആസ്തിയുടെ പേര്, കോഡ്, വർഗീകരണം, യൂണീക്ക് നം എന്നിവ ചേർത്തിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ വിവരങ്ങൾ പരിശോധിക്കാൻ പര്യാപ്തമല്ല. കൂടാതെ പ്രോജക്ട് ഫോറം നം 2 ക്രമ നം 39 പ്രകാരം വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ പ്രോജക്ട് അംഗീകരിക്കുന്നതിനുള്ള മുന്നുപാധിയായി പ്രോജക്ടിനൊപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇവയിൽ സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിനൊപ്പം ലഭ്യമല്ല. അനിവാര്യമായ രേഖകൾ സമർപ്പിക്കാതെ പ്രോജക്ടിന് അംഗീകാരം നല്കിയതായി വ്യക്തമാകുന്നു.

2.പ്രവൃത്തിയുടെ സമയപരിധി ദീർഘിപ്പിക്കൽ - മരാമത്ത് മാന്വലിന്റെ ലംഘനം

ഈ പ്രവൃത്തി ഏക വർഷ പ്രോജക്ടിന്റെ ഗണത്തിൽ വരുന്നതും 6 മാസം കൊണ്ട് പൂർത്തീകരിക്കുവാനുമാണ് അനുമതി തേടിയിട്ടുള്ളത്. 26-02-2019 ൽ പ്രവൃത്തി സ്ഥലം ഏറ്റെടുത്ത കരാറുകാരൻ 25-08-19 നോ അതിന് മുമ്പോ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി നിർവഹിച്ചു വരവെ എസ്റ്റിമേറ്റിൽ ചില വ്യതിയാനങ്ങൾ വേണ്ടിവന്നുവെന്നും ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നുവെന്നും പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചത് നവംബർ മാസത്തിലാണെന്നും ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ 31-12-2019 വരെ സമയം നൽകണമെന്നും കരാറുകാരൻ ആവശ്യപ്പെടുകയും സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 [Go(p)13/2012/pwd/dtd 01.02.2012] സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകാൻ കരാറുകാരൻ ഉന്നയിച്ചിരിക്കുന്ന കാരണം അംഗീകരിക്കാൻ കഴിയില്ല.
എന്നാൽ 31-12-2019 നും ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചില്ല. ഭരണസമിതി തീരുമാനം നം 13 (1) തീയതി 24-3-20 പ്രകാരം 31/3/20 വരെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി.എന്നാൽ കരാറുകാരൻ പ്രവൃത്തിയുടെ കാലാവധി നീട്ടി നൽകുവാൻ നിർവഹണ ഉദ്യോഗസ്ഥൻ മുഖാന്തിരം അപേക്ഷിച്ചതായി കാണുന്നില്ല. 26.03.2020 ന് ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇവിടെ പ്രവൃത്തി പൂർത്തീകരണത്തിന് തൊട്ട് മുമ്പാണ് ദീർഘീകരണത്തിന് സമയം നീട്ടി നൽകിയിരിക്കുന്നത്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012

സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. ഇതിനും ലംഘനമുണ്ടായാൽ അതിനുശേഷം പൂർത്തീകരിക്കുന്ന പ്രവൃത്തികൾ ക്രമരഹിതമാണ്. ഇവിടെ 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് പരമാവധി നൽകാവുന്ന അധിക കാലയളവ് 3 മാസം മാത്രമാണ്. എന്നാൽ ഇതിന് വിപരീതമായി 7 മാസം ദീർഘീകരണ കാലയളവ് നൽകിയത് പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി സമയം ദീർഘിപ്പിക്കേണ്ടി വന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രവൃത്തി പൂർത്തീകരണത്തിൽ മരാമത്ത് മാന്വൽ പ്രകാരമുള്ള നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭ ഇത്തരം തീരുമാനങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

3.മോണിറ്ററിംഗ് റിപ്പോർട്ടില്ലാതെ തുക അനുവദിച്ചു.

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്റ്റിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. ഇവിടെ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പാണ് പ്രോജക്റ്റ് മോണിറ്റർ ചെയ്യേണ്ടിയിരുന്നത്. പദ്ധതിരൂപീകരണ ശേഷം പ്രസ്തുത വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമായിരുന്നു. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റി കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-60 ആർ.എം.എസ്.എ ഫണ്ട് വകയിരുത്തിയുള്ള സ്കൂൾ പുനരുദ്ധാരണ പ്രവൃത്തികൾ-പൂർണ്ണമായ ചെലവ് സംബന്ധിച്ച് വ്യക്തതയില്ല.

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം ആർ.എം.എസ്.എ ഫണ്ട് വകയിരുത്തി മൂന്ന് സ്കൂൾ പുനരുദ്ധാരണ/നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷവും ഈ പ്രവൃത്തികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്തി സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.വിവരം ചുവടെ ചേർക്കുന്നു.

1.പ്രവൃത്തി നം 291/2019-ഗവ.ബോയ്സ് ഹൈസ്കൂളിൽ ആർ.എം.എസ്.എ.ഫണ്ട് ഉപയോഗിച്ചുള്ള ക്ലാസ് റൂം നിർമ്മാണം.

കേന്ദ്രാവിഷ്കൃത ഫണ്ട് 2500000 രൂപയും, ധനകാര്യ കമ്മിഷൻ ഗ്രാന്റ് 4000000 രൂപയും വകയിരുത്തി ഏറ്റെടുത്തതാണ് പ്രസ്തുത പദ്ധതി.പ്രവൃത്തിയുടെ ആദ്യ ടെണ്ടറിൽ ഏക ടെണ്ടർ മാത്രം ലഭിച്ചതിനാലും റീടെണ്ടറിൽ എസ്റ്റിമേറ്റിനെക്കാളും ഉയർന്ന തുക ക്വാട്ട് ചെയ്തതിനാലും ആയവ അംഗീകരിച്ചില്ല. തുടർന്ന് 20-07-2019 ലെ റീ-ഇ ടെണ്ടറിൽ ശ്രീ.അപ്പുക്കുട്ടൻ.പി എന്ന വ്യക്തി സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും ടിയാനുമായി 21-08-2019 ൽ കരാർ ചമയ്ക്കുകയും ചെയ്തു. സുലേഖ പത്രിക പ്രകാരം ഈ പദ്ധതിക്ക് ആ സാമ്പത്തിക വർഷം ചെലവ് വന്നിട്ടില്ല. ഈ പദ്ധതി 2019 -20 ൽ വീണ്ടും 228/2020 ആയി ഏറ്റെടുത്തു. ധനകാര്യ കമ്മിഷൻ ഗ്രാന്റിനത്തിൽ 40,00,000 രൂപാ വകയിരുത്തിയതിൽ 5,00,000/- രൂപാ സുലേഖ പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് 25,00,000 രൂപാ വകയിരുത്തിയതിൽ ആ വർഷവും ചെലവ് രേഖപ്പെടുത്തിയിട്ടില്ല. 2020-21 ൽ വീണ്ടും ടി പ്രവൃത്തി 240 / 21 ആയി ഏറ്റെടുത്തു. 35,00,000 രൂപാ ധനകാര്യ കമ്മിഷൻ ഗ്രാന്റിനത്തിൽ വകയിരുത്തിയതിൽ 29,38,485 രൂപാ ചെലവഴിച്ചു. കേന്ദ്രാവിഷ്കൃത ഫണ്ടിന് ( വകയിരുത്തിയത് 3500000) തൻവർഷവും സുലേഖ പ്രകാരം ചെലവ് വന്നിട്ടില്ല. ടി പ്രവൃത്തിയുടെ എം ബുക്കുകളിൽ ചുവടെ പറയും പ്രകാരം ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്.

| ബിൽ വിവരങ്ങൾ | തുക | എം ബുക്ക് നം/തീയതി |
|---|---|---|
| I& Part Bill | 831488 | എം ബുക്ക് നം-137 തീയതി.07.01.2020 |
| II& Part Bill | 1294365 | എം ബുക്ക് നം-137 തീയതി.12.05.2020 |
| III& Part Bill | 1401831 | എം ബുക്ക് നം-184 തീയതി.24.07.2020 |
| IV& Part Bill | 418129 | എം ബുക്ക് നം-184 തീയതി.10.11.2020 |
| V& Part Bill | 524159 | എം ബുക്ക് നം-202 തീയതി.10.11.2020 |
| VI& Final Bill | 1202203 | എം ബുക്ക് നം-207 തീയതി.12.08.2021 |
| ആകെ | 5672175 | |

ഈ പ്രവൃത്തിക്കായി ധനകാര്യകമ്മിഷൻ ഗ്രാന്റ് ഇനത്തിൽ ആകെ 3438485/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് ചെലവുകൾ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. സുലേഖ പത്രിക പ്രകാരം മറ്റ് ചെലവുകൾ ഉണ്ടായിട്ടില്ല.മറ്റ് ഫണ്ടുകളിൽ നിന്നും ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.43/ 06.07.2022) നൽകിയിരുന്നതിൽ ചുവടെ സൂചിപ്പിക്കും പ്രകാരം മറുപടി ലഭ്യമാക്കി.

| ബിൽ വിവരങ്ങൾ | തുക | ലഭ്യമാക്കിയ മറുപടി (ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ) | |
|---|---|---|---|
| | | സി.എഫ്.സി.ഫണ്ട് | മറ്റ് ഫണ്ടുകൾ |
| I& Part Bill | 831488 | 500000 | 331488 (എസ്.എസ്.എ) |

| | | | |
|---|---|---|---|
| II& Part Bill | 1294365 | 594365 | 700000 (എസ്.എസ്.എ) |
| III& Part Bill | 1401832 | 1401832 | - |
| IV& Part Bill | 418129 | 418129 | - |
| V& Part Bill | 524159 | 514159 | |
| VI& Final Bill | 1202203 | 561515 | 640688 (ആർ.എം.എസ്.എ) 2021-22 ൽ നൽകി. |

ഈ പദ്ധതി 2021-22 ൽ 168/2022 ആയി വീണ്ടും ഏറ്റെടുത്തിട്ടുണ്ട്. എസ്സ്.എസ്സ്.എ ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച തുകകൾ തിരികെ റീക്രൂപ്പ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

2.പ്രവൃത്തി നം.292/2019-ഗവ.ഗേൾസ് ഹൈസ്കൂളിൽ ആർ.എം.എസ്.എ.ഫണ്ട് ഉപയോഗിച്ചുള്ള ക്ലാസ് റൂം നിർമ്മാണം.

ധനകാര്യ കമ്മിഷൻ ഗ്രാന്റ് 35,00,000/-രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ട് 30,00,000/-രൂപയും വകയിരുത്തി 2018-19 ൽ ഏറ്റെടുത്തതാണ് ഈ പദ്ധതി. ഈ പദ്ധതിയ്ക്കായി ആ വർഷം 9,51,304/-രൂപ ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവ് വന്നിട്ടില്ല.ഉടർന്ന് 2019-20 ൽ ധനകാര്യ കമ്മിഷൻ ഗ്രാന്റ് 25,48,696/- രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ട് 30,00,000/-രൂപയും വകയിരുത്തി പ്രോജക്ട് നം229 ആയി ടി പദ്ധതി വീണ്ടും ഏറ്റെടുത്തു. ആ വർഷം സുലേഖ പത്രിക പ്രകാരം പദ്ധതിയ്ക്കായി തുക ചെലവഴിച്ചില്ല.ഉടർന്ന് വീണ്ടും 2020-21 ൽ പദ്ധതി നം 238 ആയി ധനകാര്യ കമ്മിഷൻ ഗ്രാന്റ് 25,48,696/- രൂപയും കേന്ദ്രാവിഷ്കൃത ഫണ്ട് 30,00,000/-രൂപയും വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തു.തൻവർഷം ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിൽ 25,23,004/-രൂപ ചെലവഴിച്ചു.എന്നാൽ കേന്ദ്രാവിഷ്കൃത ഫണ്ടിന് സുലേഖ പ്രകാരം തൻവർഷവും ചെലവുണ്ടായിട്ടില്ല. 05.09.2019 ൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു.എന്നാൽ ടി പ്രവൃത്തിയുടെ എം ബുക്കുകൾ പരിശോധിച്ചതിൽ ചുവടെ പറയും പ്രകാരം ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.

| ബിൽ വിവരങ്ങൾ | തുക | എം ബുക്ക് നം/തീയതി |
|---|---|---|
| I& Part Bill | 951304 | എം ബുക്ക് നം-173 തീയതി.20.03.2019 |
| II& Part Bill | 2460981 | എം ബുക്ക് നം-190 തീയതി.13.06.2019 |
| III& Final Bill | 2537934 | എം ബുക്ക് നം-116 തീയതി.05.11.2019 |
| ആകെ | 5950219 | |

ഈ പ്രവൃത്തിയ്ക്കായി ധനകാര്യകമ്മിഷൻ ഗ്രാന്റ് ഇനത്തിൽ ആകെ 34,74,308/-രൂപ ചെലവഴിച്ചിട്ടുണ്ട്.കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് ചെലവുകൾ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. സുലേഖ പത്രിക പ്രകാരം മറ്റ് ചെലവുകൾ ഉണ്ടായിട്ടില്ല.മറ്റ് ഫണ്ടുകളിൽ നിന്നും ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിൽ ചുവടെ സൂചിപ്പിക്കും പ്രകാരം മറുപടി ലഭ്യമാക്കി.

| ബിൽ വിവരങ്ങൾ | തുക | ലഭ്യമാക്കിയ മറുപടി (ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ) | |
|---|---|---|---|
| | | സി.എഫ്.സി.ഫണ്ട് | മറ്റ് ഫണ്ടുകൾ |
| I& Part Bill | 951304/- | 951304/- | - |
| II& Part Bill | 2460981/- | - | 2460981 (ആർ.എം.എസ്.എ) |
| III& Final Bill | 25,37,934/- | 19,98,915/- | 5,39,019 (ആർ.എം.എസ്.എ) |

ആർ.എം.എസ്.എ ഫണ്ടിൽ നിന്നും ആകെ 30,00,000/-രൂപ ചെലവ് വന്നിട്ടുണ്ടെന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി

ലഭ്യമാക്കിയത്.എന്നാൽ സൂലേഖ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഈ ചെലവുകൾ പരിശോധിക്കാനാവശ്യമായ രേഖകളും ലഭ്യമാക്കിയില്ല.ആർ.എം.എസ്.എ.ഫണ്ട് ലഭ്യമായെങ്കിൽ കേന്ദ്രാവിഷ്കൃത ഫണ്ട് 30,00,000/-വകയിരുത്തി 2021-22 ൽ 169/22 ആയി വീണ്ടും ഈ പദ്ധതി ഏറ്റെടുത്തിരിക്കുന്നതിന്റെ യുക്തി വ്യക്തമല്ല.ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

3.പദ്ധതി നം 293/2019 ഗവ.ഹൈസ്കൂൾ അവനവഞ്ചേരിയിൽ ആർ.എം.എസ്.എ.ഫണ്ട് ഉപയോഗിച്ചുള്ള ക്ലാസ്സ് റൂം നിർമ്മാണം.

കേന്ദ്രാവിഷ്കൃത ഫണ്ട് (ആർ.എം.എസ്.എ) 2945000/-വകയിരുത്തി 2018-19 ൽ ഏറ്റെടുത്തതാണ് പ്രസ്തുത പദ്ധതി.ആ വർഷം പ്രസ്തുത പദ്ധതിയ്ക്ക് സൂലേഖ പ്രകാരം ചെലവ് വന്നിട്ടില്ല.2019-20 ൽ വീണ്ടും 2945000/-വകയിരുത്തി പദ്ധതി ഏറ്റെടുത്തു.ആ വർഷവും സൂലേഖ പ്രകാരം ചെലവ് വന്നിട്ടില്ല. 2020-21 ൽ വീണ്ടും ഇതേ തുക വകയിരുത്തി പദ്ധതി നം 239/21 ആയി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.എന്നാൽ സൂലേഖ പ്രകാരം ചെലവ് വന്നിട്ടില്ല. 07/09/2020 ൽ പ്രവൃത്തി പൂർത്തീകരിച്ച് 12.10.2020 ൽ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി എം ബുക്ക് പ്രകാരം ചുവടെ പറയുന്ന ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്..

| ബിൽ വിവരങ്ങൾ | തുക | എം ബുക്ക് നം/തീയതി |
|---|---|---|
| I& Part Bill | 1147905 | എം ബുക്ക് നം-106 തീയതി.28.09.2019 |
| II& Part Bill | 660273 | എം ബുക്ക് നം-106 തീയതി.08.11.2019 |
| III& Final Bill | 805753 | എം ബുക്ക് നം-194 തീയതി.12.10.2020 |
| ആകെ | 2613931 | |

സൂലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ചെലവുകൾ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല.സൂലേഖ പത്രിക പ്രകാരം മറ്റ് ചെലവുകൾ ഉണ്ടായിട്ടില്ല.മറ്റ് ഫണ്ടുകളിൽ നിന്നും ചെലവ് നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിക്ക് ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

| ബിൽ വിവരങ്ങൾ | തുക | ലഭ്യമാക്കിയ മറുപടി (ചെലവ് സംബന്ധിക്കുന്ന വിവരങ്ങൾ) | |
|---|---|---|---|
| | | സി.എഫ്.സി.ഫണ്ട് | മറ്റ് ഫണ്ടുകൾ |
| I& Part Bill | 1147905 | - | 1147905/- (ആർ.എം.എസ്.എ) 2019-20 |
| II& Part Bill | 660273 | - | 660273/- (എസ്.എസ്.എ) 2019-20 |
| III& Final Bill | 805753 | - | 805753/- (ആർ.എം.എസ്.എ) 2021-22 ലെ ചെലവ്) |

ഇവിടെ 2019-20 ലെ ആർ.എം.എസ്.എ.&എസ്.എസ്.എ ഫണ്ട് ചെലവുകൾ വന്നതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഇവ സൂലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ചെലവ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. കൂടാതെ 2021-22 ൽ ഈ പദ്ധതി വീണ്ടും 29,45,000/-വകയിരുത്തി ഏറ്റെടുത്തിട്ടുണ്ട്. ആർ.എം.എസ്.എ. ഫണ്ട് ചെലവഴിച്ചുവെങ്കിൽ വീണ്ടും അടങ്കൽ തുക മുഴുവൻ വകയിരുത്തി പദ്ധതി ഏറ്റെടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം വകമാറ്റി ചെലവഴിച്ച ഫണ്ടുകൾ റീക്കൂപ്പ് ചെയ്തവിവരങ്ങളും പ്രവൃത്തി സംബന്ധിച്ച് പരാമർശിച്ചിരിക്കുന്ന അപാകതകളും പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-61 റോഡ്പ്രവൃത്തികൾ-പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

നഗരസഭകൾ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനും വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 17/2018/ ത.സ്വ.ഭ.വ. 02.02.2018 ലെ ഖണ്ഡിക 7.13.1 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നഗരസഭ തൻവർഷം നിരവധി റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയാണോ ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത് എന്ന ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം - 13/ 2022) തയ്യാറാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി.

ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് ജി.ഒ (എം.എസ്) നമ്പർ 17/2018/ത.സ്വ.ഭ.വ 02.02.2018 ലെ ഖണ്ഡിക 7.13.9 പ്രകാരം വ്യക്തമാക്കുന്നുണ്ട്. എന്നാൽ തൻവർഷമോ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തതായി കണ്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഇത്തരത്തിൽ ഒരുപ്രവൃത്തി ഏറ്റെടുത്തിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി.

## 1-62 വീട് വാസയോഗ്യമാക്കൽ പദ്ധതി - നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0042/21 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ പദ്ധതി |
| അടങ്കൽ | 495000<br>വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 1650000 (സുലേഖ പ്രകാരം )<br>1575000 (എ സി ആർ, ബില്ലുകൾ എന്നിവ പ്രകാരം) |
| ബിൽ നമ്പർ, തീയതി | 341/10.03.21 -75000<br>342/10.03.21 -150000<br>343/10.03.21 -300000<br>344/10.03.21 -225000<br>349/12.03.21 -150000<br>352/16.03.21 -75000<br>357/19.03.21 -75000<br>386/20.03.21 -225000<br>387/20.03.21 -150000<br>388/20.03.21 -75000<br>405/24.03.21 -75000<br>ആകെ - 1575000 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

സ.ഉ കൈ നം. 22/2018 തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.7.6 പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. "വീട് വാസയോഗ്യമാക്കൽ പദ്ധതി" പ്രകാരം അർഹതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ വീതം നൽകുന്നു. ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. ചെലവായ തുക സുലേഖ പത്രിക പ്രകാരം 1650000/- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1575000/- എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥർ തയ്യാറാക്കി എൽ എസ് ജി ഡി എഞ്ചിനിയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് പരമാവധി തുകയായ 150000/- രൂപ സബ്സിഡി ആയി നൽകുന്ന വിധമാണ് ഈ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

3. ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൌണ്ട് ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

4. ശ്രീമതി മല്ലിക.പി.കെ, ചരുവിള പുത്തൻവീട് ചെറുമണ്ണൂർക്കോണം എന്ന ഗുണഭോക്താവിന്റെ അപേക്ഷയും അനുബന്ധ രേഖകളും ഫയലിൽ ലഭ്യമല്ല. പ്രസ്തുത ഗുണഭോക്താവ് ആദ്യ തവണത്തെ തുകയായ 75000/- രൂപ 20.03.2021ൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വീട് വാസ യോഗ്യമാക്കൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

5. ശ്രീ. അശോകൻ ആർ, എ.എസ് നിവാസ്, തച്ചൂർക്കുന്ന്, അവനവഞ്ചേരി ആദ്യ തവണ 75000/- രൂപ 20.03.21ന് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വീട് വാസ യോഗ്യമാക്കൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/2020-21 തീയതി 06.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകുമ്പോൾ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-63 കിണർ പുനരുദ്ധാരണം - രേഖകൾ ലഭ്യമാക്കാത്തതിനാൽ 18000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00170/21 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കിണർ പുനരുദ്ധാരണം |
| അടങ്കൽ | 91202<br>(81202വികസന ഫണ്ട്-എസ് സി പി + 10000 തനത് ഫണ്ട്) |
| ചെലവ് | 21000 വികസന ഫണ്ട്-എസ്.സി.പി |
| ബിൽ നമ്പർ | 127/22.06.20 – 3000<br>142/17.07.20 – 3000<br>209/10.11.2020 – 9000<br>450/27.03.21 – 3000<br>240/01.12.20 - 3000 |
| നിർവ്വഹണം | എസ്.സി.ഡി.ഒ |

വാർഡ് സഭ വഴി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് കിണർ പുനരുദ്ധാരണ ആനുകൂല്യമായി ഒരാൾക്ക് 6000/- രൂപ വീതം അനുവദിക്കുന്നതിനാണ് പ്രസ്തുത പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 2019-20 വർഷം നടപ്പിലാക്കിയ കിണർ പുനരുദ്ധാരണം എന്ന പദ്ധതിയുടെ രണ്ടാം ഗഡുവായ 3000/- രൂപ വീതം നൽകാനാണ് സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയത്. ഏഴ് ഗുണഭോക്താക്കൾക്കായി രണ്ടാം ഗഡുവായ 3000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഏഴ് പേർക്ക് ആനുകൂല്യം നൽകിയതിൽ ഒരാളുടെ അപേക്ഷയും അനുബന്ധ രേഖകളും മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. മറ്റുള്ളവരുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) സ.ഉ(കൈ)നം.22/2018തസ്വഭവ തീയതി 14.02.2018 6.6.4 പ്രകാരം വാല്യുവേഷൻ എഞ്ചിനിയർ എടുക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ലഭ്യമാക്കിയ ഫയലിൽ ഇത്തരത്തിൽ വാല്യുവേഷൻ നൽകിയിട്ടില്ല. കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റ് മതിൽ കെട്ടുക, പ്ലാറ്റ് ഫോം നിർമ്മിക്കുക, മുകൾ ഭാഗത്ത് സംരക്ഷണ വലകെട്ടുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടാണോ രണ്ടാം ഗഡു നൽകിയത് എന്നതും വ്യക്തമല്ല.

രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.37/2020-21 06.07.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ കിണർ പുനരുദ്ധാരണത്തിനായി ആറ് ഗുണഭോക്താക്കൾക്ക് നൽകിയ 18000/-(6 X3000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-64 പൈപ്പ് കണക്ഷൻ - ഫയൽ പൂർണമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0044/21 |

| | |
|---|---|
| | |
| പ്രോജക്ടിന്റെ പേര് | പൈപ്പ് കണക്ഷൻ |
| അടങ്കൽ | 108000<br>( 104473വികസന ഫണ്ട്-എസ് സി പി + 3527 തനതു ഫണ്ട്) |
| ചെലവ് | 24000 (വികസന ഫണ്ട്-എസ് സി പി) |
| ബിൽ നമ്പർ | 358/19.03.21 – 6000<br>366/19.03.21 – 6000<br>417/19.03.21 – 6000<br>446/19.03.21 – 6000 |
| നിർവ്വഹണം | എസ് സി ഡി ഒ |

പൈപ്പ് കണക്ഷൻ ലഭിച്ച് വാട്ടർ അതോറിറ്റിയിൽ നിന്ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനാണ് പ്രോജക്ട്. ഒരു ഗുണഭോക്താവിന് 6000/- രൂപ വീതം ആകെ 18 പേർക്ക് 108000/- രൂപ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്. നാല് പേർക്കാണ് 2020-21 വർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം.22/2018തസ്വഭവ തീയതി 14.02.2018 6.6.2 പ്രകാരം പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് യഥാർത്ഥ ചെലവ് സബ്സിഡിയായി നൽകുന്നു. കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്. ഇത്തരത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഗുണഭോക്താവ് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമല്ല. ഗുണഭോക്താവിന് ചെലവായ തുകയ്ക്ക് ആനുപാതികമായാണോ സബ്സിഡി നൽകിയിരിക്കുന്നത് എന്നതും വ്യക്തമല്ല. യഥാർത്ഥ ചെലവ് സബ്സിഡി നൽകുന്ന സാഹചര്യത്തിൽ പൈപ്പ് കണക്ഷൻ ലഭിക്കുന്നതിനായി ഗുണഭോക്താവ് ചെലവ് ചെയ്ത തുകയുടെ വിശദാംശം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/ 06.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-65 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ പദ്ധതി - കട്ടിൽ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല-130484/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00148/20- 21 |
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ |
| അടങ്കൽ | 130500<br>(129350വികസന ഫണ്ട്-എസ് സി പി + 1150 തനത് ഫണ്ട്) |
| ചെലവ് | 130484(129350വികസന ഫണ്ട്-എസ് സി പി + 1134 തനതു ഫണ്ട്) |

| | |
|---|---|
| ബിൽ നമ്പർ | 359/19.03.21 – 129350<br>364/19.03.21 – 1134 |
| നിർവ്വഹണം | എസ് സി ഡി ഒ |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സബ്സിഡി മാർഗ്ഗരേഖ സ.ഉ കൈ.നം.22/2018 /തസ്വഭവ തീയതി 14.02.2018 7.1.13 പ്രകാരം 60വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികമാകാതെ 1.98 M നീളവും 90 Cm വീതിയും മുൻകാലിന് 60 Cm ഉം പിൻകാലിന് 50 Cmഉം, 8 Mm കനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിൽ/സ്റ്റീലിൽ പണിത കട്ടിൽ നൽകാവുന്നതാണ്. 130484/- രൂപ ARTCO Ltd ന്റെ അക്കൌണ്ടിലേക്ക് (നമ്പർ 37438258360 ) 19.03.21ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ARTCO യുടെ 15.03.21ലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 393 ഫയലിൽ ലഭ്യമാണ്. എന്നാൽ കട്ടിൽ ലഭിച്ചതിന്റെ ടാക്സ് ഇൻവോയ്സ്, കട്ടിൽ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. രജിസ്റ്റർ പരിശോധിച്ചതിൽ 30 പേരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കട്ടിൽ വിതരണം ചെയ്തോ എന്ന് വ്യക്തമല്ല. 2020-21 വർഷം കട്ടിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/06.07.2022) മറുപടി ലഭ്യമാക്കിയില്ല. വിതരണ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 130484/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-66 പഠനമുറി (എസ് സി പി) - നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00170/21 Spill Over |
| പ്രോജക്ടിന്റെ പേര് | പഠനമുറി (എസ് സി പി) |
| അടങ്കൽ | 4621527<br>വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 3788687 |
| നിർവ്വഹണം | എസ് സി ഡി ഒ |

പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടി പഠനമുറി നിർമ്മിച്ച് നൽകുന്നു. പഠനമുറി നിർമ്മിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ സഹിതം കരാർ സമർപ്പിച്ചതിന് ശേഷം ആദ്യ ഗഡു 50000/- രൂപയും തുടർന്ന് മുനിസിപ്പാലിറ്റി അസി. എഞ്ചിനിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 75000/- രൂപ വീതം രണ്ട് ഗഡുക്കളായി നൽകുന്നു. ഒരാൾക്ക് ആകെ 200000/-രൂപ അനുവദിക്കുന്നു. പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | അനുവദിച്ച തുക / തീയതി | അവസാന ഗഡു അനുവദിച്ച തീയതി |
|---|---|---|---|
| 1 | ആദർശ് പി ദ്രാവിഡ് / ലത പി ആർ, പണയിൽ വീട്, ചിറ്റാറ്റിൻകര, കിഴുവിലം പി ഒ | 50000/12.11.2019<br>75000/22.06.20 | 22.06.2020 |
| 2 | അനന്ത കൃഷ്ണൻ എസ് എസ്/ ഷീബ ആർ, കൊടിവച്ചവിള വീട്, അട്ടക്കുളം, ആറ്റിങ്ങൽ പി ഒ | 50000/22.01.20<br>70891/24.06.20 | 24.06.2020 |
| 3 | ആര്യ ആർ വി / രഞ്ജു ബി, ആർ വി നിവാസ്, കൊട്ടിയോട്, ആറ്റിങ്ങൽ | 50000/01.02.20<br>75000/18.08.20 | 18.08.20 |
| 4 | ആദിത്യ അനിൽ ആർ/ റോസ് ലന്റ്, ലുംപിനി, തോട്ടിൻകര, കരിച്ചിയിൽ, ആറ്റിങ്ങൽ | 50000/01.02.20<br>75000/27.05.20 | 27.05.20 |
| 5 | ഉഷ, രാജ് ഗ്രഹ, മുല്ലശ്ശേരി, രാമച്ചം വിള, ആറ്റിങ്ങൽ | 50000/20.01.20 | 20.01.20 |
| 6 | വസന്ത, എ ആർ നിവാസ് കൊട്ടിയോട്, ആറ്റിങ്ങൽ | 50000/20.01.20<br>75000/30.03.22 | 30.03.22 |

ഗുണഭോക്താക്കൾ ചമച്ച കരാർ പത്രിക പ്രകാരം പഠനമുറിയുടെ നിർമ്മാണം, കരാർ പത്രിക തീയതി മുതൽ മൂന്ന് മാസത്തിനകം

പൂർത്തിയാകുന്നതാണെന്നുണ്ട്. 2019-20 ലെ പ്രോജക്ട് സ്പിൽഓവറായി 2020-21 വർഷം ഉൾപ്പെടുത്തിയിട്ടും പ്രസ്തുത വർഷവും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പഠനമുറിയുടെ നിർമ്മാണത്തിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40 /06.07.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പഠനമുറികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-67 ABC പ്രോഗ്രാം - വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 147000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0076/2020-21 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | 147000<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 147000 |
| ബിൽ നമ്പർ | 122/15-06-2020 |
| നിർവ്വഹണം | സീനിയർ വെറ്ററിനറി സർജ്ജൻ |

ആറ്റിങ്ങൽ നഗരസഭയിലെ അലഞ്ഞു തിരിയുന്ന 70 തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടുത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വകകൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100/- രൂപ വകയിരുത്തി 147000/- രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി.

എ) 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. 17.06.21, 22.06.21എന്നീ തീയതികളിൽ ആണ് നായകളെ പിടികൂടിയത്. മേൽ തീയതികളിൽ പിടികൂടിയ നായകളെ 22.06.21ൽ സർജറി ചെയ്തതായി ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ എന്നിവ നൽകിയിരുന്നോ എന്ന് വ്യക്തമല്ല. സർജറി കഴിഞ്ഞ നായകളെ തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തലും ഫയലിൽ ലഭ്യമല്ല.

ബി) സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പിനെയാണ് നായകളുടെ പരിപാലനത്തിനായി ഏൽപ്പിച്ചതെങ്കിലും പ്രസ്തുത ഗ്രൂപ്പ് ഇത്തരത്തിൽ പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി മൈക്രോ യൂണിറ്റാണോ എന്ന് വ്യക്തമല്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് നടന്നതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 63/2020-21,08.07.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. അതിനാൽ വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 147000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-68 അടുക്കള മുറ്റത്തെ കോഴി വളർത്തൽ - വിതരണ രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0105/2020-21 |
| പ്രോജക്ടിന്റെ പേര് | അടുക്കള മുറ്റത്തെ കോഴി വളർത്തൽ |
| അടങ്കൽ | 90200<br>(67650വികസന ഫണ്ട്- എസ് സി പി+ 22550 മറ്റുള്ളവ) |
| ചെലവ് | 27225(സുലേഖ പ്രകാരം) |

| | |
|---|---|
| | 36300 (യഥാർത്ഥ ചെലവ്) |
| ബിൽ നമ്പർ | 468/29-03-2021<br>491 /31.03.2021 (ബിൽ പ്രകാരം) |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതിയുടെ ഭാഗമായി ഗീത എഗ്ഗർ നഴ്സറി, കടപ്പനക്കുന്ന് എന്ന സ്ഥാപനത്തിന് 29-03-2021, 31.03.2021 എന്നീ തീയതികളിലായി 36,300/- രൂപ നൽകിയിട്ടുണ്ട്. 330 കോഴികളെ വാങ്ങിയതായും കാണുന്നു. എന്നാൽ കോഴികളെ വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.71/2020-21, 08.07.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ കോഴികളെ വിതരണം ചെയ്തതിന്റെ വിശദാംശം സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും അവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-69 മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി- 2612/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ Earth Filling ന് ഉയർന്ന നിരക്ക് നൽകിയതു മൂലം അധികചെലവുണ്ടായി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ | 260/20-21 |
| പേര് | അംഗനവാടികളുടെ മെയിന്റനൻസും അനുബന്ധ പ്രവൃത്തികളും |
| എസ്റ്റിമേറ്റ് നമ്പർ | 2019/109494 |
| സാങ്കേതികാനുമതി നമ്പർ തുക | 99311/19-20, 12,00,000/- |
| കരാറുകാരൻ | അബ്ദുൽ സലാം |
| എം ബുക്ക് നമ്പർ | 187/19-20, 188/19-20, 189/19-20 |
| ഫണ്ട് | CFC ഗ്രാന്റ് |
| ബിൽ നമ്പർ, തുക | 59/16.11.2020 തുക 8,41,499/- |

Estimate Item Sl No.5 ൽ 50.2.25.1 ഡാറ്റ ( Filling With Contractor's Own Earth In Trenches, Plinth, Sides Of Foundations Etc. In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് നൽകിയത്. ആയതിന് 20.862 $M^3$ X 400/$m^3$ നിരക്ക് പ്രകാരം 8344.80 നൽകിയിട്ടുണ്ട്. (കരാറുകാരൻ 400/$m^3$ നിരക്കാണ് ക്വാട്ട് ചെയ്തത് ). Mbook 188/19-20 Page 1 To 4 പ്രകാരമുള്ള അളവുകളിൽ വിവിധ സ്ഥലങ്ങളിൽ 20 Cm ഉയരത്തിലാണ് Earth Filling നടത്തിയിട്ടുള്ളത്. ആയതിന് തുറസായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള നിരക്കായ 50.2.26.1 (Filling With Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) നൽകിയാൽ മതിയാകുന്നതാണ്. ആയതിന് അനുവദനീയമായ നിരക്ക് ചുവടെ പറയുന്നു.

| | |
|---|---|
| 50.2.26.1 | Filling With Contractor Own Earth (Excluding Rock) In Open Areas In Layers Not Exceeding 20cm In Depth, Consolidating Each Deposited Layer By Ramming And Watering, Lead Up To 50 M And Lift Up To 1.5 M As Per Direction Of Site Engineer-in-charge. |

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | Details Of Cost For 1 Each | | | | |
| 0979 | Royalty For Good Earth | Cum | 1.0 | 30.00 | 30.00 |
| 2241 | Carriage Of Good Earth | Cum | 1.0 | 129.71 | 129.71 |
| 0128 | Mate | Day | 0.01 | 407.00 | 4.07 |
| 0115 | Coolie | Day | 0.01 | 368.00 | 3.68 |
| 0101 | Bhisti | Day | 0.01 | 407.00 | 4.07 |

| | |
|---|---|
| TOTAL | 171.53 |
| Add Water Charges @ 1% | 1.72 |
| TOTAL | 173.25 |
| Add CPOH @ 15% | 26.00 |
| Cost Of 1.0 Cum | 199.25 |
| Cost Per Cum | 199.25 |
| Cost Index (37.93 %) | 75.57 |
| TOTAL | 274.8 |

പ്രസ്തുത പ്രവൃത്തിയിൽ അനുവദിച്ച നിരക്ക് - 20.862m$^3$ X 400/m$^3$ = 8344.80

അനുവദനീയമായ നിരക്ക് - 20.862 M$^3$ X 274.8/m$^3$= 5732.88

അധികമായി നൽകിയ തുക - 2612/-

ഇത്തരത്തിൽ അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകിയതിന് 6.7.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47 ന് വിശദീകരണമായി അംഗനവാടിയിലേക്ക് നടപ്പാത മാത്രമാണ് ഉണ്ടായിരുന്നതെന്നും, മണ്ണ് തല ചുമടായാണ് കൊണ്ട് വന്നത് എന്നും, 20% കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ 20cm കനത്തിൽ മാത്രമാണ് മണ്ണ് നിറക്കൽ നടന്നിട്ടുള്ളത് എന്നതിനാലും ട്രെഞ്ച്/ഫൗണ്ടേഷൻ ഫില്ലിംഗ് അല്ലാത്തതിനാലും ഉറപ്പായ സ്ഥലത്ത് മണ്ണ് നിറക്കുന്നതിനുള്ള നിരക്ക് മാത്രമെ അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ല. മേൽ സാഹചര്യത്തിൽ Earth Filling ഇനത്തിൽ അധികം നൽകിയ തുകയായ 2,612/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-70 എസ്റ്റിമേറ്റ് പ്രകാരം തെറ്റായ നിരക്ക് നൽകി പ്രവൃത്തി നിർവ്വഹിച്ചു-1434/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ഉയർന്ന നിരക്ക് നൽകിയതു മൂലം അധിക ചെലവുണ്ടായി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 282/21 |
| പേര് | നഗരസഭാ ഓഫീസിലെ റെക്കോർഡ് റൂം ബാക്കി പ്രവൃത്തികളും Leak Proof പ്രവൃത്തികളും |
| എസ്റ്റിമേറ്റ് നമ്പർ | 2020/29903 |

| | |
|---|---|
| സാങ്കേതികാനുമതി നമ്പർ | 6659/20-21 തുക1,50,000/- |
| കരാറുകാരൻ | റിയാസ് നസീർ |
| എം ബുക്ക് നമ്പർ | 105/20-21 |
| Tender Below/above | 0.1 % Below |
| ഫണ്ട് | CFC Grant |
| ബിൽ നമ്പർ | 57/16.11.2020 തുക 1,46,287/- |

പ്രസ്തുത പ്രവൃത്തിയിൽ Estimate Item-4 ആയി 'Fabricating Rack For Record .....' എന്ന റാക്ക് നിർമ്മാണ പ്രവൃത്തിക്ക് DAR 10.16.1 (Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete.) എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. പ്രസ്തുത നിരക്ക് Truss നിർമ്മാണത്തിനായി നൽകുന്നതാണ്. ഇത്തരം പ്രവൃത്തിക്ക് DAR 10.25.2 (In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works) എന്ന നിരക്ക് നൽകിയാൽ മതിയാകുന്നതാണ്. DAR 10.25.2 പ്രകാരം അടിസ്ഥാന നിരക്കായ 85.95 യും കോസ്റ്റ് ഇൻഡക്സ് 37.93 ഉൾപ്പെടെയുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. അപ്രകാരം 118.5/kg രൂപയാണ് അനുവദിക്കാൻ സാധിക്കുന്നത്.

അനുവദിച്ച നിരക്ക്- 239.98 Kg X 124.45/kg = 29872.71 (തുക കണക്കാക്കിയതിൽ വ്യത്യാസം കാണുന്നു).

അനുവദിക്കാവുന്ന നിരക്ക് - 239.98 Kg X 118.5 = 28437.63

അധികം നൽകിയ തുക – 1434/-(.1% Below 1435)

റിക്കോർഡ് റൂം 50 X 20x 1.2 Mm അളവിലുള്ള Hollow Tubular Sections ഉപയോഗിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നും, ഓഡിറ്റിൽ നിർദേശിച്ച 10.25.2 ൽ Tsections, Angles, Channels ഉപയോഗിച്ചുള്ള പ്രവൃത്തികളാണ് വരുന്നതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 48/6.7.2022 ന്റെ മറുപടി) .
DAR 10.16.1 ൽ (Details Of Cost For A Truss Of Span 8 Metre എന്ന് സ്പെസിഫിക്കേഷനിൽ വ്യക്തമാക്കുന്നുണ്ട്) റൂഫിംഗ് പ്രവൃത്തികൾക്ക ആവശ്യമായ Purlins, Rafter എന്നിവ ഉപയോഗിച്ചുള്ള മേൽക്കൂര നിർമ്മാണത്തിനാവശ്യമായ പ്രവൃത്തികളാണ് നിർദ്ദേശിക്കുന്നത്. ആയതിനാലാണ് പ്രസ്തുത പ്രവൃത്തികൾക്ക് ഉയർന്ന നിരക്ക് നൽകുന്നത്. എന്നാൽ ഓഫീസ് റൂമിൽ റാക്ക് നിർമ്മാണത്തിന് ഇത്തരത്തിലുള്ള ഉയർന്ന നിരക്ക് ആവശ്യമില്ല. മേൽ സാഹചര്യത്തിൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുകയായ 1434/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-71 ഓട നിർമ്മാണത്തിനു പ്ലാസ്റ്ററിംഗ് നൽകിയതുവഴി അധിക ചെലവുണ്ടായി-15,910 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ഡ്രെയിൻ നിർമ്മാണ പ്രവൃത്തിയിൽ പ്ലാസ്റ്ററിംഗ് നൽകിയതിലൂടെ അധിക ചെലവുണ്ടായതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 310/21 |
| പേര് | അക്കരവിള റോഡിൽ ഓട നിർമ്മാണവും വെള്ളക്കെട്ടുള്ള ഭാഗം ഇന്റർലോക്കിംഗും – വാർഡ് 27 |
| എസ്റ്റിമേറ്റ് നമ്പർ | 2019/29989 |
| Ts നമ്പർ | 8897/19-20, 9,00,000/- |
| കരാറുകാരൻ | സജീഷ് കുമാർ (Item Rate) |
| എം. ബുക്ക് നമ്പർ | 141/19-20 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (R) |

| | |
|---|---|
| ബിൽ നമ്പർ | 79/3.2.2021 തുക 8,57,230/- |

പ്രസ്തുത പ്രവൃത്തിയിൽ Drain, Culvert എന്നിവയുടെ നിർമ്മാണത്തിനായി 50cm ആഴത്തിൽ Excavation (എം ബുക്ക് പേജ് നം- 1 -52.79 $M^3$, Specification 3.5.1). തുടർന്ന് 10 Cm കനത്തിൽ PCC -M10 (1:3:6) -(എം ബുക്ക് പേജ് നം- 3 -10.9 $M^3$), ചെയ്യുകയും 1:2.5:5 അനുപാതത്തിൽ M15 -60 Cm ഉയരത്തിൽ സൈഡ് വാൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. (എം ബുക്ക് പേജ് നം- 1, 29.56 $M^3$, Specification 11.4.2.1). തുടർന്ന് എം ബുക്ക് പേജ് നം- 19 പ്രകാരം 152.62 $M^2$ അളവിൽ സൈഡ് വാൾ Plastering നടത്തുകയും (Specification 12.3)ആയതിന് എം ബുക്ക് പേജ് നം- 28 പ്രകാരം 59.95 $M^3$ ൽ പരിമിതപ്പെടുത്തി 265.4/$m^2$ നിരക്കിൽ 15,910/- രൂപ അനുവദിക്കുകയും ചെയ്തു. 1:2.5:5 അനുപാതത്തിൽ ഓടക്ക് സൈഡ് വാൾ നിർമ്മിച്ചതിനു ശേഷം അതിനു പ്ലാസ്റ്ററിംഗ് ആവശ്യമില്ലാതിരിക്കെ പ്രസ്തുത ഇനം ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ച് തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 74/8.7.2022) മറുപടിയിൽ ചതുപ്പ് ആയതിനാലും, Seepage ഉണ്ടാകുന്നതിന് സാധ്യത ഉണ്ടാകുമെന്നതിനാലുമാണ് പ്ലാസ്റ്ററിംഗ് നടത്തിയത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. തൻ വർഷത്തെ മറ്റ് സമാന പ്രവൃത്തികളിൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടുത്തിയിട്ടില്ലാത്തതും, എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ലാത്തതും, ടി പ്രവർത്തിയിൽ ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കമാണ് ഉൾപ്പെടുന്നത്. കൂടാതെ 1:2.5:5 എന്ന ഉയർന്ന സ്പെസിഫിക്കേഷൻ നൽകുമ്പോൾ ഓട നിർമ്മാണത്തിന് പ്ലാസ്റ്ററിംഗ് ആവശ്യമില്ലാ എന്ന് മുൻ വർഷങ്ങളിൽ നിർദേശം നൽകിയിട്ടുള്ളതുമാകുന്നു. മേൽ സാഹചര്യത്തിൽ ഇത്തരത്തിൽ പ്ലാസ്റ്ററിംഗ് നടത്തിയത് അനാവശ്യചെലവാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ഇനത്തിൽ ചെലവായ 15,910/- രൂപ തടസപ്പെടുത്തുന്നു.

## 1-72 റൂഫിംഗ് പ്രവൃത്തിയിൽ കരാറിൽ നിന്നും വ്യത്യസ്തമായി GI റൂഫിംഗ് ഷീറ്റ് ഉപയോഗിച്ചു - 6,46,955/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

സ്കൂളിൽ ഷീറ്റ് മേയുന്ന പ്രവൃത്തിയിൽ, അലുമിനിയം ഷീറ്റിന് പകരമായി ജി.ഐ ഷീറ്റുപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചു.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 215/21 |
| പേര് | പരവൂർക്കോണം LPS ന്റെ നിലവിലുള്ള ക്ലാസ് റൂമിന്റെ ആസ്ബറ്റോസ് ഷീറ്റ് മാറ്റിയുള്ള റൂഫിംഗ് പ്രവൃത്തികൾ |
| എസ്റ്റിമേറ്റ് നമ്പർ | 2019/100283 |
| Ts നമ്പർ | 67079/19-20, 9,00,000/- |
| കരാറുകാരൻ | മോഹനൻ.വി. |
| എം. ബുക്ക് നമ്പർ | 152/19-20 |
| Tender Below/above | Item Rate |
| ഫണ്ട് | MF(NR) |
| ബിൽ നമ്പർ | 32/08.5.2020 തുക 6,46,955/- |

Estimate ഇനം നമ്പർ 6 പ്രകാരം സ്കൂൾ കെട്ടിടത്തിന് ഷീറ്റ് ഇടുന്ന പ്രവൃത്തിക്ക് Precoated Aluminium Trafford Sheet ഉപയോഗിക്കുന്നതിനാണ് Od 302548/2019-20 പ്രകാരം നിരക്ക് (812.88/ $M^2$) നൽകിയിരുന്നത്. എം ബുക്ക് പേജ് നം. 13,30 എന്നിവ പ്രകാരം പ്രസ്തുത ഇനത്തിന് 750/ $M^2$ (കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്) നിരക്കിൽ 290.7 $M^2$ ഏരിയക്ക് 290.7 Kg X 750/$m^2$ = 2,18,025/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിസ്ഥലം നേരിട്ട് പരിശോധിച്ചതിൽ, പ്രവൃത്തിക്ക് ഉപയോഗിച്ചിരിക്കുന്ന ഷീറ്റിൽ Magnet ഒട്ടിപ്പിടിക്കുന്നതായി കാണുകയും ആയത് സ്ഥല പരിശോധനാ റിപ്പോർട്ടിൽ മരാമത്ത് വിഭാഗം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ 0.5 Mm കനം വരുന്ന OXY Ozone എന്ന Companyയുടെ ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. OXY Ozone Company യുടെ ഔദ്യോഗിക രേഖകൾ പ്രകാരം Precoated Aluminium Trafford Sheet ൽ 55% അലുമിനിയം, 43.5% സിങ്ക്, അവശേഷിക്കുന്ന ഭാഗം അലോയ് കണ്ടന്റ്സ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മെറ്റൽസ് ഒന്നും തന്നെ Magnet ആകർഷിക്കുന്നവയല്ല. ആയതിനാൽ പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നത് 0.5 Mm കനമുള്ള GI Sheet ആണ് എന്ന് വ്യക്തമാണ്.

പ്രസ്തുത പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മെറ്റീരിയൽ തന്നെയാണോ ഉപയോഗിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന്, കരാറുകാരനിൽ നിന്നും വിശദീകരണം ലഭ്യമാക്കിയ ശേഷം തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 77/08.07.2022ന്റെ മറുപടി).

എസ്റ്റിമേറ്റിൽ Precoated Aluminium Trafford Sheet നിർദേശിച്ചിട്ടുള്ളത്, ആയതിന് കൂടുതൽ കാലം ഈട് നിൽക്കുന്നതിനുള്ള കഴിവ്,

കൂടുതൽ ചൂട് പ്രതിരോധിക്കുന്നതിനുള്ള കഴിവ് എന്നിവയുള്ളതുകൊണ്ട് കൂടിയാണ്. സ്കൂൾ കെട്ടിടത്തിൽ ഇത്തരം പ്രവൃത്തി നിർവ്വഹിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ, എസ്റ്റിമേറ്റ് പ്രകാരമുള്ള മെറ്റീരിയൽസ് ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നതെന്ന് ശരിയായരീതിൽ മേൽനോട്ടം വഹിക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്തതായി കാണുന്നില്ല. ആയതിനാലാണ് നിലവാരം കുറഞ്ഞ GI Sheet ഉപയോഗിക്കാനിടയായത്. പ്രവൃത്തിയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഗുരുതരമായ മേൽനോട്ടക്കുറവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. GI Sheet കൂടുതൽ വേഗത്തിൽ തുരുമ്പ് പിടിക്കുന്നതിന് സാധ്യതയുള്ളതിനാൽ സ്കൂൾ റൂഫിന് കൂടുതൽ മെയിൻറ്റനൻസ് ചെലവ് വരുന്നതിന് സാധ്യത ഉള്ളതാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിക്കുന്നതിന് കരാറുകാരനും, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറും തമ്മിൽ നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരൻ സ്വന്തം ചെലവിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. ഇവിടെ കരാറുകാരൻ, കരാറിനു വിരുദ്ധമായി നിലവാരം കുറഞ്ഞ മറ്റൊരു മെറ്റീരിയൽ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചതിനാൽ, ഈ പ്രവൃത്തി കരാർ വ്യവസ്ഥകളുടെ ലംഘനമാണ്. പ്രവൃത്തിയിലെ പ്രസ്തുത ഇനം കരാറുകാരൻ സ്വന്തം നിലയിൽ തന്നെ മാറ്റി എസ്റ്റിമേറ്റ് പ്രകാരവും കരാറിൽ ഏർപ്പെട്ടതുമായ Precoated Aluminium Trafford Sheet ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ അടിയന്തിരമായി കരാറിൽ ഏർപ്പെട്ടതരത്തിൽ (Precoated Aluminium Trafford Sheet ഉപയോഗിച്ച്) പ്രവൃത്തി നിർവ്വഹിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ പ്രസ്തുത പ്രവൃത്തിയിലെ ചെലവായ 6,46,955/- രൂപ ഓഡിറ്റ് തടസ്സത്തിൽ വക്കുന്നു.

കരാറിൽ പ്രതിപാദിക്കുന്ന തരത്തിൽ പ്രവൃത്തി നിർവ്വഹിക്കാത്തത് സംബന്ധിച്ച അപാകത ഓഡിറ്റ് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-73 Steel Work പ്രവൃത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് നൽകി- 1037/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ഉയർന്ന നിരക്ക് നൽകിയതു മൂലം അധിക ചെലവുണ്ടായി.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്റ്റ് നം. | 265/20-21 |
| പ്രോജക്റ്റിന്റെ പേര് | വെറ്റിനറി ആശുപത്രിയിലെ കോൺഫറൻസ് ഹാളിലെ മെയിന്റനൻസ് |
| എസ്റ്റിമേറ്റ് നം. | 2019/123273 |
| സാങ്കേതികാനുമതി നം. | 101036/19-20, 1,00,000/- |
| കോൺട്രാക്റ്റർ | മോഹനൻ. വി. |
| എം. ബുക്ക് നമ്പർ | 190/19-20 |
| ടെണ്ടർ Below/above | 0.1 % Below |
| ഫണ്ട് | സി.എഫ്.സി. ഗ്രാന്റ് |
| ബിൽ നം. | 58/16.11.2020, 85,142/- |

ടി പ്രവൃത്തിയിൽ ഷീറ്റ് ഇടുന്നതിലേക്ക് Truss നിർമ്മാണത്തിനായി 50.10.1 Specification (Observed Data- നിരക്ക് 138.14/kg) ആണ് എസ്റ്റിമേറ്റ് ക്രമ നം.1 പ്രകാരം നൽകിയിരിക്കുന്നത്. ആയതിന് എം ബുക്ക് പേജ് നം. 2, 13 എന്നിവ പ്രകാരം 76 Kg ന് 138.14/kg രൂപ നിരക്കിൽ 10,498.64/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവർത്തിക്ക് DAR 10.16.1 എന്ന നിരക്ക് (124.48/kg) എന്ന നിരക്ക് ലഭ്യമാണ്.ടി വർഷത്തെ തന്നെ വിവിധ പ്രവർത്തികളിലും DAR 10.16.1 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. ഉദാ. 215/20-21, 299/20-21 Etc

കുറഞ്ഞ നിരക്കിലുള്ള Data ലഭ്യമായിരിക്കെ ഉയർന്ന നിരക്കിലുള്ള Observed Data ഇവിടെ ഉപയോഗിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായി 6.7.2022തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 49 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ടി കാലയളവിൽ സ്ക്വയർ റ്റ്യൂബിന് മാർക്കറ്റിൽ വില വർദ്ധനവ് ഉണ്ടായതിനാലാണ് ഒബ്സർവ്ഡ് ഡേറ്റ ഉപയോഗിച്ചത് എന്നുമാണ്.എന്നാൽ പ്രസ്തുത കാലയളവിലെ മറ്റ് പ്രവർത്തികൾ എല്ലാം തന്നെ DAR 10.16.1 നിരക്കിലാണ് പ്രവർത്തി നടത്തിയിട്ടുള്ളത്.ആയതിനാൽ ടി മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ല.
ടി പ്രവർത്തിയിൽ അധികം നൽകിയ തുക ചുവടെ പറയുന്നു.

അനുവദിച്ച നിരക്ക് - 76 Kg X 138.14/kg = 10,498.64/-

അനുവദിക്കാവുന്ന നിരക്ക് - 76 Kg X 124.48/kg = 9460.48/-

അധികം നൽകിയ തുക - 1037/-(.1 % Below Of 1038)

മേൽ സാഹചര്യത്തിൽ അധികം നൽകിയ തുകയായ 1037/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.

## 1-74 ടാറിംഗ് പ്രവൃത്തിയിൽ ടാർ ബിൽ ഉൾപ്പെടുത്തിയില്ല- 8,49,055/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന ടാറിംഗ് പ്രവൃത്തിയിൽ ടാർ വാങ്ങിയതു സംബന്ധിച്ച ഒറിജിനൽ/പകർപ്പ് ബിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 230/21 |
| പേര് | കുന്നവിള – മൂഴിക്കര റോഡ് ടാറിംഗ് & സൈഡ് ബേം കോൺക്രീറ്റ് – വാർഡ് 28& 29 |
| എസ്റ്റിമേറ്റ് നമ്പർ | 2019/64243 |
| സാങ്കേതികാനുമതി നമ്പർ | 32766/19-20, 8,50,000/- |
| കരാറുകാരൻ | റിയാസ് നിസാർ |
| എം.ബുക്ക് നമ്പർ | 173/19-20 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട്(R) |
| ബിൽ നമ്പർ | 24/8.5.2020 തുക 5,68,795/-<br>48/13.8.2020 തുക 2,80,260/- |

ധനകാര്യ വകുപ്പിന്റെ GO(P) No. 96/2016/Fin Dated 15.7.2016, ചീഫ് എൻജിനീയർ LSGD യുടെ 1.9.2016 ലെ DB3/6512(B)/2013/CE/LSGD സർക്കുലർ എന്നിവയിൽ ' The Payment Towards The Cost Of Bitumen Shall Be Allowed Based On The Original Bills Only ' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ ബില്ലുകളിൽ ടാർ സംബന്ധിയായ ബില്ലുകൾ ഉൾപ്പെടുത്താത്തതിനാൽ പ്രവൃത്തിക്കായി ചെലവായ 8,49,055/- (5,68,795 + 2,80,260) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-75 ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയില്ല - 32,87,762/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് തുക |
|---|---|---|---|---|---|
| 1 | 272/20-21 | വലിയകുന്ന് ആശുപത്രിയിൽ വനിതാ ക്യാന്റീൻ- ബാക്കി പ്രവൃത്തികൾ | CFC | 13,00,000 | 5,85,398 |
| 2 | 311/20-21 | സ്കൂളുകളിലെ പൊളിഞ്ഞ ചുറ്റുമതിൽ മെയിന്റനൻസ് | CFC | 10,00,000 | 7,01,048 |
| 3 | 259/20-21 | നഗരസഭാ പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റിനായി ബൾബ്, ട്യൂബ് & പാർട്ട്സ് സ്ഥാപിക്കൽ | CFC | 8,00,000 | 4,46,848 |
| 4 | 264/20-21 | MRF സെന്ററിന് മുന്നിലെ മാലിന്യം വേർതിരിക്കുന്നതിനുള്ള ഷെഡ് നിർമ്മാണം | CFC | 4,90,000 | 3,38,920 |
| 5 | 287/20-21 | സിംഗിൾ ട്യൂബ് ലൈറ്റ് സെറ്റ് വാങ്ങൽ | CFC | 2,00,000 | 1,99,419 |
| 6 | 67/20-21 | കിഴക്കുപുറം കുന്നുംപുറം റോഡ് കുഴിയിൽ മുക്ക് എം ആർ ഐ ഇടവഴികൾ ഇന്റർലോക്കിംഗ് | MF(R) | 5,00,000 | 4,50,802 |

| | | | | | |
|---|---|---|---|---|---|
| 7 | 251/20-21 | കുന്നിൽ റോഡ് ടാറിംഗ് സൈഡ് ബേം കോൺക്രീറ്റിംഗം | MF(R) | 6,00,000 | 5,65,327 |
| | | | | ആകെ | 32,87,762 /- |

ഫയലുകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 3/05.07.2022) നൽകിയെങ്കിലും ഫയൽ ഹാജരാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ആകെ ചെലവ് തുകയായ 32,87,762 /- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-76 നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വനിതാ ക്യാന്റീൻ തുറന്ന്പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കൊല്ലമ്പുഴ പാർക്ക് കെട്ടിടത്തിനോട് ചേർന്ന് വനിതാ ക്യാന്റീൻ, അടിസ്ഥാന സൌകര്യ വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ | 270/21 |
| അടങ്കൽ | 3,50,000/- |
| ചെലവ് | 2,31,137/- |

കൊല്ലമ്പുഴ പാർക്ക് കെട്ടിടത്തിനോട് ചേർന്ന് വനിതാ ക്യാന്റീൻ, അടിസ്ഥാന സൌകര്യ വികസനത്തിനായി 231137/- രൂപ ചെലവാക്കി നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഓഡിറ്റ് ടീം 08.7.2022 ന് പ്രസ്തുത കെട്ടിടം സന്ദർശിക്കുകയുണ്ടായി. നിലവിൽ കെട്ടിടവും സമീപത്തെ പാർക്കും കാട് പിടിച്ച് പൊതുജനങ്ങൾക്ക് ഉപകാരമില്ലാത്ത രീതിയിൽ നിഷ്ക്രിയ ആസ്തിയായി കാണപ്പെട്ടു. നിർമ്മാണം പൂർത്തീകരിച്ചിട്ടും കെട്ടിടവും പാർക്കും തുറന്ന പ്രവർത്തിപ്പിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 79/08.07.2022) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ തുറന്ന പ്രവർത്തിപ്പിച്ച് ജനങ്ങൾക്ക് പ്രയോജനകരമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൻ ക്ഷണിക്കുന്നു.



വനിതാ ക്യാന്റീൻ കെട്ടിടം കാടു മൂടിയ നിലയിൽ

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

-

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇല്ല

-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ടൌൺ ഹാൾ നിർമ്മാണം | സ.ഉ(ആർ.ടി)782/2019 /തസ്വഭവ തീയതി 30.03.2019 | 10000000 | 12500000 | 783292 * | 992685 | 21716708 * |
| ഹഡ്കോ വായ്പ-PMAY | ലഭ്യമല്ല | ലഭ്യമല്ല | 11040000 | 666667 ** (സുലേഖ പ്രകാരം) | - | 10373333 |

*ലോൺരജിസ്റ്റർ പ്രകാരം Loan From Bank തൻവർഷം തിരിച്ചടവ് മുതൽ തുക 388981/- രൂപയും പലിശ 1386996/- രൂപയുമാണ്. എന്നാൽ AFS ൽ RP-13 ൽ Interest On Loan From Banks 240500100 ഹെഡിൽ 992685/- രൂപ പലിശ തിരിച്ചടവായി രേഖപ്പെടുത്തിയിരിക്കുന്നു.മുതൽ അടവ് , Loan From Bank RP-25 ൽ 330500100 ഹെഡിൽ 783292/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.പലിശ ഹെഡിൽ വരേണ്ട 394311/- രൂപ മുതലിൽ ചേർത്ത് അക്കൌണ്ട് ചെയ്തിരിക്കുന്നു. തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയിലും ഈ വ്യത്യാസം പ്രതിഫലിക്കുന്നു.

**ഹഡ്കോ വായ്പ തിരിച്ചടച്ച 666667 രൂപ Source Deduction ആയതിനാൽ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

| നമ്പർ | തുക | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി | പലിശ നിരക്ക് |
|---|---|---|---|---|
| JL 0581416 സബ് ട്രഷറി ആറ്റിങ്ങൽ | 99900 | 30.01.2021 | 30.01.2026 | 8.5% |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2005-06 | 3-9 | 2009-10 | 3-7-9 | ചേരി വികസനം - വൈദ്യുതി ലൈൻ നീട്ടൽ | 20.12.21ലെ കൌൺസിൽ തീരുമാനപ്രകാരം ഖണ്ഡിക ഒഴിവാക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8,90,03,720.45 |
| ഓഡിറ്റ് വർഷത്തെ വരവ് | 25,67,46,587.00 |
| ആകെ | 345750307.45 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 26,25,52,574.00 |
| നീക്കിയിരിപ്പ് | 8,31,97,733.45 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,08,00,110 .00 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 2,60,000 | ശ്രീ. വിശ്വനാഥൻ.എസ്., സെക്രട്ടറി |
| 1-39 | 15,69,100 | ഡോ. ജസ്റ്റിൻ ജോസ്.എസ്.ജെ., സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-44 | 14,03,809 | ശ്രീ. വിശ്വനാഥൻ.എസ്, സെക്രട്ടറി |
| 1-47 | 18,000 | ശ്രീ. സോൺസുന്ദർ, പ്രോജക്ട് ഓഫീസർ |
| 1-50 | 24,15,000 | ശ്രീ. അജയകുമാർ.ബി, ഹെൽത്ത് സൂപ്പർവൈസർ |
| 1-53 | 33,952 | ശ്രീ. അജയകുമാർ.ബി, ഹെൽത്ത് സൂപ്പർവൈസർ |
| 1-63 | 18,000 | ശ്രീ. സന്തോഷ് ശിവാനന്ദൻ, പട്ടികജാതി വികസന ഓഫീസർ |
| 1-65 | 1,30,484 | ശ്രീ. സന്തോഷ് ശിവാനന്ദൻ, പട്ടികജാതി വികസന ഓഫീസർ |
| 1-67 | 1,47,000 | ഡോ. സൈജു.എ.വി, സീനിയർ വെറ്റിനറി സർജൻ |
| 1-69 | 2,612 | ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-70 | 1,434 | ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-71 | 15,910 | ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-72 | 6,46,955 | ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-73 | 1,037 | ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-74 | 8,49,055 | ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-75 | 32,87,762 | ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1,08,00,110 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിശ്വനാഥൻ.എസ്., സെക്രട്ടറി | വിരമിച്ചു | ചരുവിളവീട്, തെറ്റിക്കുളം, മൂങ്ങോട്.പി.ഒ. വർക്കല |
| ഡോ. ജസ്റ്റിൻ ജോസ്.എസ്.ജെ., സൂപ്രണ്ട് താലൂക്ക് ആശുപത്രി | ലഭ്യമല്ല | ഏഞ്ചൽ വില്ല, TC 46/3165 കരമന.പി.ഒ. |
| ശ്രീ. സോൺസുന്ദർ, പ്രോജക്ട് ഓഫീസർ | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | എസ്.എൽ. കോട്ടേജ്, കാട്ടായിക്കോണം.പി.ഒ. |
| ശ്രീ. അജയകുമാർ.ബി., ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | അഷില ഭവൻ, ആനാട്.പി.ഒ. നെടുമങ്ങാട് |
| ശ്രീ. സന്തോഷ് ശിവാനന്ദൻ, പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | മോനിഷ് കോട്ടേജ്, പൂഴനാട്.പി.ഒ. |
| ഡോ. സൈജു.എ.വി., സീനിയർ വെറ്റിനറി സർജൻ | ലഭ്യമല്ല | ചൈത്രം, വാളക്കോട്, പാളയംകുന്ന് പി.ഒ. വർക്കല |
| ശ്രീ. ജയദാസ്.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | ലക്ഷ്മി ഭവൻ, വടശ്ശേരിക്കോണം.പി.ഒ. വർക്കല |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1976-77 | എൽ.എഫ്.റ്റി.ഡി.4/1260 (5)/86 തീയതി.20-06-1983 | - |
| 1977-78 | എൽ.എഫ്.റ്റി.ഡി.4/1064/84 തീയതി.24-04-1987 | - |
| 1979-80 | എൽ.എഫ്.റ്റി.ഡി.4/812/87 തീയതി.31-10-1987 | - |
| 1980-81 | എൽ.എഫ്.റ്റി.ഡി.4/951/84 തീയതി.02-05-1987 | - |
| 1981-82 | എൽ.എഫ്.റ്റി.ഡി.4/831/86 തീയതി.20-01-1987 | - |
| 1982-83 | എൽ.എഫ്.റ്റി.ഡി.4/1194/85 തീയതി.14-07-1986 | - |
| 1983-84 | എൽ.എഫ്.റ്റി.ഡി.4/746/89 തീയതി.30-06-1980 | - |
| 1984-85 | എൽ.എഫ്.റ്റി.ഡി.4/232/91 തീയതി.16-04-1991 | - |
| 1985-86 | എൽ.എഫ്.റ്റി.ഡി4/1627/92 തീയതി.23-02-1995 | - |
| 1986-87 | എൽ.എഫ്.റ്റി.ഡി.4/997/94 തീയതി.02-03-96/10-12-1997 | - |
| 1987-88 | എൽ.എഫ്.റ്റി.ഡി.4/997/94 തീയതി. 02-03-96/10-12-1997 | - |
| 1988-89 | എൽ.എഫ്.റ്റി.ഡി.13/95 തീയതി.10-04-96/31-12-1997 | - |
| 1989-90 | എൽ.എഫ്.റ്റി.ഡി.13/95 തീയതി.10-04-96/31-12-1997 | - |
| 1990-91 | എൽ.എഫ്.റ്റി.ഡി.4/917/96 തീയതി.03-09-97/09-09-1998 | - |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. 1203/03 തീയതി.16-03-2004 | 47 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 38 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.531/08 | 58 |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ.696/06 തീയതി.28-04-2006 | 69 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ.693/2005 തീയതി.03-05-2007 | 38 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/2006 തീയതി.21-07-08 | 25 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ.1343/2008 തീയതി.14-05-2009 | 21 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/14 തീയതി.20-10-2014 | 46 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ.331/2009 തീയതി.15-05-2009 | 26 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ.1412/09 തീയതി.29-09-12 | 16 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ.1413/09 തീയതി.03-07-12 | 22 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ.958/13 തീയതി.13-01-2014 | 14 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ.1708/14 തീയതി.14-12-14 | 19 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ.23/15 തീയതി.04-09-15 | 14 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ.1999/14 തീയതി.15-12-2014 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14 തീയതി.18-12-14 | 24 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ.1142/15 തീയതി.27-07-15 | 29 |
| 2013-14 | എൽ.എഫ്.റ്റി.ഡി.എം.എൽ.1467/14 തീയതി. 12-12-14 | 29 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1286/15 തീയതി.11-08-2016 | 14 |
| 2015-16 | കെ. എസ് .എ.റ്റി. വി.എം.എം.എൽ./52/2016 തീയതി 11.01.17 | 22 |
| 2016-17 | കെ. എസ്.എ.റ്റി. വി.എം.എം.എൽ./1933/2017 തീയതി 06.10.17 | 27 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/108/19 തീയതി 19.03.2019 | 51 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/2194/2019 തീയതി 05.02.2020 | 66 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.530/2022 തീയതി 20.05.2022 | 50 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്